# പതിനാറാം കേരള നിയമസഭ
# ഒന്നാം സമ്മേളനം

2026 ജൂൺ 29, തിങ്കൾ

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--301]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| പൊതുമരാമത്ത് വകുപ്പ് മന്ത്രി | : 887 മുതൽ 997 വരെ |
| പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി | : 998 മുതൽ 1067 വരെ |
| റവന്യൂ വകുപ്പ് മന്ത്രി | : 1068 മുതൽ 1127 വരെ |
| വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി | : 1128 മുതൽ 1187 വരെ |

### കുന്നമംഗലം അങ്ങാടിയിൽ ബദൽ റോഡ് നിർമ്മിക്കുന്നതിന് നടപടി

887 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്നമംഗലം അങ്ങാടിയിൽ അനുഭവപ്പെടുന്ന ശക്തമായ ഗതാഗത കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് തീരദേശ റോഡ് /ബദൽ റോഡ് നിർമ്മിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

### നരിക്കുനി ബൈപ്പാസ് പദ്ധതി

888 **ശ്രീ. പി. കെ. ഫിറോസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി മണ്ഡലത്തിലെ നരിക്കുനി ബൈപ്പാസ് നിർമ്മാണം (ഒന്നാം ഘട്ടം) എന്ന പ്രവൃത്തിയുടെ സ്ഥലം ഏറ്റെടുപ്പിനും നിർമ്മാണത്തിനുമായി സമർപ്പിച്ച എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പ്രപ്പോസലിന്റെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ?

**പരപ്പൻപൊയിൽ - കാരക്കുന്നത്ത് റോഡ് നിർമ്മാണം**

889 **ശ്രീ. പി. കെ. ഫിറോസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിൽ കേരള റോഡ് ഫണ്ട് ബോർഡ് (കെ ആർ എഫ് ബി) പ്രവൃത്തി നിർവഹണം നടത്തുന്ന പരപ്പൻപൊയിൽ-കാരക്കുന്നത്ത് റോഡ് നിർമ്മാണത്തിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി ത്വരിതപ്പെടുത്തുന്നതിന് വകുപ്പ് തല യോഗം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിച്ച തീയതിയും പൂർത്തീകരണ കാലയളവും വ്യക്തമാക്കാമോ;

(ഡി) നിർമ്മാണത്തിലിരിക്കുന്ന പത്ത് കിലോമീറ്റർ ദൂരം വരുന്ന പ്രസ്തുത റോഡിൽ കുഴികളിലും വരമ്പുകളിലും മഴവെള്ളവും ചെളിയും കെട്ടിനിൽക്കുന്നത് മൂലം സംഭവിക്കാവുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

**തൊടുപുഴ നെല്ലാപ്പാറ ഭാഗത്തെ റോഡിലെ അപകടം ഒഴിവാക്കാനുള്ള മുൻകരുതൽ**

890 **ശ്രീ. അപു ജോൺ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. നിർമ്മിച്ച തൊടുപുഴ-പാലാ റോഡിൽ നെല്ലാപ്പാറ ഭാഗത്ത് റോഡിന്റെ ദുരവസ്ഥ കാരണം വാഹനങ്ങൾ സ്ഥിരമായി അപകടത്തിൽപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അപകടങ്ങൾ ഒഴിവാക്കാൻ വകുപ്പ് എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**തേവര എലിവേറ്റഡ് ഹൈവേ നിർമ്മാണം**

891 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലയളവിൽ ധനകാര്യ മന്ത്രിയുടെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രവൃത്തിയായ തേവരയിലെ പണ്ഡിറ്റ് കറുപ്പൻ റോഡിന് സമാന്തരമായി എലിവേറ്റഡ് ഹൈവേ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകാമോ?

**<u>ആലപ്പുഴ ചങ്ങനാശ്ശേരി റോഡ്</u>**

892 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ സർക്കാരിൻെറ കാലത്ത് ആലപ്പുഴ ചങ്ങനാശ്ശേരി റോഡ് വികസിപ്പിക്കുന്നതിനായി 1000 കോടി രൂപ അനുവദിക്കുകയും തുടർന്ന് 2021 -ലെ സർക്കാരിൻെറ കാലത്ത് തുക വെട്ടിക്കുറച്ച് റോഡ് നിർമ്മിക്കുകയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) വെള്ളപ്പൊക്കം കാരണം റോഡ് മുങ്ങാതിരിക്കാൻ വേണ്ടി നടത്തിയ പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്കുശേഷവും റോഡിൽ വെള്ളം കേറുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത റോഡ് നിർമ്മാണം ലക്ഷ്യം കാണാത്തതിൽ വകുപ്പുതല അന്വേഷണമോ വിജിലൻസ് അന്വേഷണമോ നടത്തുമോ എന്ന് വ്യക്തമാക്കാമോ?

**<u>കാട്ടാക്കട നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ</u>**

893 **ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2026-2027 സാമ്പത്തിക വർഷം വരെയുള്ള ഓരോ ബജറ്റുകളിലും ഇരുപത് ശതമാനം തുക വകയിരുത്തി ബജറ്റുകളിൽ ഉൾപ്പെട്ട കാട്ടാക്കട നിയോജക മണ്ഡലത്തിലെ പെതുമരാമത്ത് വകുപ്പിന്റെ പ്രവ്യത്തികളിൽ ഭരണാനുമതി ലഭിച്ച ഉത്തരവുകളുടെ നമ്പറും തീയതിയും തുകയും നിലവിലെ അവസ്ഥയും ഇരുപത് ശതമാനം തുക അനുവദിച്ചിട്ടും ഭരണാനുമതി നൽകാത്ത പ്രവൃത്തികളുടെ പേരും തുകയും പട്ടിക തിരിച്ച് നൽകാമോ?

**<u>കുന്നത്തുനാട് നിയോജകമണ്ഡത്തിലെ പ്രവൃത്തികളുടെ പട്ടിക</u>**

894 **ശ്രീ. വി. പി. സജീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ 2016-17 മുതൽ 2026-27 സാമ്പത്തിക വർഷം വരെ ഓരോ ബജറ്റുകളിലും 20% തുക വകയിരുത്തി ബജറ്റിൽ ഉൾപ്പെട്ട പ്രവൃത്തികളിൽ പെതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭിച്ചവയുടെ ഉത്തരവുകളുടെ നമ്പറും തീയതിയും തുകയും നിലവിലെ അവസ്ഥയും 20% തുക അനുവദിച്ചിട്ടും ഭരണാനുമതി നൽകാത്ത പ്രവൃത്തികളുടെ പേരും തുകയും പട്ടിക തിരിച്ച് നൽകാമോ?

**<u>ഒരാടം പാലം-മാനത്തുമംഗലം ബൈപ്പാസ് നിർമ്മാണം</u>**

895 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ ഒരാടം പാലം-മാനത്തുമംഗലം ബൈപ്പാസ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിനുള്ള പി&ഇ ചാർജ്ജിൽ അധികമായി അടയ്ക്കണമെന്ന് റെയിൽവേ ആവശ്യപ്പെട്ട തുക അടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസമുണ്ടായതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ബൈപ്പാസിന്റെ നിർമ്മാണത്തിന്റെ ഭാഗമായുള്ള റെയിൽവേ സ്പാനിന്റെ ഡിസൈൻ ഡ്രോയിംഗ്സ്, അംഗീകരിച്ച അലൈൻമെന്റ്, സോയിൽ ഇൻവസ്റ്റിഗേഷൻ റിപ്പോർട്ട് എന്നിവ അടങ്ങിയ വിശദാംശങ്ങൾ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർ,എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;എങ്കിൽ ആയത് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസമുണ്ടായതിന്റെ കാരണമെന്താണ് ; പ്രസ്തുത വിശദാംശങ്ങൾ അടിയന്തരമായി ലഭ്യമാക്കി പ്രവൃത്തി ആരംഭിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രവൃത്തി നടപ്പിലാക്കുന്നത് ത്വരിതപ്പെടുത്തുവാൻ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; ദീർഘകാലമായി കാര്യമായ പുരോഗതി കൈവരിക്കാത്ത പ്രസ്തുത പ്രവൃത്തി

സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**ഓരോടം പാലം-വെലോങ്ങര ബൈപ്പാസ് നിർമ്മാണം**

896 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ ഓരോടം പാലം-വെലോങ്ങര ബൈപ്പാസ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(സി) ബൈപ്പാസ് നിർമ്മാണം സമയപരിധി നിശ്ചയിച്ച് പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**മയ്യിൽ-കൊളോളം -ചാലോട് എയർപോർട്ട് ലിങ്ക് റോഡ് നിർമ്മാണം**

897 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ ചൊറുക്കള ബാവുപ്പറമ്പിൽ നിന്നാരംഭിച്ച് മയ്യിൽ-കൊളോളം -ചാലോട് എയർപോർട്ട് ലിങ്ക് റോഡിന് ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭ്യമായിട്ടുണ്ടോ;എങ്കിൽ അടങ്കൽ തുക എത്രയാണ് ;

(ബി) പ്രസ്തുത റോഡ് നിർമാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായിട്ടുണ്ടോ;എങ്കിൽ ഭൂഉടമകൾക്ക് നഷ്ടപരിഹാരത്തുക മുഴുവനായും വിതരണം ചെയ്തിട്ടുണ്ടോ ;

(സി) പ്രവൃത്തി ഉദ്ഘാടനം നടന്ന പ്രസ്തുത റോഡിന്റെ നിർമാണം ഏറ്റെടുത്ത കോൺട്രാക്റ്റിങ് ഏജൻസി ഏതാണെന്നും പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ ?

**ഇ ടി സി - പൂമംഗലം - മഴൂർ -പടപ്പേങ്ങാട് -മടക്കാട് റോഡിന്റെ നിർമ്മാണം**

898 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് മണ്ഡലത്തിൽ പ്രവൃത്തി ആരംഭിച്ച ഇ ടി സി -പൂമംഗലം - മഴൂർ -പടപ്പേങ്ങാട് -മടക്കാട് റോഡിന്റെ നിർമ്മാണം എത്ര ശതമാനം പൂർത്തിയായിട്ടുണ്ട്;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

## <u>കൈനക്കരി മുണ്ടക്കൽ പാലം അപ്രോച്ച് റോഡ്</u>

899 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജകമണ്ഡലത്തിലെ കൈനകരി മുണ്ടക്കൽ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പ്രവൃത്തി 10 വർഷത്തിലധികമായി നിശ്ചലാവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) തീർത്ഥാടന കേന്ദ്രമായ കൈനകരി ചാവറ ഭവനിലേക്കുള്ള റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>മാനന്തവാടി നിയോജക മണ്ഡലത്തിലെ റോഡ് നിർമ്മാണ പ്രവൃത്തികൾ</u>

900 **ശ്രീമതി ഉഷ വിജയൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2025-26 സാമ്പത്തിക വർഷം വരെ മാനന്തവാടി നിയോജക മണ്ഡലത്തിൽ റോഡ് നിർമ്മാണം, മെയിന്റനൻസ് എന്നീ പ്രവൃത്തികൾക്കായി അനുവദിച്ച ഫണ്ട് എത്രയാണെന്നും ഓരോ പ്രവൃത്തിയുടെ പേരും അതിന് ഒരോന്നിനും അനുവദിച്ച തുകയും എത്രയെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ഇനം തിരിച്ച് വിശദമാക്കാമോ?

## <u>കുളത്തൂർ- കോലത്തുകര റോഡ് നിർമ്മാണം</u>

901 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം മണ്ഡലത്തിലെ കോലത്തുകര മഹാദേവ ക്ഷേത്രത്തിലേക്ക് ഭക്തജനങ്ങൾക്ക് കുളത്തൂരിൽ നിന്നും എത്തിച്ചേരാനുള്ള റോഡ് സൗകര്യം പരിമിതമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) കുളത്തൂർ - കോലത്തുകര ക്ഷേത്ര റോഡ് പുനർനിർമ്മിക്കാനുള്ള പദ്ധതി നിലവിലുണ്ടോ;എങ്കിൽ വിശദമാക്കാമോ?

## പട്ടാമ്പി മണ്ഡലത്തിലെ പ്രവൃത്തികൾ

902 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ പെതുമരാമത്ത് വകുപ്പ് മുഖേനെ ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ഇനിയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തവ ഏതൊക്കെയാണെന്നും കാലതാമസത്തിനുള്ള കാരണം എന്താണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## നാട്ടുകാണി - പരപ്പനങ്ങാടി റോഡ് നിർമ്മാണം

903 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിസ്ട്രിക്റ്റ് ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തി ആരംഭിച്ച നാട്ടുകാണി - പരപ്പനങ്ങാടി റോഡ് കഴിഞ്ഞ 10 വർഷമായി നിർമ്മാണം പൂർത്തീകരിക്കാത്ത നിലയിൽ ആയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അന്തർസംസ്ഥാന പാതയുടെ ഏറ്റവും തിരക്കേറിയ വഴിക്കടവ് മുതൽ മുണ്ടേരി വരെയുള്ള ഭാഗത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

## തദ്ദേശസ്വയംഭരണവകുപ്പിന്റെ ആസ്തിയിൽപ്പെട്ട റോഡുകൾ ഏറ്റെടുക്കുന്ന പദ്ധതി

904 **ശ്രീ. വിഷ്ണു മോഹൻ**
**ശ്രീ. വി. കുഞ്ഞികൃഷ്ണൻ**

**ശ്രീ. ഉല്ലാസ് കോവൂർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണവകുപ്പിന്റെ ആസ്തിയിൽപ്പെട്ട റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന പദ്ധതി അവസാനമായി നടപ്പാക്കിയത് എന്നാണെന്നും ഇപ്രകാരം റോഡുകൾ ഏറ്റെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ സംബന്ധിച്ചും വിശദമാക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ ആസ്തിയിലേക്ക് കൂടുതൽ തദ്ദേശ റോഡുകൾ ഏറ്റെടുത്ത് അറ്റകുറ്റപ്പണി നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിനുള്ള അർഹത മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ദേശീയ പാതകളെയും സംസ്ഥാന പാതകളെയും പ്രധാന ജില്ലാ റോഡുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന ലിങ്ക് റോഡുകളായി പൊതുജനം ഉപയോഗിക്കുന്ന തദ്ദേശ റോഡുകൾ വകുപ്പ് ഏറ്റെടുക്കുന്നതിന് പ്രത്യേക കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദീകരിക്കാമോ?

## <u>പുനലൂർ മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റെ പ്രവൃത്തികൾ.</u>

905 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് (നിരത്തുകളും പാലങ്ങളും) വിഭാഗത്തിന്റെ നിർവ്വഹണ ചുമതലയിൽ പ്ലാൻ ഫണ്ട് വിനിയോഗിച്ച് ഏതെല്ലാം നിരത്തുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെന്നും ഓരോന്നിന്റെയും അടങ്കൽ തുക എത്രയെന്നും നിലവിലെ സ്ഥിതി എന്തെന്നും അറിയിക്കാമോ;

(ബി) പ്ലാൻ ഫണ്ട് വിനിയോഗിച്ച് പുനരുദ്ധാരണ പ്രവൃത്തികൾ നടത്താൻ ഭരണാനുമതി ലഭിച്ച റോഡുകളിൽ ഏതെങ്കിലും റോഡിന്റെ പ്രവൃത്തി ഇനിയും ആരംഭിക്കാനുണ്ടെങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതിയും അടങ്കൽ തുകയും വ്യക്തമാക്കാമോ;

(സി) 2021 - 22 , 2022 - 23 , 2023 - 24 , 2024 - 25 , 2025 - 26 , 2026 - 27 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബജറ്റുകളിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ നിരത്ത് പുനരുദ്ധാരണ പ്രവൃത്തികളിൽ ഇനിയും ഭരണാനുമതി ലഭിക്കേണ്ട പ്രവൃത്തികൾ ഏതെല്ലാമെന്നും

പൂർത്തിയാകാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നും അവയോരോന്നിന്റേയും നിലവിലെ സ്ഥിതി എന്തെന്നും അടങ്കൽ തുക എത്രയെന്നും അറിയിക്കാമോ;

(ഡി) പുനലൂർ മണ്ഡലത്തിൽ നിലവിൽ നാഷണൽ ഹൈവേ വിഭാഗം, കെ .എസ് .ടി .പി (കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് ഡിവിഷൻ), കെ .ആർ .എഫ് .ബി (കേരള റോഡ് ഫണ്ട് ബോർഡ്), ആർ. ബി. ഡി .സി .കെ (റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള) എന്നീ സ്ഥാപനങ്ങളുടെ നിർവ്വഹണ ചുമതലയിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതോ ഇനി ആരംഭിക്കാനുള്ളതോ ആയ റോഡുകളുടെയോ പാലങ്ങളുടെയോ നിർമ്മാണ പ്രവർത്തനങ്ങൾ ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ഇ) പുനലൂർ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ചോ മറ്റ് ഫണ്ടുകൾ വിനിയോഗിച്ചോ ഏതെങ്കിലും പാലങ്ങളുടെയോ നിരത്തുകളുടെയോ നിർമ്മാണം നടന്നുവരുന്നുണ്ടോയെന്നും കിഫ്ബിയിൽ നിന്നോ സർക്കാരിൽ നിന്നോ ഭരണാനുമതി ലഭിക്കാനുള്ളതോ, ഭരണാനുമതി ലഭിച്ചെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതോ ആയ പാലം നിർമ്മാണ പ്രോജെക്റ്റുകളും റോഡ് നിർമ്മാണ പ്രവൃത്തികളും ഉണ്ടെങ്കിൽ അവ ഓരോന്നിന്റെയും അടങ്കൽ തുക എത്രയെന്നും നിലവിലെ സ്ഥിതി എന്തെന്നും നിർവ്വഹണ ചുമതല ആർക്കെന്നും വ്യക്തമാക്കാമോ?

## <u>കുറ്റ്യാടി മണ്ഡലത്തിലെ റോഡ് നിർമ്മാണ പ്രവർത്തികൾ</u>

906 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗത്തിനു കീഴിൽ നടന്നുവരുന്ന റോഡ് നിർമ്മാണ പ്രവൃത്തികൾ ഏതൊക്കെയാണ്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പേര്, എസ്റ്റിമേറ്റ് തുക, നിലവിൽ ഏതു ഘട്ടത്തിലാണ് എന്നിവ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാവും; വ്യക്തമാക്കാമോ?

## <u>വളാഞ്ചേരി റിംഗ് റോഡ് നിർമ്മാണം</u>

907 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി റിംഗ് റോഡ് നിർമ്മാണ പ്രവൃത്തിക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ അലൈൻമെന്റ് പ്രകാരമുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്നും പ്രവൃത്തിക്ക് കിഫ്ബിയുടെ ധനാനുമതി ലഭ്യമായിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ ശേഷിക്കുന്നുണ്ടെന്നും പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

**<u>പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡ് നിർമ്മാണം</u>**

908 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡിന്റെ മൂന്നാം ഘട്ട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഐ.ആർ.സി. മാനദണ്ഡ പ്രകാരമുള്ള പുതിയ അലൈൻമെന്റിന് അംഗീകാരം ലഭ്യമായിട്ടുണ്ടോ; പ്രവൃത്തിയ്ക്ക് ആവശ്യമായി വരുന്ന സ്ഥലം ഏറ്റെടുത്ത് നഷ്ടപരിഹാര തുക നൽകുന്നത് ഉൾപ്പെടെയുള്ള പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായി വരുന്ന തുകയ്ക്കുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>പെരുമ്പാവൂർ മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം</u>**

909 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ മണ്ഡലത്തിലെ വിവിധ പി.ഡബ്ല്യു.ഡി. റോഡുകൾ ബി.എം & ബി.സി. നിലവാരത്തിൽ ടാർ ചെയ്തിട്ടുള്ളതാണെങ്കിലും കാലപ്പഴക്കത്തിൽ ഈ റോഡുകൾ തകർന്ന അവസ്ഥയിലാണെന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ റോഡുകൾ യഥാസമയങ്ങളിൽ ലേ ഓവർ ചെയ്യുന്നതിന് ആവശ്യമായ പ്രത്യേക ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പെരുമ്പാവൂർ, അങ്കമാലി നിയോജക മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന നിലവിലുള്ള പാലത്തിൽ അറ്റകുറ്റപ്പണികൾ നടത്തണമെന്നുണ്ടെങ്കിൽ സമാന്തര പാലത്തിലൂടെ വാഹനങ്ങൾ കടത്തി വിട്ടാൽ മാത്രമേ സാധിക്കുള്ളൂവെന്നതിനാൽ പെരിയാറിന് കുറുകെയുള്ള കാലടി സമാന്തര പാലത്തിന്റെ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**<u>കണ്ണന്നൂർ - മണപ്പാടം റോഡ് നവീകരണം</u>**

910 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കണ്ണന്നൂർ-മണപ്പാടം റോഡ് നവീകരണ പ്രവൃത്തി എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**<u>കഴനി–പഴമ്പാലക്കോട് റോഡ് പുനർനിർമ്മാണം</u>**

911 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴനി–പഴമ്പാലക്കോട് റോഡ് പുനർനിർമാണത്തിന്റെ രണ്ടാം ഘട്ടമായ 5 കിലോമീറ്റർ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും; വ്യക്തമാക്കാമോ?

**<u>തൃശ്ശൂർ-കുന്നംകുളം-കോഴിക്കോട് ഹൈവേയിലെ കേച്ചേരി ജംഗ്ഷൻ വികസനം</u>**

912 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗതക്കുരുക്ക് നിത്യസംഭവമായ തൃശ്ശൂർ-കുന്നംകുളം-കോഴിക്കോട് ഹൈവേയിലെ കേച്ചേരി ജംഗ്ഷൻ വികസിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

**<u>എറവ് - വാടാനപ്പിള്ളി റോഡ് വീതി കൂട്ടുന്നതിന് നടപടി</u>**

913 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പിള്ളി റോഡ് എറവ് വരെ പൂർത്തീകരിച്ച സാഹചര്യത്തിൽ തുടർന്നുള്ള എറവ് - വാടാനപ്പിള്ളി റോഡ് വീതി കൂട്ടി പണിയുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## മാവേലിക്കര മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

914 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് റോഡ് വിഭാഗം മുഖേന ചെയ്യുന്നതിന് 2021-22, 2022-23, 2023-24, 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിൽ ബജറ്റിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരങ്ങൾ - തുകയും തൽസ്ഥിതിയും ഉൾപ്പെടെ ലഭ്യമാക്കുമോ;

(ബി) മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന ചെയ്യുന്നതിന് 2021-22, 2022-23, 2023-24, 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിൽ ബജറ്റിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരങ്ങൾ - തുകയും തൽസ്ഥിതിയും ഉൾപ്പെടെ ലഭ്യമാക്കുമോ?

## നെല്ലിയാമ്പതി റോഡ് വികസന പദ്ധതി

915 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന നെല്ലിയാമ്പതി റോഡ് വികസന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ആറ്റിങ്ങൽ ദേശീയപാതയിലെ റീ ടാറിംഗ്

916 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ദേശീയപാതയിൽ മാമം മുതൽ കല്ലമ്പലം വരെയുള്ള ഭാഗത്ത് റീ ടാറിംഗ് നടത്തിയതിന്റെ ഭാഗമായി പ്രതലത്തിന്റെ ഉയരം വർദ്ധിക്കുകയും ഇരുചക്രവാഹനങ്ങൾ അടക്കമുള്ള പല വാഹനങ്ങളും വശങ്ങളിലേക്ക് തെന്നി വീഴുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി എന്തെല്ലാം പരിഹാര നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ആറ്റിങ്ങൽ ടി.ബി. ജംഗ്ഷൻ മുതൽ കച്ചേരി ജംഗ്ഷൻ വരെ കേബിളുകളും - പൈപ്പ് ലൈനുകളും കടന്നു പോകുന്ന സ്ഥലം വെട്ടിക്കുഴിക്കുന്നതിലെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി ഇന്റർലോക്ക് പാകി നാലുവരി ഗതാഗതത്തിനായി ഉപയോഗിച്ചിരുന്ന സ്ഥലമൊഴിവാക്കി ടാർ ചെയ്തതിനെ തുടർന്ന് വലിയ ഗതാഗത തടസ്സം ഉണ്ടാകുന്ന കാര്യം പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) റീ ടാറിംഗിനെ തുടർന്ന് പ്രതലം ഉയർന്നതിനാൽ ഡിവൈഡറുകളിലൂടെയും സമീപത്തെ ഫുട്പാത്തിലൂടെയും വാഹനങ്ങൾ സഞ്ചരിക്കുകയും ഇത് അപകടത്തിനിടയാക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ചിട്ടുള്ള പരിഹാര നടപടികൾ വ്യക്തമാക്കുമോ?

## <u>റോഡുകളുടെ ശോചനീയാവസ്ഥ</u>

917 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. നീലകണ്ഠൻ**
**ശ്രീ. സന്ദീപ് വാര്യർ**
**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരങ്ങളിലെ റോഡുകളുടെ ഗണ്യമായ ഭാഗം ശോചനീയാവസ്ഥയിൽ ആയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണ രീതിയിലെ അപാകതയും മഴക്കാലത്തെ റോഡ് നിർമ്മാണവും ഇതിന് എത്രമാത്രം കാരണമാകുന്നു എന്ന്

പരിശോധിച്ചിട്ടുണ്ടോ; ഇപ്രകാരം ഉണ്ടാകുന്ന നഷ്ടം അതിന് കാരണക്കാരാകുന്നവരിൽ നിന്ന് ഈടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;വ്യക്തമാക്കുമോ ;

(സി) ഗുണഭോക്താക്കളിൽ നിന്നും പണം ഈടാക്കിയിട്ടും, പൈപ്പ് ലൈനും കേബിളും ഇടാൻ വേണ്ടി വെട്ടിപ്പൊളിക്കുന്ന റോഡുകൾ പൂർവസ്ഥിതിയിൽ ആക്കാതിരിക്കുന്നതാണ് റോഡുകളുടെ, പ്രത്യേകിച്ച് നഗരപ്രദേശങ്ങളിലുള്ളവയുടെ ശോചനീയാവസ്ഥയ്ക്ക് പ്രധാന കാരണമെന്നിരിക്കെ ഇതിനെതിരെ നടപടികൾ സ്വീകരിക്കുമോ;വിശദമാക്കാമോ?

**<u>വാഴക്കോട്-ചെറുതുരുത്തി പി .ഡബ്ല്യൂ.ഡി. റോഡ്</u>**

918 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ പി.ഡബ്ല്യൂ.ഡി. ഡിവിഷൻ വടക്കാഞ്ചേരി സബ്ഡിവിഷൻ ചേലക്കര സെക്ഷൻ പരിധിയിൽ വരുന്ന കൊടുങ്ങല്ലൂർ-ഷോർണ്ണൂർ (എസ് എച്ച് 22)റോഡിലെ ചേലക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കി.മി. 63/605 മുതൽ 70/600 വരെയുള്ള വാഴക്കോട്-ചെറുതുരുത്തി ഭാഗം പി.ഡബ്ല്യൂ.ഡി. റോഡ് എന്നാണ് അവസാനമായി ഉപരിതലം പുതുക്കിപ്പണി നടത്തിയിട്ടുള്ളത്;

(ബി) ചെറുതുരുത്തി ഭാഗത്തുനിന്നും വാഴക്കോട്-തൃശ്ശൂർ ഭാഗത്തേക്ക് പോകുന്ന ഈ റോഡിന്റെ ഇടതുഭാഗത്തെ ഉപരിതലം ഭാരമേറിയ ടോറസ് പോലുള്ള വാഹനങ്ങൾ നിരന്തരം കടന്നു പോകുന്നതുമൂലം തകർന്നിരിക്കുകയാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വർദ്ധിച്ച ഗതാഗത തിരക്കുള്ള ഈ റോഡ് പുതുക്കിപ്പണിയുന്നതിന് 6.5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചതിന്മേൽ തുടർനടപടി സ്വീകരിച്ച് ഭരണാനുമതി നൽകുന്നതിന് മുൻഗണനയുള്ള പരിഗണന നൽകുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

**<u>പൊതുനിരത്തുകൾ ജനസൗഹൃദമാക്കാൻ നടപടി</u>**

919 **ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. കല്ലട മാഹിൻ**
**ശ്രീ. സി. കെ. കാസിം**

**ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു നിരത്തുകളോട് ചേർന്നുള്ള കാനകളിൽ നിർബന്ധമായും മൂടി വേണമെന്നത് കാൽനടക്കാരുടെ അവകാശമാണെന്ന് കരുതുന്നുണ്ടോ;വ്യക്തമാക്കുമോ;

(ബി) മൂടിയില്ലാത്ത കാനകളും പൊട്ടിത്തകർന്ന മൂടികളും അപകടങ്ങൾ വരുത്തിവെയ്ക്കുന്നതായിട്ടുള്ള റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;എങ്കിൽ വിശദമാക്കുമോ;

(സി) പൊതുനിരത്തുകൾ അപകടരഹിതവും ജനസൗഹൃദവുമായിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>പാറശ്ശാല നിയോജകമണ്ഡലത്തിലെ നിർമ്മാണപ്രവർത്തനങ്ങൾ</u>**

920 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ കുടുവീട്ടുകടവ് പാലം, ആയയിൽ മുള്ളറവിള പാലം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നാളിതുവരെയായിട്ടും ആരംഭിക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; പ്രസ്തുത പാലങ്ങളുടെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(ബി) എഫ്.ഡി.ആർ. സാങ്കേതികവിദ്യ വിനിയോഗിച്ച് നവീകരിക്കുന്ന കീഴാറൂർ - പശുവണ്ണറ റോഡ്, ചൂണ്ടിക്കൽ - ശൂരവക്കാണി റോഡ് എന്നിവയുടെ നിലവിലെ ഭൗതിക - സാമ്പത്തിക നിർമ്മാണ പുരോഗതി എത്രത്തോളമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡുകളുടെ നവീകരണത്തിനായി അംഗീകരിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ പ്രവൃത്തികളും നിലവിൽ പൂർണ്ണമായി നിർവ്വഹിച്ചിട്ടുണ്ടോ; ഏതെങ്കിലും പ്രവൃത്തികൾ ഒഴിവാക്കിയിട്ടുണ്ടോ എന്നിവ വിശദമാക്കാമോ;

(ഡി) ഈ റോഡുകളിൽ ഉൾപ്പെട്ട കൾവർട്ടുകൾ, ഓവുചാലുകൾ, പാർശ്വഭിത്തികൾ എന്നിവയുടെ നിർമ്മാണം അനാവശ്യമായി വൈകിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത

നിർമ്മാണങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ചൂണ്ടിക്കൽ - ശൂരവക്കാണി റോഡിന്റെ ഭാഗമായുള്ള മരപ്പാലത്തിന്റെ പുനർനിർമ്മാണം എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; ഇതിനായി ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## പാറശ്ശാല നിയോജക മണ്ഡലത്തിലെ വിവിധ പ്രവൃത്തികൾ

921 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജക മണ്ഡലത്തിൽ 2021 മെയ് മുതൽ ഇതുവരെ പൊതുമരാമത്ത് വകുപ്പ് (റോഡുകൾ, പാലങ്ങൾ, കെട്ടിട വിഭാഗങ്ങൾ) മുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ച വിവിധ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഓരോന്നിനും അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ;

(ബി) മേൽപ്പറഞ്ഞ പ്രവൃത്തികളിൽ നിലവിൽ നിർമ്മാണം പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്നും അതിനായി യഥാർത്ഥത്തിൽ ചെലവഴിച്ച തുക എത്രയെന്നും പ്രവൃത്തി തിരിച്ച് വ്യക്തമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ചവയിൽ നിലവിൽ നിർമ്മാണം പുരോഗമിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ നിലവിലെ ഭൗതിക-സാമ്പത്തിക പുരോഗതിയും പ്രവൃത്തികൾ പൂർത്തീകരിക്കാൻ നിശ്ചയിച്ചിട്ടുള്ള സമയപരിധിയും ലഭ്യമാക്കുമോ;

(ഡി) ഭരണാനുമതി ലഭിച്ചിട്ടും ഇതുവരെ നിർമ്മാണം ആരംഭിക്കാത്ത പ്രവൃത്തികൾ ഉണ്ടോ; ഉണ്ടെങ്കിൽ അവ ആരംഭിക്കാത്തതിന്റെ കാരണങ്ങളും പ്രസ്തുത തടസ്സങ്ങൾ നീക്കി നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്നും പ്രവൃത്തി തിരിച്ച് വിശദമാക്കാമോ?

## സി.ആർ.ഐ.എഫ്. പദ്ധതിയിൽ ഉൾപ്പെട്ട റോഡ് പ്രവൃത്തി

922 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ആർ.ഐ.എഫ്. പദ്ധതിയിൽ ഉൾപ്പെട്ട അമ്പലപ്പടി - പുറ്റേക്കാട് - മൂന്നിലാംപാടം - പുല്ലിക്കടവ് - പെരുമുഖം - കല്ലംപാറ - വടക്കുംമ്പാട് - മുരുകല്ലിങ്ങൽ - വട്ടപ്പറമ്പ് - കടലുണ്ടിക്കടവ് റോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ

923 **ശ്രീ. നജീബ് കാന്തപുരം**

**ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകൾ ഘട്ടം ഘട്ടമായി ബി.എം & ബി.സി റോഡുകളായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ വിവിധ നിർമ്മാണങ്ങളിൽ പൈതൃക സംരക്ഷണത്തിനും പരിസ്ഥിതി സൗഹൃദത്തിനും മുൻഗണന നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തെ ബൈപാസുകളെ നാലുവരി പാതയായി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ?

## മലയോര ഹൈവേ നിർമ്മാണം

924 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട നിർദ്ദിഷ്ട മലയോര ഹൈവേയിലെ വിലങ്ങന്നൂർ മുതൽ വെള്ളിക്കുളങ്ങര വരെയുള്ള ഭാഗത്തിന്റെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണം ഉടൻ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## ആലത്തൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

925 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മെയിൻ റോഡിലെ മീന സ്റ്റുഡിയോ ജംഗ്ഷനിൽ നിന്നും ആരംഭിച്ച് സ്വാതി ജംഗ്ഷൻ, ഗാന്ധി ജംഗ്ഷൻ-പെരുംകുളം വഴി

തെക്കുമുറി ജംഗ്ഷനിലെ തൃപ്പാളൂർ ചിറ്റിലംഞ്ചേരിയിൽ പി.ഡബ്ല്യൂ.ഡി. മെയിൻ റോഡിൽ എത്തിച്ചേരുന്ന ആലത്തൂർ കോർട്ട് റോഡ്, പി.ഡബ്ല്യൂ.ഡി. ഏറ്റെടുക്കുന്ന പ്രൊപ്പോസൽ നിലവിൽ പരിഗണയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ആലത്തൂർ നിയോജക മണ്ഡലത്തിൽ നിലവിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടന്നുവരുന്ന പ്രവർത്തികൾ ഏതെല്ലാം; അതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) മണ്ഡലത്തിലെ വിവിധ പ്രവർത്തികളുടെ ഭരണാനുമതിയ്ക്കായി പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ ഓഫീസിലേക്കും സർക്കാരിലേക്കും സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**കല്ല്യാശ്ശേരി മണ്ഡലത്തിലൂടെ കടന്നു പോകുന്ന തീരദേശ ഹൈവേ**

926 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലൂടെ എത്ര കിലോമീറ്റർ നീളത്തിലാണ് തീരദേശ ഹൈവേ വിഭാവനം ചെയ്തിട്ടുള്ളത് ;

(ബി) മണ്ഡലത്തിൽ തീരദേശ ഹൈവേ കടന്നുപോകുന്നതായി നിർണ്ണയിച്ചിട്ടുള്ള സ്ഥലങ്ങളിൽ അലൈൻമെന്റ് നടപടികൾ പൂർത്തീകരിച്ച് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവർത്തി പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**ഒല്ലൂർ നിയോജകമണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ**

927 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡ്, കെട്ടിടം, പാലം, കെ.ആർ.എഫ്.ബി എന്നീ വിഭാഗങ്ങൾ മുഖേന നടപ്പാക്കി വരുന്ന വിവിധ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

**പുതുക്കാട് - മുപ്ലിയം - കോടാലി റോഡിന്റെ നിർമ്മാണം**

928 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിനായി അനുമതി ലഭിച്ച പുതുക്കാട് - മുപ്ലിയം - കോടാലി റോഡിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച പ്രസ്തുത പ്രവൃത്തി, എഗ്രിമെന്റ് അടക്കമുള്ള നടപടികൾ പൂർത്തീകരിച്ച് നിർമ്മാണം ഉടൻ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## ഒറ്റപ്പാലം-ചെർപ്പുളശ്ശേരി റോഡ്

929 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട നിലവിൽ പാതി വഴിയിലായ ഒറ്റപ്പാലം മണ്ഡലത്തിലെ ഒറ്റപ്പാലം-ചെർപ്പുളശ്ശേരി റോഡ് പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## പുതുപ്പള്ളിയിലെ റോഡുകൾ

930 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുപ്പള്ളി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ആസ്തിയിൽ ഉൾപ്പെട്ട എത്ര റോഡുകൾ ഉണ്ടെന്നും അവ ഓരോന്നിന്റെയും പേരും ദൈർഘ്യവും അറിയിക്കാമോ;

(ബി) പുതുതായി ഏതെങ്കിലും റോഡുകൾ പൊതുമരാമത്ത് വകുപ്പിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിനായി പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

## പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ പെതുമരാമത്ത് പ്രവൃത്തികൾ

931 **ശ്രീ. സെബാസ്റ്റ്യൻ. എം. ജെ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ നടന്നുകൊണ്ടിരിക്കുന്ന വിവിധ പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാം; വ്യക്തമാക്കാമോ;

(ബി) കണമല-മുക്കൂട്ടുതറ-എരുമേലി റോഡിലെ ആർ.സി. പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ, മലയോര ഹൈവേയുടെ ഭാഗമായുള്ള കരിങ്കല്ലുംമൂഴി-പ്ലാച്ചേരി റോഡ് നിർമ്മാണം, മുണ്ടക്കയം-വല്യേന്ത-വാഗമൺ റോഡ് നിർമ്മാണം, കട്ടപ്പാറ-വളളുക്ക് ഭാഗത്തെ പാലംനിർമ്മാണം, പനച്ചിപ്പാറ-വളളുക്ക് റോഡ് റീ ടാറിംഗ്, പാറത്തോട്-പാലപ്ര-കള്ളുവേലി - വേങ്ങത്താനം റോഡ് നവീകരണം എന്നീ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(സി) ഈരാറ്റുപേട്ട കാരക്കാട്-ഇളപ്പുങ്കൽ ഭാഗത്ത് മീനച്ചിലാറിനു കുറുകെ പുതിയ പാലം നിർമ്മാണം, പഴയിടത്ത് മണിമല ആറിനു കുറുകെയുള്ള പുതിയ പാലം നിർമ്മാണം,തിടനാട്-നാട്ടുകാരത്തിൽ കടവിൽ പുതിയ പാലം,വേങ്ങക്കുന്ന് പുത്തൻചന്ത സ്റ്റേഡിയം ഭാഗത്തെ നടപ്പാല നിർമ്മാണം, പുഞ്ചവയൽ-മഞ്ഞളരുവി തോടിനു കുറുകെ പാലം നിർമ്മാണം, 26-ാം മൈലിലെ പുതിയ പാലം നിർമ്മാണം എന്നീ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

**റോഡുകളുടെ നിർമ്മാണവും അറ്റകുറ്റപണികളും**

932 **ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. വി. ടി. സൂരജ്**
**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ റോഡുകളും ബി.എം. & ബി.സി. നിലവാരത്തിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;വ്യക്തമാക്കുമോ ;

(ബി) തിരക്കേറിയ സ്ഥലങ്ങളിൽ ഫ്ലൈഓവറുകൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;അറിയിക്കുമോ ;

(സി) മഴക്കാലത്തുള്ള വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും റോഡുകളിലെ വാഹനഗതാഗതം തടസ്സപ്പെടാതെ സുഗമമാക്കുന്നതിനും സ്ഥിരവും

ഫലപ്രദവുമായ പരിഹാരമാർഗ്ഗങ്ങൾക്ക് നടപടി സ്വീകരിക്കുമോ;വിശദമാക്കുമോ ;

(ഡി) റോഡുകളുടെ അറ്റകുറ്റപണികൾ,വിവിധ ആവശ്യങ്ങൾക്കായി പൊളിക്കുന്ന റോഡുകളുടെ പുനർനിർമ്മാണം എന്നിവ യഥാസമയം നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>**വടക്കാഞ്ചേരി മണ്ഡലത്തിലെ റോഡുകളുടെ നിലവാരം**</u>

933 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ആകെ എത്ര കിലോമീറ്റർ റോഡുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകളിൽ 2021 വർഷത്തിൽ എത്ര കിലോമീറ്റർ റോഡാണ് ബി.എം & ബി.സി നിലവാരത്തിലുണ്ടായിരുന്നത്; നിലവിൽ എത്ര കിലോമീറ്റർ റോഡാണ് ബി.എം & ബി.സി നിലവാരത്തിലുള്ളത്;

(സി) 2021 മുതൽ 2026 വരെയുള്ള കാലയളവിൽ വടക്കാഞ്ചേരി മണ്ഡലത്തിലെ എത്ര കിലോമീറ്റർ റോഡുകളിൽ ബി.എം & ബി.സി നിലവാരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതിയായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കാലയളവിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നിർവ്വഹിച്ച വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്; ഓരോ പ്രവൃത്തിക്കും അനുമതിയായ തുകയും പ്രവൃത്തിയുടെ നിലവിലെ പുരോഗതിയും സംബന്ധിച്ച് പട്ടിക തിരിച്ച് വിവരം ലഭ്യമാക്കാമോ?

<u>**റോഡ് സൗന്ദര്യവൽക്കരണത്തിനായി പദ്ധതികൾ**</u>

934 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈവേകൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ റോഡുകളുടെ ഇരുവശങ്ങളിലും പരിസ്ഥിതിക്കു യോജിക്കുന്ന തരത്തിലുള്ള ചെടികൾ വച്ചു പിടിപ്പിക്കുന്നതിനും സൗന്ദര്യവൽക്കരണത്തിനുമായി വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഏത് രീതിയിലാണ് ഈ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) റോഡു വികസനത്തിന്റെ ഭാഗമായി മുറിച്ചു മാറ്റപ്പെടുന്ന മരങ്ങൾക്കും ചെടികൾക്കും ബദലായി മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## റോഡ് അപകടങ്ങളും പരിഹാരമാർഗങ്ങളും

935 **ശ്രീ. വി. ടി. ബൽറാം**

**ശ്രീ. ടോണി ചമ്മണി**

**ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിൽ വാഹനഗതാഗതം ക്രമാതീതമായി വർദ്ധിച്ചിട്ടുള്ള സാഹചര്യം വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് മൂലം റോഡ് മുറിച്ച് കടക്കുന്നതിനും വശങ്ങളിലൂടെ നടക്കുന്നതിനും കാൽനടക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുവാൻ സുരക്ഷിത നടപ്പാതകളും മേൽപ്പാലങ്ങളും നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

## പുത്തൂർ പോസ്റ്റ് ഓഫീസ് - നിള്ളങ്ങൽ - ചേരിക്കൽ - മുളിയാത്തോട് റോഡ് നിർമ്മാണം

936 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പുത്തൂർ പോസ്റ്റ് ഓഫീസ് - നിള്ളങ്ങൽ - ചേരിക്കൽ - മുളിയാത്തോട് റോഡിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണത്തിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്നും ആയത് പരിഹരിക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡ് നിർമ്മാണം എപ്പോൾ പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

## പൊതുമരാമത്ത് റോഡുകളിലെ കയ്യേറ്റങ്ങൾ

937 **ശ്രീ. വി. പി. സജീന്ദ്രൻ**

**ശ്രീ. സേനാപതി വേണു**

**ശ്രീ. അബിൻ വർക്കി കോടിയാട്ട്**

**ശ്രീ. സി. വി. ശാന്തകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളോട് അനുബന്ധിച്ചുള്ള നടപ്പാതകൾ കയ്യേറി കച്ചവട സ്ഥാപനങ്ങൾ നടത്തിവരുന്നത് റോഡ് സുരക്ഷയ്ക്ക് ഭീഷണി ഉയർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡുകളിലെ കയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്താനും അവ ഒഴിപ്പിക്കാനും ഉപയുക്തമാംവിധം ഉദ്യോഗസ്ഥരുടെ റോഡ് പരിശോധന കൃത്യമായി നടത്തുവാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡുകളുടെ നടപ്പാതകളിലെ കയ്യേറ്റം അവസാനിപ്പിച്ച് കാൽനടയാത്രക്കാർക്ക് സുഗമമായി യാത്ര ചെയ്യുവാനുള്ള സൗകര്യം ഏർപ്പെടുത്തുമോ; വിശദമാക്കുമോ?

**<u>പുതിയ റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടി</u>**

938 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃത്യവും സമയബന്ധിതവുമായ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ പല പ്രധാനപ്പെട്ട റോഡുകളും തകരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പ് പുതിയ റോഡുകൾ ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം; വിശദമാക്കുമോ;

(സി) പൊതുമരാമത്ത് വകുപ്പ് പുതിയ റോഡുകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കുമോ?

**<u>തീരദേശ ഹൈവേയുടെ വികസനം</u>**

939 **ശ്രീ. ആര്യാടൻ ഷൗക്കത്ത്**

**ശ്രീ. സുധീർഷാ പാലോട്**

**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ ഹൈവേയുടെ വികസനത്തെക്കുറിച്ചും നിലവിൽ നടന്ന നിർമ്മാണ പ്രവൃത്തിയിലെ അപാകതകൾ സംബന്ധിച്ചും പ്രത്യേകം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിർമ്മാണം നടന്ന പലസ്ഥലങ്ങളിലും അലൈൻമെന്റിൽ നിന്നും വ്യതിചലിച്ചതായും അനുവദനീയമായ വീതിയിൽ കുറവാണെന്നുമുള്ള പരാതി പരിശോധിക്കുമോ;

(സി) തീരദേശ വികസനത്തിനും തീരദേശജനതയുടെ പുരോഗതിയ്ക്കും സമാന്തര റോഡുകളിലെ തിരക്ക് കുറയ്ക്കാനും തീരദേശ ഹൈവേ പ്രയോജനപ്രദമാകും എന്നത് കണക്കിലെടുത്ത് പ്രസ്തുത പാതയുടെ നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കാൻ നടപടിയെടുക്കുമോ എന്ന് വ്യക്തമാക്കാമോ?

**കുന്നത്തുനാട് നിയോജകമണ്ഡത്തിലെ ബജറ്റിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ പട്ടിക**

940 **ശ്രീ. വി. പി. സജീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ 2016-17 മുതൽ 2026-27 സാമ്പത്തിക വർഷം വരെ ഓരോ ബജറ്റുകളിലും 20% തുക വകയിരുത്തി ബജറ്റിൽ ഉൾപ്പെട്ട കെട്ടിടങ്ങളുമായിബന്ധപ്പെട്ട പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ച ഉത്തരവുകളുടെ നമ്പറും തീയതിയും തുകയും നിലവിലെ അവസ്ഥയും 20% തുക അനുവദിച്ചിട്ടും ഭരണാനുമതി നൽകാത്ത പ്രവൃത്തികളുടെ പേരും തുകയും പട്ടിക തിരിച്ച് നൽകാമോ;അനുവദിച്ച പ്രവൃത്തികളുടെ ഭരണാനുമതികളുടെ പകർപ്പ് ലഭ്യമാക്കാമോ?

**മയ്യിൽ പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണ പുരോഗതി**

941 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട നിർദിഷ്ട മയ്യിൽ പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സെന്റ് ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) കെട്ടിട നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തുക വകയിരുത്തിയിട്ടുണ്ടോയെന്നും ആയതിന്റെ രൂപരേഖ തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കിയിട്ടുണ്ടോ എന്നും കെട്ടിട നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

## പുനലൂർ മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ പ്രവൃത്തികൾ.

942 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ നിർവ്വഹണ ചുമതലയിൽ പ്ലാൻ ഫണ്ട് വിനിയോഗിച്ച് ഏതെല്ലാം സർക്കാർ വക കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെന്നും ഓരോന്നിന്റെയും അടങ്കൽ തുക എത്രയാണെന്നും നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ;

(ബി) പ്ലാൻ ഫണ്ട് വിനിയോഗിച്ച് പുനരുദ്ധാരണ പ്രവൃത്തികൾ നടത്താൻ ഭരണാനുമതി ലഭിച്ച സർക്കാർ വക കെട്ടിടങ്ങളിൽ ഏതെങ്കിലും കെട്ടിടങ്ങളുടെ പ്രവൃത്തി ഇനിയും ആരംഭിക്കാനുണ്ടെങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതിയും അടങ്കൽ തുകയും വ്യക്തമാക്കാമോ;

(സി) 2021 - 22 , 2022 - 23 , 2023 - 24 , 2024 - 25 , 2025 - 26 , 2026 - 27 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റുകളിൽ 20 ശതമാനം തുക വകയിരുത്തിയ കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ ഇനിയും ഭരണാനുമതി ലഭിക്കേണ്ട പ്രവൃത്തികൾ പൂർത്തിയാകാത്ത പ്രവൃത്തികൾ എന്നിവ ഏതെല്ലാമാണെന്നും അവയോരോന്നിന്റേയും നിലവിലെ സ്ഥിതിയും അടങ്കൽ തുകയും എത്രയാണെന്നും അറിയിക്കാമോ;

(ഡി) പുനലൂർ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ചോ മറ്റ് ഫണ്ടുകൾ വിനിയോഗിച്ചോ ഏതെങ്കിലും സർക്കാർ വക കെട്ടിടങ്ങളുടെ നിർമ്മാണം നടന്നു വരുന്നുണ്ടോയെന്നും കിഫ്ബിയിൽ നിന്നോ സർക്കാരിൽ നിന്നോ ഭരണാനുമതി ലഭിക്കാനുള്ളതോ , ഭരണാനുമതി ലഭിച്ചെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതോ ആയ കെട്ടിട നിർമ്മാണ പ്രവൃത്തികൾ ഉണ്ടെങ്കിൽ അവ ഓരോന്നിന്റെയും അടങ്കൽ തുക എത്രയാണെന്നും

നിലവിലെ സ്ഥിതി എന്താണെന്നും നിർവ്വഹണ ചുമതല ആർക്കാണെന്നും വ്യക്തമാക്കാമോ ?

**<u>പെരുമ്പാവൂർ സിവിൽ സ്റ്റേഷന്റെ രണ്ടാംഘട്ടം നിർമ്മാണം</u>**

943 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ പെരുമ്പാവൂർ സിവിൽ സ്റ്റേഷന്റെ രണ്ടാംഘട്ട നിർമ്മാണത്തിന്റെ ഭാഗമായി ഡിസൈൻ, ഇൻവെസ്റ്റിഗേഷൻ എന്നീ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതിനാൽ രണ്ടാം ഘട്ടം നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ?

**<u>തോലനൂർ ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജ് കെട്ടിട നിർമ്മാണം</u>**

944 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ തോലനൂർ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**<u>ബേപ്പൂർ നിയോജക മണ്ഡലത്തിലെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ</u>**

945 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജക മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പു മുഖേന ഭരണാനുമതി ലഭിച്ച് പൊതുമരാമത്ത് വകുപ്പ് നിലവിൽ നടത്തിവരുന്ന കെട്ടിട നിർമ്മാണ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

**<u>സർക്കാർ കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ</u>**

946 **ശ്രീ. ടി. ജെ. വിനോദ്**

**ശ്രീമതി ഉഷ വിജയൻ**

**ശ്രീ. കെ. എം. അഭിജിത്ത്**

**ശ്രീ. കെ. പ്രവീൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളും ആശുപത്രികളും അടക്കമുള്ള സർക്കാർ കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ യഥാസമയം നടക്കുന്നുവെന്നും അപകടകരമായ കേടുപാടുകൾ ഇല്ലെന്നും ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ചെറുതും വലുതുമായ എല്ലാ സർക്കാർ കെട്ടിടങ്ങളും ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കുമോ ;

(സി) പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസുകൾ ആധുനിക സജ്ജീകരണങ്ങളോടു കൂടി നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ ?

## <u>കൂത്തുപറമ്പ് ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടം</u>

947 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടം പൂർണ്ണ തോതിൽ സജ്ജമാവാത്തത് കാരണം വിദ്യാർത്ഥികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) നേരത്തെ അനുവദിച്ച മൂന്ന് കോടി രൂപയുടെ നിർമ്മാണ പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് ഇതുവരെയും ആരംഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മുഴവൻ ക്ലാസ് മുറികളും ഉപയോഗ യോഗ്യമാക്കാൻ എന്തൊക്കെ തടസ്സങ്ങളാണ് നിലവിലുള്ളതെന്നും ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് വകുപ്പ് സ്വീകരിച്ചുവരുന്നതെന്നും വിശദമാക്കുമോ?

## <u>കുറ്റിക്കടവിലെ ചെറുപുഴയ്ക്ക് കുറുകെയുള്ള പാലം</u>

948 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നമംഗലം മണ്ഡലത്തിൽ മാവൂർ പഞ്ചായത്തിൽ കുറ്റിക്കടവിലെ ചെറുപുഴയ്ക്ക് കുറുകെയുള്ള പാലം സുഗമമായ ഗതാഗതത്തിന് അനുയോജ്യമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലത്തിന് പകരം വീതി കൂടിയ പാലം നിർമ്മിക്കണമെന്ന നാട്ടുകാരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുതിയ പാലം നിർമ്മിക്കാൻ ആവശ്യമായ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) കുറ്റിക്കടവ് പാലം എന്നത്തേയ്ക്ക് യാഥാർത്ഥ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മൂളപ്പുറം - വെള്ളായിക്കോട് പാലം നിർമ്മാണം</u>**

949 **ശ്രീ. ടി. പി. അഷ്റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് - മലപ്പുറം ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന, കൊണ്ടോട്ടി – കുന്ദമംഗലം മണ്ഡലത്തിലുൾപ്പെടുന്ന വാഴയൂർ, പെരുമണ്ണ പഞ്ചായത്തുകളിലെ മൂളപ്പുറം വെള്ളായിക്കോട് കടവിൽ ചാലിയാർ പുഴക്ക് കുറുകെ പാലം നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രദേശവാസികളുടെ ദീർഘകാലത്തെ ആവശ്യം പരിഗണിച്ച് പ്രസ്തുത പാലം നിർമ്മാണത്തിനാവശ്യമായ ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) നിരവധി തവണ തോണി അപകടം നടക്കുകയും ആറ് പേർ മരണപ്പെടുകയും ചെയ്ത ഈ കടവിൽ പാലം നിർമ്മിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>പാലായിലെ കടവുപുഴ പാലം പുനർനിർമാണം</u>**

950 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ 20 ശതമാനം ഫണ്ടോടെ പാസായ പാലാ നിയോജകമണ്ഡലത്തിലെ ചില്ലിച്ചി പാലം നിർമാണം എന്ന പദ്ധതി സാങ്കേതിക തടസ്സങ്ങളാൽ ഉപേക്ഷിക്കുകയും

പകരം ടി പഞ്ചായത്തിലെ തന്നെ പ്രളയക്കെടുതിയിൽ തകർന്നപോയ കടവുപുഴ പാലം പുനർനിർമിക്കുന്നതിനുവേണ്ടി ചില്ലിച്ചിപാലം നിർമാണം എന്ന പദ്ധതിയുടെ ഫണ്ട് മാറ്റി അനുവദിക്കണമെന്ന് രേഖാമൂലം ആവശ്യപ്പെട്ടിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) വർഷങ്ങളായി പാലം തകർന്നുകിടക്കുന്നതിനാൽ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഗണിച്ച് ടി പാലം പുനർനിർമിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ചാലിയാർ പുഴയ്ക്ക് കുറുകെ മൊടവണ്ണ കടവിൽ പാലം നിർമ്മാണം

951 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ, ഏറനാട് നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനായി ചാലിയാർ പുഴയ്ക്ക് കുറുകെ മൊടവണ്ണ കടവിൽ പാലത്തിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പാലം നിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ഇരിമ്പിളിയം–കൊട്ടുമുടി-തിരുവേഗപ്പുറ പാലം

952 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം-പാലക്കാട് ജില്ലകളെ ബന്ധിപ്പിക്കുന്നതും തൂതപ്പുഴയ്ക്ക് കുറുകെയുള്ളതുമായ കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം–കൊട്ടുമുടി-തിരുവേഗപ്പുറ പാലത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇരിമ്പിളിയം–കൊട്ടുമുടി-തിരുവേഗപ്പുറ പാലത്തിന്റെ തിരുവേഗപ്പുറ ഭാഗത്ത് വലിയ വിള്ളൽ രൂപപ്പെട്ട് പാലം അപകടാവസ്ഥയിലായതിനെ തുടർന്ന് പ്രസ്തുത പാലത്തിനു സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്നത് സംബന്ധിച്ച് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) 2026-27 ലെ ബജറ്റ് മറുപടി പ്രസംഗത്തിൽ തിരുവേഗപ്പുറപാലം നിർമ്മാണത്തിനായി 5 കോടി രൂപ അനുവദിച്ചതിൻ പ്രകാരം പ്രവൃത്തിയുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും ലഭ്യമായിട്ടുണ്ടോ;

ആയതിന്മേൽ ചീഫ് എഞ്ചിനീയർ (പൊതുമരാമത്ത് വകുപ്പ്) ഓഫീസിലും സർക്കാർ തലത്തിലും സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

**പെരുമ്പാവൂർ നഗരത്തിൽ ഫ്ലൈ ഓവർ നിർമ്മാണം**

953 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് നഗരത്തിലൂടെ ഫ്ലൈ ഓവർ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**തൃക്കാക്കര അത്താണി പാലം പുനർനിർമാണം**

954 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഒന്നര കോടി രൂപ അനുവദിച്ച തൃക്കാക്കര നിയോജക മണ്ഡലത്തിലെ അത്താണി പാലം പുനർ നിർമ്മാണ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്ക് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

**മാഞ്ചിറ പാലം പുനർനിർമ്മാണം**

955 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ മാഞ്ചിറ പാലം പുനർനിർമ്മിക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത പാലം പുനർനിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഭരണാനുമതി നൽകുന്നത് പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ?

**ആലുക്കൽ പാലത്തിന്റെ നിർമ്മാണ പുരോഗതി**

956 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ വേലൂർ-എരുമപ്പെട്ടി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ആലുക്കൽ പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം പൂർത്തിയാക്കി പാലം എന്നത്തേക്ക് തുറന്ന് നൽകാനാകുമെന്ന് വ്യക്തമാക്കുമോ?

**<u>മാവേലിക്കര മണ്ഡലത്തിലെ പൊതുമരാമത്ത് പാലങ്ങൾ</u>**

957 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് പാലങ്ങൾ വിഭാഗം മുഖേന ചെയ്യുന്നതിന് 2021-22, 2022-23, 2023-24, 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിലെ ബജറ്റിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരങ്ങൾ തുകയും തൽസ്ഥിതിയും ഉൾപ്പെടെ ലഭ്യമാക്കാമോ?

**<u>ചെറുവണ്ണൂർ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ</u>**

958 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുവണ്ണൂർ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത് മൂലം പ്രദേശത്ത് ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ പൊതുമരാമത്ത് വകുപ്പിൻ കീഴിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ചെറുവണ്ണൂർ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവൃത്തി എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>മീഞ്ചന്ത - അരീക്കോട് മേൽപ്പാല നിർമ്മാണ പ്രവൃത്തി</u>**

959 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ച മീഞ്ചന്ത - അരീക്കോട് മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും പ്രവൃത്തി എപ്പോൾ തുടങ്ങിയെന്നും എന്ന് പൂർത്തിയാക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**അബാൻ മേൽ പാലം, കോഴഞ്ചേരി പുതിയ പാലം എന്നിവയുടെ നിർമ്മാണം**

960 **ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള മണ്ഡലത്തിൽ നിർമ്മാണത്തിലുള്ള പത്തനംതിട്ട അബാൻ മേൽ പാലം, കോഴഞ്ചേരി പുതിയ പാലം എന്നിവയുടെ നിർമ്മാണം ആരംഭിച്ചിട്ട് എത്ര നാളായെന്ന് അറിയിക്കുമോ;

(ബി) ഇത്രയും നാളായി പ്രസ്തുത പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുവാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

**പൊന്നാംചുണ്ട് പാലത്തിന്റെ നിർമ്മാണം**

961 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിലെ പൊന്നാംചുണ്ട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനം മന്ദഗതിയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൂർത്തീകരണ കാലാവധി പകുതിയിലധികം ഇതിനകം കഴിഞ്ഞിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കല്ല്യാശ്ശേരി കാവിൻ മുനമ്പ് പാലത്തിന്റെ നിർമ്മാണ പുരോഗതി**

962 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ നിന്ന് ധനകാര്യ അനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കാവിൻ മുനമ്പ് പാലത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

**പുതുക്കാട് റെയിൽവേ ഓവർബ്രിഡ്ജ് നിർമാണം**

963 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്നതിന് അനുമതി ലഭിച്ച പുതുക്കാട് റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമാണ പ്രവർത്തനങ്ങൾ ഇതുവരെ ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആർ.ബി.ഡി.സി.കെ. ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ള പ്രസ്തുത പ്രവൃത്തിയുടെ നടപടികൾ പൂർത്തീകരിച്ച് എത്രയും വേഗം നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ ഇടപെടലുകളും നടപടികളും സ്വീകരിക്കുമോ?

**<u>പൊന്നാനി നിയോജക മണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ</u>**

964 **ശ്രീ. കെ. പി. നൗഷാദ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ നടന്നു വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏതൊക്കെയാണ്;

(ബി) അവയിൽ നിർമ്മാണം പൂർത്തിയായ പ്രവർത്തനങ്ങൾ ഏതെല്ലാമാണ്;

(സി) നിർമ്മാണം പൂർത്തിയാകാനുള്ള പ്രവർത്തനങ്ങൾ ഏതെല്ലാമാണ്;

(ഡി) നിർമ്മാണം പൂർത്തിയായിട്ടും ഉദ്ഘാടനം ചെയ്യപ്പെടാത്ത പ്രവർത്തനങ്ങൾ ഏതെല്ലാമാണ്?

**<u>മങ്കട മണ്ഡലത്തിൽ നടന്നു വരുന്ന പ്രവൃത്തികൾ</u>**

965 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ വിവിധ വിഭാഗങ്ങൾ മുഖേന നടന്നു വരുന്ന പ്രവൃത്തികളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത നിയോജക മണ്ഡലത്തിൽ വിവിധ വിഭാഗങ്ങളിലായി ഏറ്റവും അടിയന്തരമായി നടപ്പിലാക്കേണ്ട പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാം; ഇവയുടെ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസലുകളുണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**കൊണ്ടോട്ടി മണ്ഡലത്തിൽ നടക്കുന്ന പ്രവൃത്തികൾ**

966 **ശ്രീ. ടി. പി. അഷ്‌റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് 2021-2026 കാലയളവിൽ റോഡുകൾ, പാലം, കെട്ടിടം, ദേശീയ പാത, മെയിന്റനൻസ് എന്നീ വിഭാഗങ്ങളിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങളും അവയുടെ പുരോഗതിയും കരാറുകാരന്റെ വിവരങ്ങളും വ്യക്തമാക്കാമോ;

(ബി) 2021 മുതൽ കൊണ്ടോട്ടി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കിഫ്ബി വഴി ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങളും അവയുടെ പുരോഗതിയും കരാറുകാരന്റെ വിവരങ്ങളും വ്യക്തമാക്കാമോ?

**അഴീക്കോട് മണ്ഡലത്തിലെ പ്രവൃത്തികൾ**

967 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ നിലവിൽ തുടർന്നു വരുന്ന പൊതുമരാമത്ത് പ്രവൃത്തികളെക്കുറിച്ചുള്ള വിശദമായ വിവരം നൽകുമോ; പൊതുമരാമത്ത് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി (പ്രവൃത്തി പൂർത്തീകരിച്ചത് ഒഴികെ) അറിയിക്കാമോ;

(ബി) ഏതെങ്കിലും പ്രവൃത്തി മുടങ്ങിക്കിടക്കുന്നതോ ആരംഭിക്കാത്തതോ ഉണ്ടെങ്കിൽ കാരണമുൾപ്പെടെ അറിയിക്കാമോ?

**വർക്കല നിയോജക മണ്ഡലത്തിലെ പൊതു മരാമത്ത് പദ്ധതികൾ**

968 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021, 2021-2026സർക്കാരുകളുടെ കാലയളവിൽ വർക്കല മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിർവ്വഹിച്ച പദ്ധതികൾ വിശദമാക്കാമോ;

(ബി) നിലവിൽ പൂർത്തിയാക്കുവാനുള്ള പദ്ധതികൾ ഏതെല്ലാം; അവയ്ക്ക് ഭരണാമനുമതി ലഭിച്ച തീയതിയും നടപടി പുരോഗതിയും വിശദമാക്കാമോ?

**നെന്മാറ മണ്ഡലത്തിലെ വിവിധ പ്രവൃത്തികളുടെ പുരോഗതി**

969 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വിവിധ പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

**ബേപ്പൂർ നിയോജകമണ്ഡലത്തിലെ ഭൂമി ഏറ്റെടുക്കൽ പദ്ധതികൾ**

970 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തു വകുപ്പിന് കീഴിൽ (കിഫ്ബി ഉൾപ്പെടെ) ബേപ്പൂർ നിയോജക മണ്ഡലത്തിൽ ഭൂമി ഏറ്റെടുക്കൽ പുരോഗമിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ എപ്പോൾ പൂർത്തിയാക്കുവാൻ കഴിയുമെന്നും പ്രവൃത്തി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**മട്ടന്നൂർ മണ്ഡലത്തിലെ പാലങ്ങളും കെട്ടിടങ്ങളും റോഡുകളും**

971 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ചതും എന്നാൽ പൂർത്തിയാകാത്തതുമായ പാലങ്ങൾ, കെട്ടിടങ്ങൾ, റോഡുകൾ എന്നിവയുടെ വിശദാംശം നൽകാമോ?

**പുതുപ്പള്ളി നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

972 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുപ്പള്ളി നിയോജകമണ്ഡലത്തിൽ 2020 മുതൽ 2026 വരെയുള്ള ബജറ്റിൽ പ്രഖ്യാപിച്ചതും പൊതുമരാമത്ത് വകുപ്പ് മുഖേന നിർവഹിക്കേണ്ടതുമായ ഏതൊക്കെ പ്രവൃത്തികൾ ഉണ്ടായിരുന്നുവെന്നും അവ ഓരോന്നും പൂർത്തിയാക്കിയതിന്റെ വിവരങ്ങളും അറിയിക്കുമോ;

(ബി) ഇവയിൽ പൂർത്തിയാകാത്ത ഏതൊക്കെ പ്രവൃത്തികൾ ഉണ്ടെന്നും ആയത് നടപ്പിലാക്കുന്നതിൽ നേരിടുന്ന തടസ്സങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാവുമെന്ന് വിശദമാക്കാമോ?

**കോതമംഗലം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

973 **ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 - 26 കാലയളവിൽ കോതമംഗലം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെയും പദ്ധതികളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വർഷം തിരിച്ച് വിശദമാക്കാമോ?

**മഞ്ചേരി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

974 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് (നിരത്തുകളും പാലങ്ങളും വിഭാഗം, കെട്ടിട വിഭാഗം) മുഖേന അനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികൾക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ നിർമ്മാണ പുരോഗതിയും ഫണ്ട് വിനിയോഗവും പ്രവൃത്തി തിരിച്ച് ലഭ്യമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ചിട്ടും സാങ്കേതികാനുമതി, ടെൻഡർ നടപടികൾ എന്നിവയിലെ കാലതാമസം മൂലമോ, ഭൂമി ഏറ്റെടുക്കൽ തടസ്സങ്ങൾ കാരണമോ നിർമ്മാണം ആരംഭിക്കാൻ കഴിയാത്തതോ അല്ലെങ്കിൽ നിർമ്മാണം തടസ്സപ്പെട്ടു കിടക്കുന്നതോ ആയ പ്രവൃത്തികൾ ഉണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്നും തടസ്സങ്ങൾ പരിഹരിക്കാൻ എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്നും വിശദമാക്കാമോ?

**പരിസ്ഥിതിസൗഹൃദ കെട്ടിടനിർമ്മാണങ്ങൾ**

975 **ഡോ. മാത്യു കുഴൽനാടൻ**

**ശ്രീ. നാട്ടകം സുരേഷ്**

**ശ്രീ. സിറിയക് തോമസ്**

**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാവ്യതിയാനത്തിനും പാരിസ്ഥിതിക പ്രശ്നങ്ങൾക്കും ഇടയാക്കുന്ന വിധത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഒഴിവാക്കി പരിസ്ഥിതിസൗഹൃദ കെട്ടിടനിർമ്മാണങ്ങൾ പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) നിർമ്മാണപ്രവർത്തനങ്ങൾക്ക് ഗ്രീൻ ബിൽഡിംഗ് സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) കെ- ഗ്രീൻ റേറ്റിംഗ് വഴി സംസ്ഥാന സർക്കാർ നല്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും അതിനുള്ള മാനദണ്ഡങ്ങളും വിശദീകരിക്കാമോ?

**തകരാറിലായ നിർമ്മിതികൾ**

976 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പിന്റെ എത്ര നിർമ്മിതികൾ നിർമ്മാണത്തിലിരിക്കുമ്പോഴോ നിർമ്മാണം പൂർത്തിയാക്കിയ ശേഷമോ തകരാറിലായിട്ടുണ്ട്; അവ ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നിർമ്മിതികളുടെ തകരാർ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; ഇതിനായി അധികച്ചെലവ് ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇത്തരത്തിലുള്ള വീഴ്ചകളുടെ പേരിൽ ആർക്കെങ്കിലും എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കേസിൽ സ്വീകരിച്ചിട്ടുണ്ട്; ഒരോന്നിന്റെയും വിശദാംശം പ്രത്യേകം പ്രത്യേകം ലഭ്യമാക്കാമോ?

**കൊടുവള്ളി ജംഗ്ഷൻ വികസന പദ്ധതിയുടെ നിലവിലെ സ്ഥിതി**

977 **ശ്രീ. പി. കെ. ഫിറോസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് - കൊല്ലഗൽ ദേശീയ പാതയിൽ കൊടുവള്ളി ടൗണിലെ ഗതാഗത കുരുക്ക് പരിഹരിക്കുന്നതിന് വിഭാവനം ചെയ്ത വൈഡനിംഗ് ആൻഡ് ഡെവലപ്മെന്റ് ഓഫ് കൊടുവള്ളി ജംഗ്ഷൻ എന്ന പദ്ധതിക്ക് കിഫ്ബി മുഖേന എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പ്രവൃത്തിക്കായി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഈ പ്രവൃത്തിക്ക് മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ടേഷൻ ആൻഡ് ഹൈവേയ്സ് -ൽ നിന്നും അനുമതി ലഭ്യമാക്കേണ്ടതുണ്ടോ; എങ്കിൽ അനുമതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഈ പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ?

**കിഫ്ബി പദ്ധതികളുടെ പട്ടിക**

978 **ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിൽ 2016 മുതൽ 2026 വരെ കിഫ്ബി മുഖേനയുള്ള പദ്ധതികളിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭിച്ച പദ്ധതികളുടെ പേര്, ഇവയുടെ നിലവിലെ പുരോഗതി, അനുവദിച്ച തുക, ഉത്തരവുകളുടെ നമ്പരും തീയതിയും എന്നിവ പട്ടിക തിരിച്ച് നൽകാമോ?

**കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

979 **ശ്രീ. വി. പി. സജീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ 2016 മുതൽ 2026 വരെ കിഫ്ബി മുഖേനയുള്ള പദ്ധതികളിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭിച്ച പദ്ധതികൾ എത്ര, ഇവയുടെ നിലവിലെ പുരോഗതി, പദ്ധതിയുടെ പേര്, തുക, ഉത്തരവുകളുടെ നമ്പരും തീയതിയും എന്നിവ പട്ടിക തിരിച്ച് നൽകാമോ; പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

**<u>മലയോര ഹൈവേ പദ്ധതി</u>**

980 **ശ്രീ. വി. ജോയി**

**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**

**ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മലയോര ഹൈവേ പദ്ധതിക്കായി മുൻ സർക്കാർ കിഫ്ബി വഴി അനുവദിച്ച തുകയുടെ നിലവിലെ സാമ്പത്തിക വിനിയോഗ കണക്കുകളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് നിർമ്മാണം പൂർത്തിയാക്കിയ മലയോര ഹൈവേ റീച്ചുകൾക്ക് പുറമെ നിലവിൽ പുരോഗമിക്കുന്ന പ്രവൃത്തികളും അവയുടെ നിർമ്മാണ പുരോഗതിയും അറിയിക്കാമോ;

(സി) കിഫ്ബി ഉപയോഗിച്ച് നടപ്പിലാക്കുന്ന ഇത്തരം വൻകിട പശ്ചാത്തല വികസന പദ്ധതികൾക്ക് നിലവിലെ സർക്കാരിന്റെ കാലത്ത് ഫണ്ട് ലഭ്യതയിൽ കുറവ് നേരിടുന്നുണ്ടോ എന്ന് വിശദമാക്കാമോ?

**<u>നെടുമങ്ങാട് - അരുവിക്കര - കുളക്കോട് റോഡിന്റെ റീച്ച് 1, റീച്ച് 2 പ്രവൃത്തി</u>**

981 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടുപയോഗിച്ച് അരുവിക്കര നിയോജകമണ്ഡലത്തിൽ നിർമ്മാണം നടന്നുവരുന്ന നെടുമങ്ങാട് - അരുവിക്കര - കുളക്കോട് റോഡിന്റെ റീച്ച് 1, റീച്ച് 2 എന്നിവയിലെ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലെ ഭൂമി ഏറ്റെടുക്കൽ നടപടി കാലതാമസം കൂടാതെ പൂർത്തീകരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ?

**<u>ആനക്കാംപൊയിൽ - കള്ളാടി - മേപ്പാടി തുരങ്കപാതയുടെ നിർമ്മാണ പുരോഗതി</u>**

982 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പ്രവൃത്തി ആരംഭിച്ച ആനക്കാംപൊയിൽ - കള്ളാടി - മേപ്പാടി തുരങ്കപാതയുടെ നിർമ്മാണ പുരോഗതി

വിശദമാക്കാമോ; പദ്ധതിയുമായി സർക്കാർ മുന്നോട്ടുപോകുമോ;

(ബി) പദ്ധതിയ്ക്കായി കിഫ്ബി മുഖാന്തരം എത്ര തുകയാണ് അനുവദിച്ചത്; ഇതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി സമയബന്ധിതമായി യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പദ്ധതി പൂർത്തിയായാൽ വയനാട്ടിലേക്കുള്ള ഗതാഗത സൗകര്യത്തിൽ വരുന്ന നേട്ടങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

## ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണം

983 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണം എന്ന പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തിയായോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ടെൻഡർ നടപടികൾ പൂർത്തിയായിട്ടില്ലെങ്കിൽ ആയത് പൂർത്തീകരിക്കാനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## ദേശീയപാത നിർമ്മാണം

984 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ദേശീയപാതകളുടെ വികസനമാണ് നടന്നുവരുന്നതെന്ന് അറിയിക്കുമോ; ദേശീയപാത നിർമ്മാണത്തിനായി സംസ്ഥാന സർക്കാർ 2021 മുതൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; കൊല്ലം - തേനി ദേശീയപാതയുടെ വികസനവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത പദ്ധതിയുടെ തൽസ്ഥിതി വിവരം ലഭ്യമാക്കാമോ;

(ബി) ദേശീയപാതയുടെ നിർമ്മാണത്തിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ ഏതൊക്കെ സ്ഥലങ്ങളിൽ അടിപ്പാത നിർമ്മിക്കുന്നുവെന്ന് വ്യക്തമാക്കുമോ; ദേശീയപാതാ നിർമ്മാണത്തിന്റെ ഭാഗമായി ഹരിപ്പാട്

ആർ. കെ. ജംഗ്ഷനിൽ അടിപ്പാത നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**കൊടുവായൂർ ബൈപ്പാസ് നിർമ്മാണം**

985 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കിവരുന്ന കൊടുവായൂർ ബൈപ്പാസ് നിർമ്മാണത്തിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

**ബൈപ്പാസുകളുടെ വികസനം**

986 **ശ്രീ. അപു ജോൺ ജോസഫ്**

**ശ്രീ. ഷിബു തെക്കുംപുറം**

**ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബൈപ്പാസുകൾ നാലുവരി പാതകളാക്കി വികസിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിനായി പൊതു - സ്വകാര്യപങ്കാളിത്തം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ മാതൃകകൾ ഇതിനായി പരിഗണിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) ബൈപ്പാസുകളുടെ വികസനത്തിനായി നിലവിൽ ഉപയോഗിച്ചുവരുന്നവയ്ക്ക് പകരം കാലാതിവർത്തിയായ സാങ്കേതികവിദ്യ സ്വീകരിക്കുന്നതിന് ആലോചനയുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ബൈപ്പാസുകളുടെ വികസനത്തിലൂടെ വരുമാന വർദ്ധനവ് ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ ഈ വർദ്ധിത വരുമാനം ഏതുവിധേന പുനർനിക്ഷേപിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**ദേശീയപാത നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കാൻ നടപടി**

987 **ശ്രീ. തോമസ് ഉണ്ണിയാടൻ**

**ശ്രീ. വർഗ്ഗീസ് മാമ്മൻ**

**ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാത 66 -ന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) മണ്ണിടിച്ചിലും സംരക്ഷണ ഭിത്തിയുടെ തകർച്ചയും മൂലം പാത തകർന്നയിടങ്ങളിലെ പുനർനിർമ്മാണം ഏത് ഘട്ടത്തിലാണ്; പ്രസ്തുത തകർച്ചകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെയോ കരാർ കമ്പനികൾക്കെതിരെയോ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ദേശീയപാത 66 -ന്റെ നിർമ്മാണപ്പിഴവ് കണ്ടെത്താനും അവയ്ക്ക് പരിഹാരമാർഗങ്ങൾ നിർദേശിക്കാനും ഏതെങ്കിലും സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(ഡി) ദേശീയപാത നിർമ്മാണത്തിലെ അപാകതകൾ മൂലം സമീപ മേഖലകളിലുണ്ടായിട്ടുള്ള വെള്ളക്കെട്ട് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് അറിയിക്കാമോ?

**ദേശീയപാത 544 -ലെ ചുവന്നമണ്ണ് സെന്ററിൽ അടിപ്പാത നിർമ്മാണം**

988 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 544 -ൽ മണ്ണുത്തി മുതൽ വടക്കഞ്ചേരി വരെയുള്ള റീച്ചിലെ ചുവന്നമണ്ണ് സെന്ററിൽ നിരന്തരമായി വാഹന അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഭാഗത്ത് അടിപ്പാത നിർമ്മിക്കുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ഏതെങ്കിലും പ്രൊപ്പോസൽ നിലവിലുണ്ടോ;

(സി) ചുവന്നമണ്ണ് സെന്ററിൽ അടിപ്പാത നിർമ്മിക്കുന്നതിന് വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ?

**മലയോര ഹൈവേ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി**

989 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് മലയോര ഹൈവേ പദ്ധതിയുടെ ഭാഗമായി പൂർത്തീകരിച്ച നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതിനായി കിഫ്ബി മുഖേന എത്ര തുക അനുവദിച്ചുവെന്ന് വിശദമാക്കാമോ;

(സി) കാർഷിക ടൂറിസം മേഖലയ്ക്ക് ഊർജ്ജം പകരുന്നതാണ് മലയോര ഹൈവേ പദ്ധതിയെന്നത് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ സമയബന്ധിതമായി മലയോര ഹൈവേ പദ്ധതി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## നേമം മണ്ഡലത്തിലെ പദ്ധതികൾ

990 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം മണ്ഡലത്തിൽ കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ പ്രവർത്തന പുരോഗതി എന്നിവ അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തിയാക്കും എന്ന വിവരം അറിയിക്കാമോ?

## കരാറുകാരുടെ കുടിശ്ശിക

991 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. രമേഷ് പിഷാരടി**
**ശ്രീ. സുമേഷ് അച്യുതൻ**
**ശ്രീ. രാജൻ. ജെ. പല്ലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് മുൻ സർക്കാരിന്റെ കാലത്ത് കരാറുകാർക്ക് കുടിശ്ശികയിനത്തിൽ എത്ര തുക നൽകാനുണ്ട് എന്ന് വ്യക്തമാക്കുമോ; ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) കരാറുകാർക്ക് സമയബന്ധിതമായി പണം നൽകാതിരുന്നത് മൂലം യഥാസമയം പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കരാറുകാർക്കുള്ള കുടിശ്ശിക തുക അനുവദിക്കുന്നതിനും മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**പൊതുമരാമത്ത് വകുപ്പിന്റെ നവീകരണം**

992 **ശ്രീ. സജീവ് ജോസഫ്**

**ശ്രീ. കെ. ജയന്ത്**

**ശ്രീ. വി. എസ്. ജോയി**

**ശ്രീ. കെ. പി. നൗഷാദ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ അഴിമതിയും കെടുകാര്യസ്ഥതയും അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് തകർന്നുകിടക്കുന്ന റോഡുകൾ സത്വരമായി നവീകരിച്ച് ഗതാഗതയോഗ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും പരിസ്ഥിതി സൗഹൃദമാക്കുന്നതിനും വേണ്ടി നവീന സാങ്കേതികവിദ്യകളും നിർമ്മാണ രീതിയും സ്വീകരിക്കുമോ; വിശദമാക്കുമോ?

**തലശ്ശേരി നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

993 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് ബിൽഡിംഗ് വിഭാഗം നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ഇതുവരെ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അവയുടെ ഭരണാനുമതി തുക ഉൾപ്പെടെയുള്ള വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**ചിറയിൻകീഴ് മണ്ഡലത്തിലെ പ്രവൃത്തികൾ**

994 **ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിൽ കഴിഞ്ഞ അഞ്ചുവർഷത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ ഭരണാനുമതി, സാങ്കേതിക അനുമതി

ലഭിച്ച പദ്ധതികളിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നവ, ആരംഭിക്കാത്തവ എന്നിവ തരംതിരിച്ച് നൽകാമോ;

(ബി) സാങ്കേതികാനുമതി ലഭിക്കാത്തതിനാൽ മുടങ്ങി കിടക്കുന്ന പദ്ധതികളുണ്ടെങ്കിൽ വിശദമാക്കാമോ?

**ഫ്ലൈ ഓവർ നിർമ്മാണം**

995 **ശ്രീ. വി. മുരളീധരൻ**

**ശ്രീ. രാജീവ് ചന്ദ്രശേഖർ**

**ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരമായി ഫ്ലൈ ഓവറുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി നിലവിൽ പരിഗണനയിൽ ഉണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പദ്ധതി നടത്തിപ്പിന്റെ മെല്ലെ പോക്ക് കാരണം ശ്രീകാര്യം ഫ്ലൈ ഓവർ നിർമ്മാണം നടക്കുന്ന മേഖലയിൽ യാത്രക്കാർ നേരിടുന്ന ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ശ്രീകാര്യം ഫ്ലൈ ഓവറിന്റെ ഡിസൈൻ അശാസ്ത്രീയമാണെന്നും ഈ ഫ്ലൈ ഓവർ ചാവടിമുക്കിൽ നിന്നും ആരംഭിച്ച് കല്ലമ്പള്ളിയിൽ അവസാനിപ്പിക്കണമെന്നുമുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

**കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ പദ്ധതികൾ**

996 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ നടന്നുകൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

**പഴകുറ്റി - മംഗലപുരം റോഡ് വികസനം**

997 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് മൂന്ന് റീച്ചുകൾ ആക്കി നിർമ്മാണം തുടങ്ങിയ പഴകുറ്റി - മംഗലപുരം റോഡിന്റെ ഒന്നും മൂന്നും റീച്ചുകളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായോ; വിശദമാക്കുമോ;

(ബി) രണ്ടാം റീച്ചായ മുക്കംപാലമൂട് മുതൽ പോത്തൻകോട് വരെയുള്ള റോഡിന്റെ സിവിൽ വർക്കിനായി 12.03.2026 -ലെ ടെൻഡറിൽ പങ്കെടുത്ത കരാറുകാരെ സംബന്ധിച്ച് വിശദീകരിക്കുമോ;

(സി) രണ്ടാം റീച്ചിന്റെ ആദ്യ ടെൻഡറിംഗിൽ മതിയായ കരാറുകാർ പങ്കെടുക്കാതിരുന്നതിനാൽ പ്രവൃത്തി റീടെൻഡർ ചെയ്തിരുന്നോ; നടപടിക്രമങ്ങൾ വൈകുന്നതിന്റെ കാരണം വിശദീകരിക്കാമോ?

## <u>ന്യൂനപക്ഷങ്ങളുടെ ഭരണഘടനാപരമായ സംരക്ഷണം</u>

998 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ജനവിഭാഗങ്ങളെ ആക്ഷേപിക്കാനും അവരുടെ ഭരണഘടനാപരമായ പ്രാധാന്യം നിഷേധിക്കാനും സമൂഹത്തിൽ തെറ്റായ നീക്കങ്ങൾ നടക്കുന്ന എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ന്യൂനപക്ഷങ്ങളുടെ ഭരണഘടനാപരമായ സംരക്ഷണം ഉറപ്പാക്കാൻ മൊത്തം ഭരണ സംവിധാനത്തിൽ ബോധവത്കരണം നടത്തുമോ; വ്യക്തമാക്കുമോ;

(സി) ന്യൂനപക്ഷങ്ങളുടെ ചരിത്രപരമായ പ്രാധാന്യം പാഠപുസ്തകങ്ങളിൽ ആഴത്തിൽ വിശകലനം ചെയ്യുന്ന അധ്യായങ്ങൾ ഉൾപ്പെടുത്തുമോ; വിശദമാക്കുമോ?

## <u>ഗുരുവായൂരിൽ അനുവദിച്ച കോച്ചിംഗ് സെന്റർ</u>

999 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ ഗുരുവായൂരിൽ അനുവദിച്ച കോച്ചിംഗ് സെന്റർ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**<u>ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ</u>**

1000 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമത്തിനായി എന്തൊക്കെ പ്രവൃത്തികളാണ് നടത്താൻ പോകുന്നത്; ഒരു സംക്ഷിപ്ത രൂപം ലഭ്യമാക്കാമോ; ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി എന്തെങ്കിലും പദ്ധതികളുണ്ടോ; വിശദമാക്കാമോ?

**<u>ന്യൂനപക്ഷ ക്ഷേമ പദ്ധതികളുടെ പുരോഗതി</u>**

1001 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പ്രധാന വികസന - ക്ഷേമ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത പദ്ധതികൾക്കായി എത്ര തുക വീതം അനുവദിച്ചുവെന്നും ആയതിൽ എത്ര തുക ചെലവഴിച്ചുവെന്നും പദ്ധതി തിരിച്ച് വ്യക്തമാക്കാമോ;

(സി) ന്യൂനപക്ഷ യുവജനങ്ങൾക്കായുള്ള മത്സരപരീക്ഷാ പരിശീലന കേന്ദ്രങ്ങളുടെ നിലവിലെ പ്രവർത്തന പുരോഗതിയും ഓരോ കേന്ദ്രങ്ങളിലെയും ഗുണഭോക്താക്കളുടെ എണ്ണവും എത്രയെന്ന് അറിയിക്കാമോ;

(ഡി) ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള വിവിധ സ്കോളർഷിപ്പുകൾ കൃത്യസമയത്ത് വിതരണം ചെയ്യുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പുതിയതായി ഏതെങ്കിലും ക്ഷേമ പദ്ധതികൾ ഈ സാമ്പത്തിക വർഷം ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

**<u>മുനമ്പം ഭൂമി</u>**

1002 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. എം. എസ്. അരുൺ കുമാർ**
**ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനമ്പത്തെ 404.76 ഏക്കർ ഭൂമി വഖഫ് സ്വത്തായി രജിസ്റ്റർ ചെയ്യാൻ 2019 മെയ് മാസം ചേർന്ന വഖഫ് ബോർഡ് യോഗം തീരുമാനിച്ചിരുന്നോ; വിശദമാക്കാമോ;

(ബി) മുനമ്പം ഭൂമി വഖഫ് അല്ലെന്ന് വ്യക്തമാക്കി ഫാറൂഖ് കോളേജ് മാനേജ്മെന്റ് കോടതിയിൽ നൽകിയ സത്യവാങ്മൂലം നിലനിൽക്കെയാണോ ബോർഡ് മേൽപ്രകാരം തീരുമാനിച്ചത്; എങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ;

(സി) കേന്ദ്രസർക്കാർ നടപ്പാക്കിയ പുതിയ വഖഫ് ആക്ടിൽ വഖഫ് സ്വത്തുക്കൾ ഉമീദ് പോർട്ടലിൽ രജിസ്റ്റർ ചെയ്യണം എന്ന നിബന്ധനയുണ്ടോ; 2019 മെയ് മാസത്തിലെ തീരുമാനപ്രകാരം വഖഫ് സ്വത്താക്കിയ മുനമ്പം ഭൂമി ഉമീദ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## <u>ചാലിയപ്പുറം ഗവ. ഹൈസ്കൂൾ ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തുന്നതിനുള്ള നടപടി</u>

1003 **ശ്രീ. ടി. പി. അഷ്റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിലെ ചാലിയപ്പുറം ഗവ. ഹൈസ്കൂളിനെ ഹയർ സെക്കണ്ടറി സ്കൂളായി അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ചാലിയപ്പുറം ഗവ. ഹൈസ്കൂൾ ഹയർ സെക്കണ്ടറി സ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്ലസ് വൺ സീറ്റ് ക്ഷാമം രൂക്ഷമായ മലപ്പുറം ജില്ലയിൽ സീറ്റ് പ്രതിസന്ധിക്ക് ശാശ്വത പരിഹാരം കാണുന്നതിനായി ചാലിയപ്പുറം ഗവ. ഹൈസ്കൂളടക്കമുള്ള ജില്ലയിലെ മുഴുവൻ ഗവ. ഹൈസ്കൂളുകളും ഹയർ

സെക്കണ്ടറി സ്കൂളുകളായി അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>സി. എം. കിഡ്സ് സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കുന്നതിന് നടപടി</u>**

1004 **ശ്രീ. ടി. പി. അഷ്റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സി. എം. കിഡ്സ് സ്കോളർഷിപ്പ് (എൽ.എസ്.എസ്, യു.എസ്.എസ്) തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്കോളർഷിപ്പുകളുടെ തുക യഥാക്രമം 2500 രൂപയും 2000 രൂപയുമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രൈമറി തലം മുതൽ മിടുക്കരായ വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനുള്ള സംസ്ഥാന വ്യാപക പദ്ധതിയായ പ്രസ്തുത സ്കോളർഷിപ്പുകളുടെ തുക കാലോചിതമായി വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ;

(സി) നാല് വർഷത്തോളമായി കുടിശ്ശികയായുള്ള സി. എം. കിഡ്സ് സ്കോളർഷിപ്പ് (എൽ.എസ്.എസ്, യു.എസ്.എസ്) തുക കുടിശ്ശിക തീർത്ത് യഥാസമയം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>പി. എം. ശ്രീ പദ്ധതി</u>**

1005 **ശ്രീ. കെ. എൻ. ബാലഗോപാൽ**
**പ്രൊഫ. സി. രവീന്ദ്രനാഥ്**
**ശ്രീ. ജി. സ്റ്റീഫൻ**
**ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എം. ശ്രീ പദ്ധതിക്കുള്ള ധാരണാപത്രം മുൻ സർക്കാരിന്റെ കാലത്ത് ഒപ്പു വയ്ക്കുകയും പിന്നീട് പിൻവലിക്കുകയും ചെയ്തിരുന്നോയെന്ന് വ്യക്തമാക്കാമോ; പദ്ധതിയിൽ ഒപ്പു വയ്ക്കാത്തതിനാൽ സമഗ്ര ശിക്ഷാ കേരളം പദ്ധതിയ്ക്കുള്ള എത്ര തുകയാണ് കേന്ദ്ര സർക്കാർ തടഞ്ഞുവെച്ചതെന്ന് വിശദമാക്കാമോ;

(ബി) സമഗ്ര ശിക്ഷാ പദ്ധതിക്കുള്ള കേന്ദ്ര വിഹിതം മുൻ സർക്കാറിന്റെയോ നിലവിലെ സർക്കാറിന്റെയോ കാലത്ത് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരം ലഭ്യമാക്കാമോ;

(സി) ഈ ഇനത്തിൽ ലഭിക്കാനുള്ള ആകെ കേന്ദ്ര വിഹിതം എത്രയാണ്; ആയത് ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) പി. എം. ശ്രീ പദ്ധതിയുമായി മുന്നോട്ട് പോകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഇ) പി. എം. ശ്രീ പദ്ധതിയെ ദേശീയ വിദ്യാഭ്യാസ നയവുമായി നേരിട്ട് ബന്ധിപ്പിച്ചിട്ടുണ്ടോ; പി. എം. ശ്രീ പദ്ധതി ദേശീയ വിദ്യാഭ്യാസ നയവുമായി നേരിട്ട് ബന്ധിപ്പിക്കുന്നത് എന്തൊക്കെ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

**<u>പൊതു വിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്ക്</u>**

1006 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. കല്ലട മാഹിൻ**
**ശ്രീമതി ഫാത്തിമ തഹിലിയ**
**ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാലയങ്ങളിൽ നിന്നും കുട്ടികൾ കൊഴിഞ്ഞുപോകുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പൊതുവിദ്യാലയങ്ങളിലെ പഠന നിലവാരം ഉയർത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) അധ്യാപക പരിശീലനം മികവുറ്റതാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ആലോചിക്കുന്നത്; വിശദമാക്കാമോ?

**<u>കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയവും സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പും തമ്മിലുള്ള എം.ഒ.യു.</u>**

1007 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് കീഴിലെ സ്കൂൾ വിദ്യാഭ്യാസ - സാക്ഷരത വകുപ്പും സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പും തമ്മിലുള്ള എം.ഒ.യു. നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി 2025 നവംബർ മാസത്തിൽ കേന്ദ്ര സ്കൂൾ വിദ്യാഭ്യാസ - സാക്ഷരത വകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കത്തിൽ എം.ഒ.യു. നടപ്പാക്കുന്നത് നിർത്തിവെക്കാൻ സംസ്ഥാന മന്ത്രിസഭ തീരുമാനിച്ചതായി പരാമർശിക്കുന്നുണ്ടോ;

(സി) പ്രസ്തുത കത്തിൽ പരാമർശിക്കുന്ന എം.ഒ.യു. -വിന്റെ അടിസ്ഥാനത്തിൽ പി. എം. ശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ സംസ്ഥാന സർക്കാർ ഏതെങ്കിലും തുക കൈപ്പറ്റിയിട്ടുണ്ടോ, ഉണ്ടെങ്കിൽ ഏതൊക്കെ ഇനത്തിൽ എത്ര തുക ലഭിച്ചു എന്ന് വിശദമാക്കാമോ?

## <u>പുറക്കാട് ഗവൺമെന്റ് എൽ.പി.എസ്. പ്രവേശനോത്സവം</u>

1008 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുറക്കാട് ഗവൺമെന്റ് എൽ.പി.എസ്. -ലെ സ്കൂൾ മാനേജിംഗ് കമ്മിറ്റി ചെയർമാൻ പ്രവേശനോത്സവം ബഹിഷ്കരിച്ചതും പരിപാടി നടത്തരുതെന്ന് സ്കൂൾ അധികാരികളോട് നിർദ്ദേശിച്ചതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വ്യക്തി, പ്രവേശനോത്സവം ഉദ്ഘാടനം ചെയ്യാനെത്തിയ സ്ഥലം എം.എൽ.എ. -യെ ഫെയ്സ്ബുക്ക് പോസ്റ്റിലൂടെ ആക്ഷേപിച്ച സംഭവം അറിവിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വ്യക്തി ചെയർമാനായ സ്കൂൾ മാനേജിംഗ് കമ്മിറ്റിയെ പിരിച്ചുവിട്ട് പുതിയ സമിതി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) പ്രസ്തുത സ്കൂളിൽ പ്രൈമറി, മിഡിൽ സ്കൂൾ, ഹൈസ്കൂൾ, ഹയർ സെക്കന്ററി എന്നിങ്ങനെ ഓരോ വിഭാഗങ്ങൾക്കും പ്രത്യേകം പി.ടി.എ. -യെ തെരഞ്ഞെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ;

(ഡി) പ്രസ്തുത സ്കൂളിലെ പി.ടി.എ. വിഭാഗീയമായി പ്രവർത്തിക്കുന്നുവെന്ന സ്കൂൾ അധികാരികളുടെ ആക്ഷേപവും എം.എൽ.എ. -യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച ബഹുനില മന്ദിരത്തിന്റെ നിർമ്മാണം മന്ദഗതിയിലാണെന്ന കാര്യവും കണക്കിലെടുത്ത് പ്രസ്തുത കമ്മിറ്റിയെ പിരിച്ചുവിട്ട് പുതിയ കമ്മിറ്റി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>പി.എം ശ്രീ പദ്ധതി</u>

1009 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ശ്രീ. പദ്ധതി കേരളത്തിലെ സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്ത് ഏതെങ്കിലും സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ടി പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് കേന്ദ്രസർക്കാരുമായി ഏതെങ്കിലും ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>നേമം മണ്ഡലത്തിലെ പദ്ധതികൾ</u>

1010 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ പ്രവർത്തന പുരോഗതി എന്നിവ അറിയിക്കാമോ;

(സി) ഈ പദ്ധതികൾ എപ്പോൾ പൂർത്തിയാക്കുമെന്ന് അറിയിക്കാമോ?

## <u>സ്കൂൾ ബാഗുകളുടെ ഭാരം</u>

1011 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ സ്കൂൾ ബാഗുകളുടെ ഭാരം കുട്ടികളുടെ ശരീരഭാരത്തിന്റെ നിശ്ചിത ശതമാനത്തിലും കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇതുമൂലം കുട്ടികൾക്കുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയത്തെ കുറിച്ച് പഠിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ സ്കൂൾ ബാഗ് പോളിസി പ്രകാരം ഭാര ക്രമീകരണം സംസ്ഥാനത്തെ എയ്ഡഡ്, അൺ-എയ്ഡഡ്, സി.ബി.എസ്.ഇ. ഉൾപ്പെടെയുള്ള എല്ലാ വിദ്യാലയങ്ങളിലും പൂർണ്ണമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം പരിശോധനാ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) എല്ലാ വിഷയങ്ങളിലേയും ഓരോ മാസവും എടുക്കുന്ന പാഠഭാഗങ്ങൾ ഉൾപ്പെടുത്തി പ്രതിമാസ പുസ്തകങ്ങളായി തിരിക്കുകയും 200 പേജിനു പകരം 80 പേജിന്റെ നോട്ടുപുസ്തകങ്ങളാക്കുകയും ചെയ്താൽ ബാഗിന്റെ ഭാരം കുറയ്ക്കാൻ കഴിയുമെന്നിരിക്കെ പാഠപുസ്തകത്തിന്റെ പ്രിന്റിംഗ് രീതി ഇത്തരത്തിൽ പരിഷ്കരിച്ച് എൽ.പി., യു.പി., എച്ച്.എസ്. വിഭാഗങ്ങളിൽ സമഗ്രമായി നടപ്പിലാക്കാൻ സർക്കാർ തയ്യാറാകുമോ;

(ഡി) ബാഗുകളുടെ ഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി സ്കൂളുകളിൽ ഓരോ കുട്ടിക്കും പുസ്തകങ്ങൾ സൂക്ഷിച്ചുവെക്കാൻ ലോക്കർ സൗകര്യം ഒരുക്കുന്നതിനും പരീക്ഷണാടിസ്ഥാനത്തിൽ ഡിജിറ്റൽ യുഗത്തിന് അനുയോജ്യമായ ഇ-ടെക്സ്റ്റ് ബുക്കുകൾ പ്രയോജനപ്പെടുത്തുന്നതിനും പദ്ധതി നടപ്പിലാക്കുമോ;

(ഇ) ക്ലാസ് മുറികളിലെ പരമ്പരാഗത പഠന രീതിക്കൊപ്പം കുട്ടികൾക്ക് സ്വന്തമായി ഉപയോഗിക്കാവുന്ന ടാബ്‌ലെറ്റുകൾ, ലൈറ്റ്-വെയിറ്റ് സ്മാർട്ട് ഉപകരണങ്ങൾ, ഓഡിയോ-വിഷ്വൽ ലേണിംഗ് ടൂളുകൾ എന്നിവ നൽകിക്കൊണ്ട് കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയെ പൂർണ്ണമായും സ്മാർട്ട് ലേണിംഗ് സിസ്റ്റത്തിലേക്ക് മാറ്റുന്നതിന് എന്തെല്ലാം ആധുനിക നയങ്ങളാണ് വിഭാവനം ചെയ്യുന്നതെന്ന് വിശദമാക്കാമോ?

**<u>ചിറയിൻകീഴ് മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ</u>**

1012 **ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിൽ കഴിഞ്ഞ അഞ്ചുവർഷത്തിൽ ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിച്ച പൊതുവിദ്യാഭ്യാസവകുപ്പിന്റെ പദ്ധതികളുടെ പുരോഗതി തരം തിരിച്ച് നൽകാമോ;

(ബി) സാങ്കേതിക അനുമതി ലഭിക്കാത്തതിനാൽ മുടങ്ങി കിടക്കുന്ന പദ്ധതികൾ ഉണ്ടെങ്കിൽ വിശദമാക്കാമോ?

## <u>സ്കൂൾ അധ്യാപകരുടെ സെൻസസ് ഡ്യൂട്ടി</u>

1013 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ-എയ്ഡഡ് വിദ്യാലയങ്ങളിലെ അധ്യാപകരുടെ ആകെ എണ്ണവും അതിൽ സെൻസസ് ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുള്ളവരുടെ എണ്ണവും അറിയിക്കാമോ; ഇത് ആകെ അധ്യാപകരുടെ എത്ര ശതമാനം വരുമെന്ന് വ്യക്തമാക്കാമോ;

(ബി) ജൂൺ ഒന്ന് മുതൽ ഓണപ്പരീക്ഷ ആരംഭിക്കുന്ന ആഗസ്റ്റ് 13 വരെയുള്ള കാലയളവിൽ അക്കാദമിക്ക് കലണ്ടർ പ്രകാരം എത്ര അധ്യയന ദിനങ്ങളാണ് ആകെ ഉള്ളതെന്നും ഈ കാലയളവിൽ അധ്യാപകരെ സെൻസസ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുമ്പോൾ അത് അധ്യയനത്തെ ബാധിക്കാതിരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(സി) സെൻസസ് കാലയളവിൽ അധ്യയനം തടസപ്പെടാതിരിക്കാൻ താല്ക്കാലിക അധ്യാപകരെ നിയമിക്കുമോയെന്ന് വിശദമാക്കാമോ;

(ഡി) സെൻസസ് ഡ്യൂട്ടിയിലുള്ള അധ്യാപകർക്ക് ഡ്യൂട്ടി ലീവ് അനുവദിക്കുമോയെന്ന് വിശദമാക്കാമോ?

## <u>അടച്ചു പൂട്ടിയ സർക്കാർ - എയ്ഡഡ് സ്കൂളുകൾ</u>

1014 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ഏപ്രിൽ 1 മുതൽ 2026 മെയ് 31 വരെയുള്ള കാലയളവിൽ അടച്ചു പൂട്ടിയ സർക്കാർ സ്കൂളുകളുടെയും എയ്ഡഡ് സ്കൂളുകളുടെയും വിവരം നിയോജക മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ലയിപ്പിച്ചിട്ടുള്ള സർക്കാർ സ്കൂളുകൾ, സ്വകാര്യ സ്കൂളുകൾ എന്നിവയുടെ വിവരം നിയോജക മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ പ്രവർത്തിച്ചു വന്നിരുന്ന പൊതുവിദ്യാലയങ്ങളിൽ 50-ൽ താഴെ മാത്രം കുട്ടികൾ പഠിച്ചിരുന്ന സർക്കാർ-എയ്ഡഡ് സ്കൂളുകളുടെ വിവരവും ഓരോന്നിലേയും കുട്ടികളുടെ എണ്ണവും അധ്യയനവർഷം, നിയോജക മണ്ഡലം എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത കാലയളവിൽ പ്രവർത്തിച്ചു വന്നിരുന്ന പൊതുവിദ്യാലയങ്ങളിൽ 50-ൽ താഴെ മാത്രം കുട്ടികൾ പഠിച്ചിരുന്ന സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ ശമ്പളയിനത്തിലും മറ്റ് ഇനങ്ങളിലും ചിലവഴിച്ച തുക അധ്യയനവർഷം, സ്കൂൾ, നിയോജക മണ്ഡലം എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കാമോ?

## <u>സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷ</u>

1015 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ അധ്യയന വർഷം ആരംഭിക്കുകയും മഴ ശക്തിയാർജിക്കുകയും ചെയ്യുന്ന നിലവിലെ സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസും സ്കൂൾ വാഹനങ്ങളുടെ കാലപ്പഴക്കവും പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>കെ.ടെറ്റ് പരീക്ഷാഫലം സംബന്ധിച്ച പരാതികൾ</u>

1016 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അവസാനമായി പ്രസിദ്ധീകരിച്ച കെ.ടെറ്റ് (കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ്) പരീക്ഷയുടെ ഫലത്തിൽ തിരുത്തൽ വരുത്തിയ ഉത്തരസൂചിക പ്രകാരമുള്ള മാർക്കും പ്രസിദ്ധീകരിച്ച ഫലത്തിലെ മാർക്കും തമ്മിൽ വ്യത്യാസമുള്ളതായി പരാതികൾ ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## <u>പേഴ്സണൽ സ്റ്റാഫിന്റെ ഡെപ്യൂട്ടേഷൻ കാലാവധി</u>

1017 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പിലെ അധ്യാപക-അനധ്യാപക ജീവനക്കാർ എം.പി.മാർ , എം.എൽ.എ. മാർ ,മന്ത്രിമാർ തുടങ്ങിയവരുടെ പേഴ്സണൽ സ്റ്റാഫിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന കാലയളവ്, അവരുടെ അന്തർ ജില്ലാ സ്ഥലം മാറ്റത്തിനുള്ള കുറഞ്ഞ സർവീസ് കാലാവധി നിർണ്ണയിക്കുന്നതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) നിലവിൽ ഇത്തരത്തിൽ പേഴ്സണൽ സ്റ്റാഫ് ഡെപ്യൂട്ടേഷനിൽ തുടരുന്ന ജീവനക്കാർക്ക് പ്രസ്തുത കാലയളവിലോ ഡെപ്യൂട്ടേഷൻ പൂർത്തിയാക്കുമ്പോഴോ ടി കാലയളവിലെ സർവീസ് ഉൾപ്പെടുത്തി അന്തർജില്ലാ സ്ഥലം മാറ്റത്തിന് അപേക്ഷിക്കാൻ അർഹതയുണ്ടോ; ഇത് സംബന്ധിച്ച നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ /മാർഗ്ഗരേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പേഴ്സണൽ സ്റ്റാഫ് ഡെപ്യൂട്ടേഷൻ കാലാവധി അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള സീനിയോറിറ്റിയെയും മറ്റ് ആനുകൂല്യങ്ങളെയും ഏത് രീതിയിലാണ് ബാധിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## <u>പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം</u>

1018 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പൊതുവിദ്യാലയങ്ങളിൽ അഡ്മിഷൻ നേടിയ കുട്ടികളുടെ എണ്ണം എത്രയാണ് ;

(ബി) ഈ അധ്യായന വർഷം സർക്കാർ -എയ്ഡഡ് സ്കൂളുകളിലെ ഒന്നാം ക്ലാസ്സിൽ എത്ര കുട്ടികൾ പ്രവേശനം നേടിയിട്ടുണ്ട് ;മുൻ വർഷം എത്ര കുട്ടികൾ പ്രവേശനം നേടിയിരുന്നു ;

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിലൂടെ സ്കൂളുകളിൽ അടിസ്ഥാനസൗകര്യ വികസനം ലഭ്യമായിട്ടും പ്രവേശനം കുറയുന്നതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തി പൊതുവിദ്യാലയങ്ങളിലേക്ക് കുട്ടികളെ ആകർഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

## <u>വിദ്യാഭ്യാസ വകുപ്പിൽ തീർപ്പാക്കാതെ കിടക്കുന്ന ഫയലുകൾ</u>

1019 **ശ്രീ. എം. റഹ്മത്തുള്ള**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി .എം. എ. സമീർ**
**ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഓഫീസുകളിലായി ഫയലുകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നതായ ആക്ഷേപം പരിശോധിക്കുമോ ;

(ബി) തീർപ്പാക്കാത്ത ഫയലുകൾ സമയ ബന്ധിതമായി തീർപ്പാക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ;അറിയിക്കാമോ ;

(സി) ഫയലുകളിൽ മനഃപൂർവ്വമായി കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;വിശദമാക്കുമോ?

## <u>അരുവിക്കര മണ്ഡലത്തിലെ സ്കൂളുകളുടെ ചുറ്റുമതിൽ നിർമ്മാണം</u>

1020 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ അപൂർണമായതും പൊളിഞ്ഞുകിടക്കുന്നതുമായ അവസ്ഥയിലുള്ള ചുറ്റുമതിലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തെരുവുനായശല്യം, വന്യജീവികളുടെ സാമീപ്യം എന്നിവ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ചുറ്റുമതിലുകൾ അടിയന്തരമായി നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി

1021 **ശ്രീ. വി. ടി. ബൽറാം**

**ശ്രീ. ടോണി ചമ്മണി**

**ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ആവശ്യത്തിന് ഫണ്ട് അനുവദിക്കാത്തതും അനുവദിക്കുന്ന ഫണ്ട് യഥാസമയം ലഭ്യമാക്കാത്തതും മൂലം സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി പ്രതിസന്ധി നേരിട്ടുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രധാന അധ്യാപകർക്ക് സാമ്പത്തിക ബാധ്യത വരുത്താതെ സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിയിൽ കൃത്യത വരുത്തുന്നതിനും പോഷകഗുണമുള്ള ആഹാരം നൽകുന്നതിനും നടപടികൾ സ്വീകരിക്കാമോ ;വിശദമാക്കുമോ;

(സി) സർക്കാരിന്റെ ഉത്തരവാദിത്വം നിലനിർത്തിക്കൊണ്ട് തന്നെ അധ്യാപക രക്ഷാകർതൃ സമിതികളെ കൂടി പങ്കാളികളാക്കി ഉച്ചഭക്ഷണ പദ്ധതി കൂടുതൽ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ഇലക്ട്രിക് സ്കൂൾ ബസുകൾ

1022 **ശ്രീ. തോമസ് ഉണ്ണിയാടൻ**

**ശ്രീ. വർഗ്ഗീസ് മാമ്മൻ**

**ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡീസൽ ഉപയോഗിക്കുന്ന സ്കൂൾ ബസ്സുകൾക്ക് പകരം ഇലക്ട്രിക് ബസുകൾ ഏർപ്പെടുത്തുന്നതിനുള്ള ശിപാർശയോ നിർദ്ദേശങ്ങളോ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ഏതെങ്കിലും പഠനത്തിന്റെ ഫലമായാണോ പ്രസ്തുത ശിപാർശകൾ ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ശബ്ദമലിനീകരണവും പരിസ്ഥിതി മലിനീകരണവും കുറയ്ക്കുമെന്നുള്ളതിനു പുറമേ ഇലക്ട്രിക് ബസുകളിലേക്കുള്ള മാറ്റത്തിന്റെ മറ്റു ഗുണഫലങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇലക്ട്രിക് ബസുകളിലേക്കുള്ള മാറ്റത്തിനാവശ്യമായി വരുന്ന ഉയർന്ന മൂലധന ചെലവ് എങ്ങനെ കണ്ടെത്താനാകുമെന്നാണ് കരുതുന്നത് ; വ്യക്തമാക്കാമോ;

(ഡി) ഇലക്ട്രിക് ബസുകളുടെ മൂലധന -പരിപാലന ചെലവുകൾ കുറയ്ക്കാൻ ബദൽ നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

## <u>ആലത്തൂർ മണ്ഡലത്തിലെ പൊതു വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം</u>

1023 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ ആലത്തൂർ നിയോജക മണ്ഡലത്തിലെ ഏതൊക്കെ പൊതു വിദ്യാലയങ്ങളിലാണ് അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പ്രവൃത്തികൾ നടന്നത് എന്ന് വിശദമാക്കാമോ;

(ബി) ഓരോ സ്കൂളിലും എത്ര രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ഈ കാലയളവിൽ നടത്തിയതെന്ന വിവരങ്ങൾ നൽകാമോ;

(സി) നിലവിൽ ഏതൊക്കെ സ്കൂളുകളിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നത് ; ഏതു വകുപ്പ് മുഖേനയാണ് പ്രവൃത്തികൾ നടന്നു

വരുന്നതെന്നും നിലവിലെ പുരോഗതി എന്താണെന്നുമുള്ള വിവരങ്ങൾ നൽകാമോ;

(ഡി) നിലവിൽ മണ്ഡലത്തിലെ ഏതെങ്കിലും സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിവരങ്ങൾ നൽകാമോ?

<u>വിദ്യാലയങ്ങൾ ലഹരി വിമുക്തമാക്കുന്നതിന് നടപടി</u>

1024 **ശ്രീ. ചാണ്ടി ഉമ്മൻ**

**ശ്രീ. റോയി. കെ. പൗലോസ്**

**ശ്രീ. എം. എം. നസീർ**

**ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങൾ ലഹരി വിമുക്തമാക്കുന്നതിന് പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വിദ്യാർത്ഥികൾ ലഹരി വ്യാപാരത്തിന്റെ ഇടനിലക്കാരാകുന്നത് തടയുന്നതിനും വിദ്യാലയങ്ങളുടെ സമീപത്ത് ലഹരിപദാർത്ഥങ്ങളുടെ ലഭ്യത ഇല്ലാതാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) വിദ്യാലയങ്ങളിലെ ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് ഏതെല്ലാം വകുപ്പുകളുടെ ഏകോപനമാണ് സാധ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>അധിക തസ്തിക അനുവദിച്ച സ്കൂളുകളുടെ വിവരങ്ങൾ</u>

1025 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 - 2024, 2024 - 2025, 2025 - 2026 എന്നീ അധ്യയന വർഷങ്ങളിലെ തസ്തിക നിർണ്ണയത്തിൽ ഒരു വിദ്യാർത്ഥി മാത്രം അധികമായി വന്നതിന്റെ അടിസ്ഥാനത്തിൽ അധിക തസ്തിക അനുവദിച്ചിട്ടുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകൾ എതെല്ലാമാണെന്ന്

വ്യക്തമാക്കാമോ; ജില്ല, തസ്തിക, അനുവദിച്ച വർഷം എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി മുഖേന അച്ചടിച്ച പാഠപുസ്തകങ്ങൾ</u>**

1026 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി (കെ.ബി.പി.എസ്.) മുഖേന 2011 മുതൽ 2026 വരെ ഓരോ വർഷവും ആകെ എത്ര പാഠപുസ്തകങ്ങളാണ് അച്ചടിച്ചിട്ടുള്ളതെന്ന വിവരം പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

**<u>സർക്കാർ വിദ്യാലയങ്ങളുടെ നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ</u>**

1027 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. നാട്ടകം സുരേഷ്**
**ശ്രീ. സിറിയക് തോമസ്**
**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം സർക്കാർ -എയ്ഡഡ് വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് കുറവുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) സർക്കാർ വിദ്യാലയങ്ങൾ വിദ്യാർത്ഥികളെ ആകർഷിക്കുന്ന തരത്തിലുള്ളതാക്കി മാറ്റാൻ പശ്ചാത്തല സൗകര്യത്തിലും അക്കാദമിക നിലവാരത്തിലും വരുത്താൻ ഉദ്ദേശിക്കുന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സ്കൂളുകളിലെ പഠന നിലവാരം ഉയർത്തുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

**<u>ഭാഷാശേഷിയും സാങ്കേതിക നൈപുണ്യവും വികസിപ്പിക്കുന്നതിനുള്ള നടപടികൾ</u>**

1028 **ശ്രീ. അൻവർ സാദത്ത്**

**ശ്രീ. നീലകണ്ഠൻ**

**ശ്രീ. സന്ദീപ് വാര്യർ**

**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃഭാഷയിലും ഭരണഭാഷയായ മലയാളത്തിലും ഇംഗ്ലീഷ് ഭാഷയിലുമുള്ള ഭാഷാപ്രയോഗ ശേഷിയും ആശയസംവേദനക്ഷമതയും ഉറപ്പാക്കുന്നതിനായി പ്രാഥമിക തലം മുതൽ ഹയർസെക്കന്ററി തലം വരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) സാങ്കേതിക പരിജ്ഞാനത്തിനും തൊഴിലധിഷ്ഠിത നൈപുണ്യവികസനത്തിനും പ്രാധാന്യം നല്കുന്ന രീതി സ്കൂൾ പാഠ്യപദ്ധതിയിലും ഭൗതികസൗകര്യങ്ങളിലും നടപ്പാക്കുമോ; വ്യക്തമാക്കുമോ ;

(സി) പുതിയ കാലത്തിന്റെ ആവശ്യം കണക്കിലെടുത്ത് വിദേശഭാഷകൾ പഠിക്കാനുള്ള അവസരം സ്കൂൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;വിശദമാക്കുമോ ?

**<u>സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ</u>**

1029 **ശ്രീ. എം. വിൻസെന്റ്**

**ശ്രീമതി കെ. കെ. രമ**

**ശ്രീ. വി. ടി. സൂരജ്**

**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷാപരിശോധനയ്ക്ക് ഏതൊക്കെ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥരെയാണ് നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സ്കൂൾ കെട്ടിടങ്ങളുടെ കാലപ്പഴക്കവും , കാലവർഷം മൂലമുള്ള അപകട സാധ്യതകളും കണക്കിലെടുത്ത് ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>പൊതു വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് നടപടി</u>**

1030 **ശ്രീ. സി. ആർ. മഹേഷ്**

**ശ്രീ. ദീപക് ജോയ്**

**ശ്രീ. എഫ്. രാജ**

**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പൊതു വിദ്യാഭ്യാസ മേഖലയുടെ നിലവാരം ഉയർത്തുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പാഠ്യപദ്ധതിയുടെ നവീകരണത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ഡി) കുട്ടികളിൽ സാങ്കേതികജ്ഞാനത്തോടൊപ്പം സാമൂഹിക ബോധവും വളർത്തുന്നതിനുതകുന്ന തരത്തിൽ പാഠ്യക്രമം രൂപീകരിക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം</u>**

1031 **ശ്രീ. സജി ചെറിയാൻ**

**ശ്രീ. കെ. പ്രേംകുമാർ**

**ശ്രീ. കെ. യു. ജനീഷ് കുമാർ**

**ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, വിദ്യാകിരണം മിഷൻ എന്നീ പദ്ധതികൾ വഴി വിദ്യാഭ്യാസ രംഗത്ത്

കൈവരിച്ച പ്രധാന നേട്ടങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി, മുൻ സർക്കാരിന്റെ കാലത്ത് കിഫ്ബി,പ്ലാൻ ഫണ്ട് എന്നിവ മുഖേന എത്ര സ്കൂളുകൾക്കാണ് പുതിയ കെട്ടിടങ്ങളും മറ്റ് ഭൗതിക സാഹചര്യങ്ങളും ഒരുക്കി നൽകിയത് എന്ന് വെളിവാക്കാമോ;

(സി) സംസ്ഥാനത്തെ സർക്കാർ, എയിഡഡ് സ്കൂളുകളിൽ ഹൈടെക്ക് ക്ലാസ് മുറികളും ഹൈടെക്ക് ലാബുകളും സ്ഥാപിച്ച് ഡിജിറ്റൽ വിദ്യാഭ്യാസ രംഗത്ത് സമ്പൂർണ മാറ്റം കൊണ്ടുവരാൻ മുൻ സർക്കാരിന് സാധിച്ചിട്ടുണ്ടോ ;എങ്കിൽ എത്ര സ്കൂളുകൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) അടിസ്ഥാന സൗകര്യങ്ങളിലും അക്കാദമിക മികവിലും മുൻ സർക്കാർ വരുത്തിയ സമൂല പരിഷ്കാരങ്ങളുടെ ഫലമായി മുൻ സർക്കാരിന്റെ കാലയളവിൽ പൊതു വിദ്യാലയങ്ങളിലെ കൊഴിഞ്ഞ് പോക്ക് അവസാനിപ്പിച്ച് പുതിയതായി പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിൽ ഉണ്ടായ വൻവർദ്ധനവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) മുൻ സർക്കാരിന്റെ കാലത്ത് പൊതുവിദ്യാഭ്യാസ രംഗത്തുണ്ടായ മികച്ച നേട്ടങ്ങളും വിദ്യാർത്ഥികളുടെ വർദ്ധിച്ച പങ്കാളിത്തവും അതേപടി നിലനിർത്താനും തുടർന്നും മുന്നോട്ട് കൊണ്ടുപോകാനും നിലവിലെ സർക്കാർ ലക്ഷ്യമിടുന്നുണ്ടോ ; വ്യക്തമാക്കാമോ?

<u>**നെന്മാറ മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളിലെ വികസന പ്രവർത്തനങ്ങൾ**</u>

1032 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നെന്മാറ നിയോജക മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളിൽ വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

**അഴിക്കോട് മണ്ഡലത്തിലെ പ്രവൃത്തികൾ**

1033 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിക്കോട് മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന പ്രവൃത്തികളുടെ വിശദാംശം നൽകാമോ ; പൊതു വിദ്യാഭ്യാസ ഫണ്ട് ഉപയോഗിച്ചോ, കിഫ്ബി ഫണ്ട് ഉപയോഗിച്ചോ നടന്നു വരുന്ന സ്കൂൾ കെട്ടിടങ്ങളുടെ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ ?

**പരിഷ്കരിച്ച മൂല്യ നിർണ്ണയ രീതിയിലൂടെ പഠന നിലവാരത്തിലുണ്ടായ പുരോഗതി**

1034 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പ് സംസ്ഥാനത്തെ സ്കൂളുകളിൽ പൊതു പരീക്ഷയിലെ പേപ്പറുകൾക്ക് സബ്ജക്ട് മിനിമവും ഫുൾപാസ് മിനിമവും ഏർപ്പെടുത്തി മൂല്യനിർണ്ണയ രീതി പരിഷ്കരിച്ചതിന് ശേഷം വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം**

1035 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ഭരണാനുമതി ലഭിച്ചതും എന്നാൽ പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് തുകയടക്കം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**പി.എം.ശ്രീ. പദ്ധതി**

1036 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ മേഖലയിലെ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിലായി സംസ്ഥാനത്തിന് ഇനിയും ലഭിക്കാനുള്ള ആകെ തുക എത്രയാണെന്ന് അറിയിക്കാമോ;

(ബി) പി.എം.ശ്രീ. പദ്ധതി ആരംഭിച്ചതിന് ശേഷം ബന്ധപ്പെട്ട എന്തെങ്കിലും പ്രവർത്തനങ്ങൾ കേരളത്തിൽ ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പി.എം.ശ്രീ. പദ്ധതി ഫണ്ട് ഇത് വരെ സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) പി.എം.ശ്രീ. പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരുമായി ഒപ്പിട്ട ധാരണാപത്രം മരവിപ്പിക്കാൻ സർക്കാർ കത്ത് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) പി.എം.ശ്രീ. പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് താൽപ്പര്യമില്ലാത്തതിനാൽ അവിടെ തുടങ്ങാനായിട്ടില്ല എന്ന് കേന്ദ്ര സർക്കാർ ഏതെങ്കിലും കോടതിയിൽ സത്യവാങ്മൂലം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

**പൊതുവിദ്യാലയങ്ങളിലെ പ്രായോഗിക പഠനപ്രവർത്തനങ്ങൾ**

1037 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ പാഠപുസ്തകങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള പഠന പ്രവർത്തനങ്ങളും (Learning Activities) ശാസ്ത്ര പരീക്ഷണങ്ങളും പല സ്കൂളുകളിലെയും ക്ലാസ് മുറികളിലും ലബോറട്ടറികളിലും കൃത്യമായി നടക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രായോഗിക പഠനപ്രവർത്തങ്ങൾ കൃത്യമായി നടപ്പാക്കാത്ത വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളിൽ പ്രസ്തുത വിഷയങ്ങളോടുള്ള താല്പര്യം കുറയുന്നതായും ഇത്തരം പ്രവർത്തനങ്ങൾ ഫലപ്രദമായി

നടപ്പാക്കുന്ന വിദ്യാലയങ്ങളിലെ കുട്ടികളിൽ ശാസ്ത്രീയ ബോധവും ഗവേഷണ താല്പര്യവും വർദ്ധിക്കുന്നതായും കണ്ടെത്തിയിട്ടുണ്ടോ; എല്ലാ സ്കൂളുകളിലും തുല്യമായ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെയും ലോവർ പ്രൈമറി (എൽ പി ), അപ്പർ പ്രൈമറി (യു പി ),ഹൈസ്കൂൾ (എച്ച് എസ് ) വിഭാഗങ്ങളിൽ പാഠപുസ്തകങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ശാസ്ത്ര പരീക്ഷണങ്ങൾ തടസ്സമില്ലാതെ നടത്തുന്നതിന് ആവശ്യമായ അടിസ്ഥാന ലബോറട്ടറി സൗകര്യങ്ങളും എക്സ്പിരിമെന്റ് കിറ്റുകളും (സയൻസ് കിറ്റ്സ് ) ലഭ്യമാക്കാൻ പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ;

(ഡി) പാഠപുസ്തകങ്ങളിൽ പറയുന്ന പ്രവർത്തനങ്ങൾ കൃത്യമായി ക്ലാസ് മുറികളിൽ നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി വിദ്യാലയങ്ങളിൽ നിലവിലുള്ള അക്കാദമിക മോണിറ്ററിംഗ് സംവിധാനം (എ.ഇ.ഒ, ഡി.ഇ.ഒ., ബി.ആർ.സി. തലങ്ങളിലെ പരിശോധനകൾ) കൂടുതൽ ശക്തമാക്കാനും കൃത്യമായ ഇടവേളകളിൽ അക്കാദമിക ഓഡിറ്റിംഗ് നടത്താനും നിർദ്ദേശം നൽകുമോ;

(ഇ) കേവലം പരീക്ഷാ കേന്ദ്രീകൃതമായ പഠന രീതിയിൽ നിന്നും മാറി, പ്രായോഗിക പ്രവർത്തനങ്ങൾക്കും പ്രോജക്ടുകൾക്കും ശാസ്ത്ര പരീക്ഷണങ്ങൾക്കും കൃത്യമായ വെയിറ്റേജ് (Weightage/Continuous Evaluation Marks) നൽകുന്ന രീതിയിൽ മൂല്യനിർണ്ണയ സംവിധാനത്തിൽ ആവശ്യമായ പരിഷ്കാരങ്ങൾ നടപ്പിൽ വരുത്താൻ സർക്കാർ തയ്യാറാകുമോ?

## <u>പാഠപുസ്തക വിതരണം</u>

1038 **ശ്രീ. ചാണ്ടി ഉമ്മൻ**

**ശ്രീ. റോയി. കെ. പൗലോസ്**

**ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; അവ

കാലോചിതമായി പരിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ ;

(ബി) ഈ അധ്യയന വർഷം പാഠപുസ്തകങ്ങളുടെ വിതരണം വൈകാതിരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ;

(സി) അടുത്ത അധ്യയനവർഷത്തേക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും യഥാസമയം പൂർത്തിയാക്കുന്നതിന് മുൻകൂർ നടപടികൾ സ്വീകരിക്കുമോ;വ്യക്തമാക്കുമോ ?

## ഏലമ്പ്ര പ്രദേശത്തെ പ്രൈമറി വിദ്യാലയം

1039 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ഉപജില്ലയിൽ ഏലമ്പ്ര പ്രദേശത്ത് പ്രൈമറി വിദ്യാലയം ആരംഭിക്കുന്നത് സംബന്ധിച്ച് പൊതു വിദ്യാഭ്യാസ വകുപ്പിലും ധനകാര്യ വകുപ്പിലും നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) ബഹു.സുപ്രീം കോടതി, പൊതു വിദ്യാഭ്യാസ വകുപ്പ്, മനുഷ്യാവകാശ കമ്മീഷൻ, ബാലാവകാശ കമ്മീഷൻ, എന്നിവയുടെ അനുകൂല ഉത്തരവുണ്ടായിട്ടും ഏലമ്പ്ര പ്രദേശത്ത് സർക്കാർ മേഖലയിൽ വിദ്യാലയം അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഈ അധ്യയന വർഷം തന്നെ ഏലമ്പ്ര പ്രദേശത്ത് പുതിയ ഗവ. എൽ.പി. സ്കൂൾ അനുവദിക്കുമോ?

## സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി

1040 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ ഫിഷറീസ് വകുപ്പിന് കീഴിലുള്ള ജി.ആർ.എഫ്.ടി.എച്ച്.എസ്. സ്കൂളിൽ 2026-27 അധ്യയന വർഷത്തിലെ എട്ടാം ക്ലാസിലേക്കുള്ള അഡ്മിഷനു വേണ്ടി ലഭിച്ച 90 അപേക്ഷകളിൽ ആകെ 40 കുട്ടികൾക്ക്

മാത്രമേ അഡ്മിഷൻ ലഭിച്ചിട്ടുള്ളൂ എന്നതിന്റെ അടിസ്ഥാനത്തിൽ സീറ്റുകളുടെ എണ്ണത്തിൽ വർധനവ് വരുത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) പ്രസ്തുത സ്കൂളിൽ ഇംഗ്ലീഷ് മീഡിയം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**ഹയർ സെക്കണ്ടറി ജിയോഗ്രഫി ടീച്ചർ റാങ്ക് ലിസ്റ്റ്**

1041 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. യുടെ കാറ്റഗറി നം. 736/2021 പ്രകാരമുള്ള ഹയർസെക്കണ്ടറി ജിയോഗ്രഫി (ജൂനിയർ) ടീച്ചർ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ്; ഇതിൽ നിന്നും എത്ര പേരെ ഇതിനകം നിയമിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഹയർ സെക്കണ്ടറി ജിയോഗ്രഫി (സീനിയർ) ടീച്ചർ തസ്തികയിൽ നിന്നും 2025-2026 അദ്ധ്യയന വർഷം എത്ര പേർ വിരമിച്ചു; വിരമിച്ച ഒഴിവിലേക്ക് ജിയോഗ്രഫി (ജൂനിയർ) ടീച്ചർമാരെ പ്രമോഷൻ നൽകി നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഒഴിവുള്ള ഹയർ സെക്കണ്ടറി ടീച്ചർ ജിയോഗ്രഫി (സീനിയർ) തസ്തികയിലേക്ക് ഹയർ സെക്കണ്ടറി ടീച്ചർ ജിയോഗ്രഫി (ജൂനിയർ) തസ്തികയിൽ നിന്നും പ്രമോഷൻ നൽകി നിയമിക്കുന്നതുമൂലം വരുന്ന ഒഴിവിലേക്ക് പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും എന്നത്തേക്ക് നിയമനം നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കാമോ?

**എസ്. എസ്. എൽ .സി. പാസ്സായവരുടെ ഉപരിപഠനം**

1042 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. എം. റഹ്മത്തുള്ള**
**ശ്രീ. പി. കെ. നവാസ്**
**ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം എസ്. എസ്. എൽ. സി. പാസ്സായ വിദ്യാർത്ഥികൾക്ക് ഉപരിപഠനം ഉറപ്പാക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) സീറ്റ് വർദ്ധനവും മുൻ വർഷങ്ങളിൽ അനുമതി ലഭിച്ച ബാച്ചുകൾ തുടരുന്നതും അനുവദിക്കുമോ ;

(സി) മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കുമ്പോൾ സർക്കാരിന് അധിക ബാധ്യത ഉണ്ടാകുമോ; വിശദമാക്കാമോ?

## മലബാർ മേഖലയിലെ പ്ലസ് വൺ സീറ്റ് പ്രതിസന്ധി

1043 **ശ്രീ. പി. കെ. ഫിറോസ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പ്ലസ് വൺ അഡ്മിഷന് അപേക്ഷിച്ച എല്ലാവർക്കും അഡ്മിഷൻ നൽകാൻ കഴിയുമോ എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;ഈ വർഷം താൽക്കാലിക ബാച്ചുകൾ അനുവദിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) മലപ്പുറം ജില്ല ഉൾപ്പെടെ മലബാർ മേഖലയിലെ പ്ലസ് വൺ സീറ്റ് പ്രതിസന്ധി പരിഹരിക്കുന്നതിനായി സ്ഥിരം ഹയർ സെക്കന്ററി ബാച്ചുകൾ അനുവദിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

## വിദ്യാഭ്യാസ സ്കോളർഷിപ്പുകളും പ്ലസ് വൺ സീറ്റും

1044 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാറിന്റെ കാലത്ത് ഇത്തരം സ്കോളർഷിപ്പുകൾക്കായി ലഭിച്ച അപേക്ഷകളുടെ എണ്ണം, പരിഗണിച്ച അപേക്ഷകളുടെ എണ്ണം, സ്കോളർഷിപ്പിന് അർഹമായ അപേക്ഷകളുടെ എണ്ണം, ഇനിയും സ്കോളർഷിപ്പ് വിതരണം ചെയ്യേണ്ട അപേക്ഷകളുണ്ടെങ്കിൽ അവയുടെ എണ്ണം എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) സി.എം. കിഡ്സ് സ്കോളർഷിപ്പ് പരീക്ഷയിൽ സംസ്ഥാനത്ത് എത്ര കുട്ടികളാണ് പാസായത്; അവരുടെ സ്കോളർഷിപ്പ് വിതരണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി എത്ര കുട്ടികൾക്ക് അത് വിതരണം ചെയ്യാനുണ്ട്; വ്യക്തമാക്കാമോ;

(ഡി) എൽ.എസ്.എസ്, യുഎസ്എസ്, എൻ. എം. എം. എസ്. പരീക്ഷകളിൽ വിജയികളെ നിർണയിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(ഇ) പ്ലസ് വൺ സീറ്റ് ക്ഷാമവുമായി ബന്ധപ്പെട്ട് പ്രൊഫസർ സി പി കാർത്തികേയൻ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; കൂടാതെ 2024-ൽ മലപ്പുറം ഉൾപ്പെടെയുള്ള ജില്ലകളിലുണ്ടായ പ്ലസ് വൺ സീറ്റ് ക്ഷാമം പരിശോധിക്കുന്നതിനായി മലപ്പുറം ഹയർ സെക്കൻഡറി ജോയിന്റ് ഡയറക്ടർ ഉൾപ്പെടെയുള്ള പ്രത്യേക സമിതിയെ നിയോഗിച്ചിരുന്നോ; എങ്കിൽ പ്രസ്തുത സമിതിയുടെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) ഈ വർഷം സംസ്ഥാനത്ത് എസ്എസ്എൽസി പരീക്ഷയിൽ വിജയിച്ച കുട്ടികളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ; ഓരോ ജില്ലയിലും ലഭ്യമായ പ്ലസ് വൺ സീറ്റുകളുടെ എണ്ണം, താൽക്കാലിക ബാച്ചുകളിലെ സീറ്റുകളുടെ എണ്ണം എന്നിവ വേർതിരിച്ച് ലഭ്യമാക്കാമോ; ഒരു ക്ലാസ് റൂമിൽതന്നെ ഒരു പ്ലസ് വൺ ബാച്ചിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി പഠിപ്പിക്കുന്ന സ്കൂളുകളുടെ വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

## <u>പാഠപുസ്തക വിതരണം</u>

1045 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ-എയ്‌ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് 2026-27 അധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിൽ ഉണ്ടായ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വൈകാൻ കാരണമായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ?

(ബി) ഈ അധ്യയനവർഷത്തിൽ പാഠപുസ്തക വിതരണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

## ഹയർസെക്കൻഡറി അഡ്മിഷൻ അപേക്ഷകളും സീറ്റുകളും

1046 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഹയർസെക്കൻഡറി പഠനത്തിന് ലഭ്യമായിട്ടുള്ള സീറ്റുകളുടെ എണ്ണം കോഴ്സ്, ജില്ല എന്നിവയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) 2026 ലെ ഹയർസെക്കൻഡറി പ്രവേശനത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) 2016 ഏപ്രിൽ 1 മുതൽ 2026 മെയ് 31 വരെ ഹയർസെക്കൻഡറിയിൽ 30 കുട്ടികളിൽ താഴെ മാത്രം ഉണ്ടായിരുന്ന ബാച്ചുകളുടെ വിവരവും ഓരോ ബാച്ചിലും ഉണ്ടായിരുന്ന കുട്ടികളുടെ എണ്ണവും ബാച്ച് ,സ്കൂൾ, ജില്ല, വർഷം എന്നിവയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ഡി) 2016 ഏപ്രിൽ 1 മുതൽ 2026 മെയ് 31 വരെ സംസ്ഥാനത്ത് നിർത്തലാക്കിയ ഹയർസെക്കൻഡറി ബാച്ചുകളുടെ വിവരം സ്കൂൾ, ജില്ല എന്നിവയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ഇ) 2016 ഏപ്രിൽ 1 മുതൽ 2026 മെയ് 31 വരെ സംസ്ഥാനത്ത് നിർത്തലാക്കിയ ഹയർസെക്കൻഡറി ബാച്ചുകൾ അപേക്ഷകർ കൂടുതലുള്ള ജില്ലകളിലെ സ്കൂളുകളിലേയ്ക്ക് മാറ്റി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്കൂളുകളിലേയ്ക്ക് മാറ്റി നല്കിയെന്നുള്ള വിവരം സ്കൂൾ, ജില്ല എന്നിവയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(എഫ്) മുൻ വർഷങ്ങളിൽ മലപ്പുറം ജില്ലയിൽ ഹയർസെക്കൻഡറി പഠനത്തിന് പര്യാപ്തമായ സീറ്റുകൾ ലഭ്യമാകാതിരുന്ന പ്രശ്നം

പരിഹരിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് നടത്തിയ ഇടപെടലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ജി) ഉപരിപഠനത്തിന് മതിയായ ഹയർസെക്കൻഡറി സീറ്റുകൾ ലഭ്യമാകാത്ത പ്രദേശങ്ങളിൽ പുതിയ ഹയർസെക്കൻഡറി സ്കൂളുകളും ബാച്ചുകളും അനുവദിക്കുമോയെന്ന് അറിയിക്കാമോ?

## ഒന്നാം ക്ലാസ് പ്രവേശനം

1047 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഈ അധ്യയനവർഷം എത്ര വിദ്യാർത്ഥികളാണ് ഒന്നാം ക്ലാസ് പ്രവേശനം നേടിയിട്ടുള്ളത്; ഗവൺമെന്റ് സ്കൂൾ , എയ്ഡഡ് സ്കൂൾ എന്നിങ്ങനെ തരം തിരിച്ച് വിദ്യാഭ്യാസ ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കുമോ?

## പി.എം.ശ്രീ പദ്ധതി

1048 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ശ്രീ പദ്ധതി പ്രകാരം വിദ്യാഭ്യാസ മേഖലയിൽ കേന്ദ്രഫണ്ട് സ്വീകരിക്കുന്ന കാര്യം ആലോചനയിലുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദീകരിക്കാമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസ രംഗത്ത് എന്തെങ്കിലും മാറ്റങ്ങൾ വരുത്തുവാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

## കുമരകം എ.ബി.എം. യു.പി. സ്കൂളിലെ തസ്തിക നിർണ്ണയം

1049 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-2026 ലെ തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിലെ കുമരകം എ.ബി.എം. ഗവൺമെന്റ് യു.പി. സ്കൂളിൽ യു.പി. വിഭാഗത്തിൽ എത്ര കുട്ടികളുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്കൂളിൽ പുതിയ തസ്തിക അനുവദിക്കുന്നതിലേക്കായി ഫിറ്റ്നസ് സർട്ടിഫിക്കറ്റുള്ളതും പഠനയോഗ്യമായിട്ടുള്ളതുമായ എത്ര ക്ലാസ് റൂമുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

## ചോളമുണ്ട ജി എൽ പി സ്കൂളിന് പുതിയ കെട്ടിടം

1050 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മൂത്തേടം ഗ്രാമപഞ്ചായത്തിലെ ഏക സർക്കാർ വിദ്യാലയമായ ചോളമുണ്ട ജി എൽ പി സ്കൂൾ കെട്ടിടം ചുമരുകളുടെ ബലക്ഷയവും ഷീറ്റുകൾ കൊണ്ട് നിർമ്മിച്ചിട്ടുള്ള മേൽക്കൂരയിലെ ഉത്തരങ്ങൾ പഴകി ദ്രവിച്ചതുമൂലവും അപകടാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളിലെ നിലവിലുള്ള കെട്ടിടത്തിന് പകരം സുരക്ഷിതവും ആധുനിക സൗകര്യങ്ങളോടുകൂടിയതുമായ എട്ട് സ്മാർട്ട് ക്ലാസ് റൂമുകൾ അടങ്ങിയ പുതിയൊരു ശിശു സൗഹൃദ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിച്ചു നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## പുനലൂർ മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം

1051 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാൻ ഫണ്ട് വിനിയോഗിച്ച് നിലവിൽ പുനലൂർ മണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട് ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലാത്ത സ്കൂളുകളുണ്ടെങ്കിൽ ഏതെല്ലാമെന്നും പ്രവൃത്തികളുടെ നിർവ്വഹണ ചുമതല ആർക്കെന്നും അറിയിക്കാമോ ; ഓരോന്നിന്റെയും അടങ്കൽ തുകയും നിലവിലെ സ്ഥിതിയും അറിയിക്കാമോ;

(സി) കിഫ്ബി ഫണ്ട് വിനിയോഗിച്ച് മണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട് ; കിഫ്ബിയുടെ ഭരണാനുമതി ലഭിച്ചിട്ടും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോന്നിന്റെയും അടങ്കൽ തുകയും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ ?

**വൈപ്പിൻ കനോസ്സ യു.പി സ്കൂൾ അപ്ഗ്രഡേഷനും ടി.ഡി ഹൈസ്കൂളിലെ ഹയർ സെക്കണ്ടറി എയ്ഡഡ് ബാച്ചും**

1052 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1941-ൽ സ്ഥാപിതമായതും പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾ പഠിക്കുന്നതുമായ വൈപ്പിൻ കനോസാ യു.പി. സ്കൂളിലെ വിദ്യാർത്ഥികൾ തുടർവിദ്യാഭ്യാസത്തിനായി കിലോമീറ്ററുകൾ യാത്ര ചെയ്യേണ്ടി വരുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ ഭൗതിക സാഹചര്യങ്ങൾ ഉറപ്പാക്കിക്കൊണ്ട് പ്രസ്തുത സ്കൂളിനെ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) കൊച്ചി മണ്ഡലത്തിലെ തിരുമല ദേവസ്വം (ടി.ഡി) ഹയർ സെക്കണ്ടറി സ്കൂളിലെ അൺഎയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന ഹയർ സെക്കണ്ടറി വിഭാഗത്തെ പ്രദേശത്തെ കുട്ടികളുടെ പഠനസൗകര്യം കണക്കിലെടുത്ത് എയ്ഡഡ് ആക്കി മാറ്റുവാൻ നടപടി സ്വീകരിക്കുമോ?

**മട്ടന്നൂർ ഗവ. യു.പി. സ്കൂൾ കെട്ടിട നിർമ്മാണം**

1053 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ മട്ടന്നൂർ ഗവ. യു.പി. സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

**മാവേലിക്കര മണ്ഡലത്തിലെ സ്കൂളുകൾക്ക് അനുവദിച്ച പദ്ധതികൾ**

1054 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വിവിധ സ്കൂളുകൾക്ക് 2021 മുതൽ 2026 മാർച്ച് വരെ പൊതുവിദ്യാഭ്യാസ വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ തുകയും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

**<u>വർക്കല മണ്ഡലത്തിലെ പദ്ധതികൾ</u>**

1055 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരുകളുടെ (2016-2021, 2021-2026) കാലയളവുകളിൽ വർക്കല മണ്ഡലത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയ പദ്ധതികളും ഇനിയും നടപ്പിലാക്കാൻ അവശേഷിക്കുന്ന പദ്ധതികളും വിശദമാക്കുമോ?

**<u>പൂഞ്ഞാർ മണ്ഡലത്തിലെ പ്രവൃത്തികൾ</u>**

1056 **ശ്രീ. സെബാസ്റ്റ്യൻ. എം. ജെ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലെ വിവിധ നിർമ്മാണ പ്രവൃത്തികൾ വിശദമാക്കാമോ;

(ബി) ഇടക്കുന്നം ഗവ. ഹയർസെക്കണ്ടറി സ്കൂളിന് പുതിയ കെട്ടിട നിർമ്മാണം, കുഴിമാവ് ഗവ. ഹൈസ്കൂൾ കെട്ടിട നിർമ്മാണം, ഈരാറ്റുപേട്ടയിൽ ബി. ആർ. സിയ്ക്ക് പുതിയ കെട്ടിട നിർമ്മാണം, തുമരംപാറ ഗവ. എൽ. പി. സ്കൂളിലെ പുതിയ കെട്ടിട നിർമ്മാണം എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നു വിശദമാക്കാമോ?

**<u>പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ, കരാർ നിയമനങ്ങൾ</u>**

1057 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ 2016 ഏപ്രിൽ 1 മുതൽ 2026 മെയ് 31 വരെ കരാർ അടിസ്ഥാനത്തിലും ദിവസ വേതനാടിസ്ഥാനത്തിലും പുനർനിയമനങ്ങളിലൂടെയും താൽക്കാലികമായും ജീവനക്കാർ നിയമിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളിലാണെന്നും ഓരോ തസ്തികകളിൽ നിയമിക്കപ്പെട്ടവരുടെ എണ്ണം എത്രയാണെന്നും സ്ഥാപനം, ജില്ല, തസ്തിക, വർഷം എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ 2016 ഏപ്രിൽ 1 മുതൽ 2026 മെയ് 31 വരെ കരാർ അടിസ്ഥാനത്തിലും ദിവസ വേതനാടിസ്ഥാനത്തിലും പുനർനിയമനങ്ങളിലൂടെയും താൽക്കാലികമായും നിയമിക്കപ്പെട്ടിട്ടുള്ള ജീവനക്കാരിൽ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അവർ ആരെല്ലാം ആണെന്നും ഏതെല്ലാം തസ്തികകളിലാണെന്നും എന്തിന്റെ അടിസ്ഥാനത്തിലാണ് അവരെ സ്ഥിരപ്പെടുത്തിയതെന്നും സ്ഥാപനം, ജില്ല, തസ്തിക എന്നിവ തിരിച്ച് അറിയാക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ 2016 ഏപ്രിൽ 1 മുതൽ 2026 മെയ് 31 വരെ നടന്നിട്ടുള്ള ഡെപ്യൂട്ടേഷൻ നിയമനങ്ങൾ ഏതെല്ലാം തസ്തികകളിലാണെന്നും പ്രസ്തുത തസ്തികകളിൽ നിയമിക്കപ്പെട്ടവർ ആരെല്ലാമാണെന്നും അവർ ഏതു തസ്തികകളിൽ നിന്നാണ് ഡെപ്യൂട്ടേഷൻ തസ്തികകളിലേക്ക് എത്തിയതെന്നുമുള്ള വിവരം സ്ഥാപനം, ജില്ല എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ 2016 ഏപ്രിൽ 1 മുതൽ 2026 മെയ് 31 വരെ ഏതെങ്കിലും തസ്തികകളിൽ വിരമിച്ച ജീവനക്കാരെ പുനർനിയമനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ നിയമിതരായവരുടെ വിശദാംശങ്ങൾ തസ്തിക, ശമ്പളം ,മറ്റു അലവൻസുകൾ എന്നിവ ഉൾപ്പെടെ തസ്തിക, ജില്ല എന്നിവ തിരിച്ച് അറിയിക്കാമോ;

(ഇ) 2011-2016 കാലഘട്ടത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിച്ചിരുന്ന ഏതെങ്കിലും തസ്തികകളിൽ 2016 ഏപ്രിൽ 1 മുതൽ 2026 മെയ് 31 വരെ കരാർ അടിസ്ഥാനത്തിലുള്ള നിയമനം നടത്തിയിട്ടുണ്ടോ ;

എങ്കിൽ ഏതെല്ലാം തസ്തികകളിൽ ആണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

**അധ്യാപകരുടെ ജോലി സംരക്ഷണം**

1058 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാ-കായിക അധ്യാപകരുടെയും മറ്റ് സ്പെഷലിസ്റ്റ് അധ്യാപകരുടെയും സ്ഥിരമായ ജോലിസംരക്ഷണം ഉറപ്പാക്കുന്നതിനായി മുൻ സർക്കാർ എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) കലാ-കായിക അധ്യാപകരുടെയും മറ്റ് സ്പെഷലിസ്റ്റ് അധ്യാപകരുടെയും സ്ഥിരമായ ജോലിസംരക്ഷണം ഉറപ്പാക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) 9, 10 ക്ലാസുകളിലെ അധ്യാപക- വിദ്യാർത്ഥി അനുപാതം 1:40 എന്ന നിലയിൽ ക്രമീകരിച്ച് അധ്യാപകരുടെ തസ്തിക സംരക്ഷിക്കുന്നതിനുള്ള നടപടി 2025-2026 അധ്യയന വർഷത്തിൽ സ്വീകരിച്ചിരുന്നോ എന്ന് അറിയിക്കാമോ?

(ഡി) 9, 10 ക്ലാസുകളിലെ അധ്യാപക-വിദ്യാർത്ഥി അനുപാതം 1:40 എന്ന നിലയിൽ ക്രമീകരിച്ച് അധ്യാപകരുടെ തസ്തിക സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള നടപടി 2026-2027 അധ്യയന വർഷത്തിൽ സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്തെ ജനസംഖ്യയിൽ കുട്ടികളുടെ എണ്ണം കുറയുന്ന സാഹചര്യത്തിൽ 9,10 ക്ലാസുകളിലെ അധ്യാപക-വിദ്യാർത്ഥി അനുപാതം 1:40 എന്ന നിലയിൽ സ്ഥിരമായി ക്രമീകരിച്ച് തസ്തിക നിർണ്ണയം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**ഒഴിഞ്ഞു കിടക്കുന്ന അധ്യാപക തസ്തികകൾ**

1059 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ എത്ര അധ്യാപക തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത്;

(ബി) ഇതിൽ എൽ.പി., യു.പി., ഹൈസ്കൂൾ എന്നിവയിലെ ഒഴിവുകൾ പ്രത്യേകം വ്യക്തമാക്കുമോ;

(സി) ഒഴിഞ്ഞു കിടക്കുന്ന അധ്യാപക തസ്തികകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ ?

## <u>സർക്കാർ സ്കൂളുകളിൽ ഒഴിഞ്ഞുകിടക്കുന്ന പ്രധാന അധ്യാപക തസ്തികകൾ</u>

1060 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര സ്കൂളുകളിൽ പ്രധാന അധ്യാപകരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്; ആയതിൽ ഹയർ സെക്കണ്ടറി സ്കൂൾ, ഹൈസ്കൂൾ, യു.പി സ്കൂൾ, എൽ.പി സ്കൂൾ എന്നിവിടങ്ങളിൽ ഒഴിവുള്ള പ്രധാന അധ്യാപക തസ്തികകളുടെ എണ്ണം തരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഒഴിഞ്ഞു കിടക്കുന്ന പ്രധാന തസ്തികകൾ നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

## <u>ഹയർസെക്കൻഡറി സ്കൂളുകളിൽ മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ അഭാവം</u>

1061 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ സ്വീപ്പർ, പ്യൂൺ, ക്ലർക്ക് തസ്തികകൾ നിലവിലില്ലാത്തതിനാൽ ഹയർ സെക്കന്ററി വിഭാഗത്തിന്റെ പ്രവർത്തനത്തിൽ നിരവധി ബുദ്ധിമുട്ടുകൾ നേരിടുന്നതായും ക്ലീനിംഗ് സ്റ്റാഫിന്റെ അഭാവംമൂലം ക്ലാസ് മുറികളുൾപ്പെടെ വൃത്തിഹീനമായി കിടക്കുന്ന സാഹചര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഹയർസെക്കന്ററി വിഭാഗത്തിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്തെ നിരവധി സ്കൂളുകളിൽ കായിക അധ്യാപകരുടെ അഭാവം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ലഹരി ഉപയോഗം

ഉൾപ്പെടെയുള്ള ഗുരുതര സാമൂഹിക പ്രശ്നങ്ങളിൽ നിന്നും അകറ്റുന്നതിന് വിദ്യാർത്ഥികളെ കായിക മേഖലയിലേക്ക് വഴിതിരിച്ചുവിടുന്നത് ഗുണകരമായിരിക്കുമെന്നതിനാൽ എല്ലാ സ്കൂളുകളിലും കായിക അധ്യാപകരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

**<u>സമന്വയ വെബ് പോർട്ടൽ മുഖേന നിയമനം</u>**

1062 **ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ കാറ്റഗറി അടിസ്ഥാനത്തിൽ (എൽ.പി., യു.പി., എച്ച്.എസ്.എ.) ഓരോ അധ്യയന വർഷവും തസ്തിക റെഗുലറൈസ് ചെയ്യുമ്പോഴും അംഗീകരിച്ച് നൽകുമ്പോഴും സമന്വയ വെബ് പോർട്ടൽ മുഖേന അധ്യാപകരെ ക്രമീകരിക്കുന്നത് കെ എസ് & എസ് എസ് ആർ ചട്ടം 10(ab) പ്രകാരം അവർ ജോലിയിൽ പ്രവേശിച്ച തീയതിയുടെ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കുമോ; പ്രസ്തുത ചട്ടപ്രകാരമല്ലെങ്കിൽ ഏതു ചട്ടത്തിന്റെ അടിസ്ഥാനത്തിലാണ് ക്രമീകരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) സർക്കാർ സ്കൂളുകളിൽ തസ്തികകൾ യൂണിറ്റ് അടിസ്ഥാനത്തിൽ നിലനിൽക്കുന്നതിനാൽ ഓരോ അധ്യായന വർഷവും തസ്തിക നഷ്ടപ്പെടുന്ന സാഹചര്യത്തിൽ റെഗുലറേസെഷൻ/അംഗീകാരം ലഭിക്കാത്ത അദ്ധ്യാപകരെ സമന്വയ വെബ് പോർട്ടൽ മുഖേന പുറത്താക്കുന്നത് കെ.എസ്. & എസ്.എസ്.ആർ. ചട്ടം 10(ab) പ്രകാരം ജോലിയിൽ പ്രവേശിച്ച തീയതിയുടെ അടിസ്ഥാനത്തിലാണെന്നതും എന്നാൽ ജില്ലാതലത്തിൽ തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകരെ പുറത്താക്കുന്നത് കെ.എസ്. & എസ്.എസ്.ആർ. ചട്ടം 27C പ്രകാരമുള്ള ജില്ലാ സീനിയോറിറ്റി അടിസ്ഥാനത്തിലാണെന്നതും ശരിയാണോ; ശരിയല്ലെങ്കിൽ ഏത് ചട്ടപ്രകാരമാണെന്നത് വ്യക്തമാക്കാമോ;

(സി) 2025-26 അധ്യയന വർഷത്തിൽ സമന്വയ വെബ് പോർട്ടലിൽ അധ്യാപകരെ ജോലിയിൽ പ്രവേശിപ്പിച്ച തീയതി ക്രമത്തിൽ നമ്പർ നൽകിയിട്ടില്ലാത്ത സ്കൂളുകളുടെ പേരുകൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ; പ്രസ്തുത സ്കൂളുകളിൽ അപ്രകാരം നമ്പർ നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) കെ.എസ്. & എസ്.എസ്.ആർ. ചട്ടം 10(ab) പ്രകാരം സമന്വയ വെബ് പോർട്ടലിൽ അധ്യാപകരെ ജോലിയിൽ പ്രവേശിപ്പിച്ച തീയതി അടിസ്ഥാനത്തിൽ ക്രമീകരിക്കുന്നതിന് വെബ് പേജ് ഇന്റർഫേയ്സ് സജ്ജമാക്കിയിട്ടുള്ളതെന്നിരിക്കെ പ്രസ്തുത ചട്ടപ്രകാരം സീനിയോറിറ്റി ബാധകമല്ലാതിരുന്നിട്ടും സ്കൂളുകളുടെ സമന്വയ വെബ് പേജ് ഇന്റർഫേയ്സിൽ സീനിയോറിറ്റി എന്ന വാക്ക് ഉൾപ്പെടുത്താനുള്ള കാരണം വിശദമാക്കുമോ?

## <u>സ്കൂൾ ക്യാമ്പസിൽ നിന്ന് മുറിച്ചുമാറ്റപ്പെടുന്ന മരങ്ങൾ</u>

1063 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർഥികളുടെ സുരക്ഷ മുൻ നിർത്തി വനം വകുപ്പിന്റെ അനുമതിയോടെ വിദ്യാലയങ്ങളിൽ നിന്ന് മുറിച്ച് മാറ്റിയ വൃക്ഷങ്ങളുടെ ഭാഗങ്ങൾ നിലവിൽ ഏതെങ്കിലും വിദ്യാലയത്തിൽ അവശേഷിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ;ഉണ്ടെങ്കിൽ അവ അടിയന്തരമായി നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) ഇത്തരത്തിൽ മുറിച്ചുമാറ്റപ്പെടുന്ന മരങ്ങൾ വിദ്യാലയങ്ങളിൽ നിന്നും നിശ്ചിത കാലയളവിനുള്ളിൽ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(സി) സ്കൂൾ ക്യാമ്പസിൽ നിന്ന് മുറിച്ചുമാറ്റപ്പെടുന്ന മരങ്ങൾ ലേലം ചെയ്തു വിൽക്കുന്നതിന് സ്ഥാപന മേലധികാരിയെ ചുമതലപ്പെടുത്തുന്നതിന് തടസ്സങ്ങൾ എന്തെങ്കിലുമുണ്ടോ; വ്യക്തമാക്കാമോ?

## <u>കൊണ്ടോട്ടി വിദ്യാഭ്യാസ ഉപജില്ല ഓഫീസ് വിഭജനം</u>

1064 **ശ്രീ. ടി. പി. അഷ്റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി വിദ്യാഭ്യാസ ഉപജില്ല പരിധിയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) കൊണ്ടോട്ടി വിദ്യാഭ്യാസ ഉപജില്ല വിഭജിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആധിക്യം മൂലം കൊണ്ടോട്ടി വിദ്യാഭ്യാസ ഉപജില്ല വിഭജിച്ച് പുളിക്കൽ ആസ്ഥാനമാക്കി പുതിയ വിദ്യാഭ്യാസ ഉപജില്ല രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## പി എം ശ്രീ പദ്ധതി

1065 **ശ്രീ. വി. മുരളീധരൻ**

**ശ്രീ. രാജീവ് ചന്ദ്രശേഖർ**

**ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.ശ്രീ പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരുമായി കരാർ ഒപ്പിട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദീകരിക്കാമോ;

(സി) പി എം ശ്രീ പദ്ധതി നടപ്പാക്കുന്നതിലൂടെ പൊതുവിദ്യാഭ്യാസ രംഗത്ത് ഉണ്ടാകാനിടയുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദീകരിക്കാമോ;

(ഡി) പി എം ശ്രീ പദ്ധതി പ്രകാരം കേന്ദ്രസർക്കാർ കേരളത്തിന് എത്ര തുക അനുവദിച്ചിട്ടുണ്ട് ; പ്രസ്തുത തുക ചെലവഴിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## മാനന്തവാടി നിയോജകമണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നവീകരണം

1066 **ശ്രീമതി ഉഷ വിജയൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ പത്ത് വർഷത്തിനിടെ ഏതൊക്കെ സ്കൂളുകൾക്കാണ് പുതിയ കെട്ടിടം അനുവദിച്ചതെന്നും ഓരോന്നിനും അനുവദിച്ച തുകയും അറിയിക്കാമോ;

(ബി) മാനന്തവാടി നിയോജകമണ്ഡലത്തിൽ ഏതൊക്കെ സ്കൂൾ കെട്ടിടങ്ങളുടെ നവീകരണത്തിനാണ് തുക അനുവദിച്ചതെന്നും ഓരോന്നിനും അനുവദിച്ച

തുകയും അറിയിക്കാമോ?

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ സ്കൂളുകൾക്ക് അനുവദിച്ച വാഹനങ്ങൾ</u>**

1067 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ 2016 മുതൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര സ്കൂളുകൾക്ക് വാഹനങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഏതൊക്കെ വിദ്യാലയങ്ങൾക്ക് വാഹനങ്ങൾ കൈമാറിയിട്ടുണ്ട് ;

(സി) ഏതൊക്കെ വിദ്യാലയങ്ങൾക്കാണ് ഇനിയും വാഹനം കൈമാറാനുള്ളത് ; വാഹനങ്ങൾ കൈമാറാനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ;

(ഡി) വാഹനങ്ങൾ കൈമാറാനുള്ള വിദ്യാലയങ്ങൾക്ക് എപ്പോൾ വാഹനം കൈമാറാൻ കഴിയുമെന്ന് വിശദമാക്കാമോ?

**<u>താനൂർ മണ്ഡലത്തിൽ ഭൂമിയുടെ വിശദാംശങ്ങൾ</u>**

1068 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജക മണ്ഡലത്തിൽ റവന്യൂ പുറമ്പോക്കുകൾ, മറ്റ് സർക്കാർ പുറമ്പോക്കുകൾ എന്നിവ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ വകുപ്പ് തിരിച്ചും, വില്ലേജ് തിരിച്ചും വിശദമാക്കാമോ;

(ബി) റവന്യൂ ഭൂമിയിൽ നിന്നും ഏതല്ലാം ഭൂമികളാണ് 2016 ന് ശേഷം മറ്റു വകുപ്പുകൾക്ക് ലീസിനോ മറ്റോ കൈമാറിയതെന്ന് വിശദമാക്കാമോ;

(സി) താനൂർ മൽസ്യഫെഡ് മുഖേന നടപ്പിലാക്കാൻ ആസൂത്രണം ചെയ്യുന്ന വല നിർമ്മാണ യൂണിറ്റിന് വേണ്ടി റവന്യൂ ഭൂമി ലീസിന് വേണ്ടി നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) താനൂരിലെ സർക്കാർ പുറമ്പോക്ക് രജിസ്റ്ററിന്റെ പകർപ്പ് വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

**<u>പുറമ്പോക്ക് ഭൂമി</u>**

1069 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘകാലമായി റവന്യൂ വകുപ്പിന്റെ അനാസ്ഥകാരണം സർക്കാർ പുറമ്പോക്കുകളും പി.ഡബ്ല്യൂ.ഡി റോഡുകളും, പഞ്ചായത്ത് - നഗരസഭ - കോർപ്പറേഷൻ റോഡുകളും വ്യക്തികൾ കൈയേറി സ്വന്തമെന്ന നിലയിൽ കൈകാര്യം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സർക്കാർ പുറമ്പോക്കുകളിലെ കൈയേറ്റം തടയുന്നതിൽ പരാജയപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>നേമം മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>**

1070 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിൽ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ പ്രവർത്തന പുരോഗതി എന്നിവ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തിയാക്കും എന്ന് അറിയിക്കാമോ?

**<u>മുതുവല്ലൂർ സ്മാർട്ട് വില്ലേജ് ഓഫീസ്</u>**

1071 **ശ്രീ. ടി. പി. അഷ്റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതുവല്ലൂർ വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസാക്കി ഉയർത്തുന്നതിന് നിലവിൽ അനുവദിച്ച തുക (45 ലക്ഷം രൂപ) അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തുക തൊണ്ണൂറ് ലക്ഷമാക്കി ഉയർത്തി അനുവദിച്ച് സൗകര്യപ്രദമായ വില്ലേജ് ഓഫീസ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>കൊണ്ടോട്ടിയിൽ മിനി സിവിൽ സ്റ്റേഷൻ</u>**

1072 **ശ്രീ. ടി. പി. അഷ്റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആവശ്യമായ സ്ഥലസൗകര്യമൊരുക്കുന്നപക്ഷം മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) നിരവധി സർക്കാർ ഓഫീസുകൾ വിവിധയിടങ്ങളിലായി വ്യാപിച്ച് കിടക്കുന്നതിനാൽ പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി കൊണ്ടോട്ടിയിൽ ഒരു മിനി സിവിൽ സ്റ്റേഷൻ ആരംഭിക്കേണ്ട കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

## <u>ടൗൺഷിപ്പ് പദ്ധതി</u>

1073 **ശ്രീ. കെ. എൻ. ബാലഗോപാൽ**
**ശ്രീ. കെ. വി. സുമേഷ്**
**ശ്രീ. എം. വിജിൻ**
**ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ സമഗ്രമായ പുനരധിവാസത്തിനായി സർക്കാർ വിഭാവനം ചെയ്ത മാതൃകാ ടൗൺഷിപ്പ് പദ്ധതിയുടെ പ്രധാന സവിശേഷതകളും ഈ പദ്ധതി ലോകോത്തര നിലവാരത്തിൽ വേഗത്തിൽ പൂർത്തിയാക്കാൻ സ്വീകരിച്ച ഭരണപരമായ നടപടികളും വിശദമാക്കാമോ;

(ബി) ദുരന്തബാധിതരുടെ വ്യക്തിപരമായ താൽപ്പര്യങ്ങൾ കൂടി പരിഗണിച്ച് നിർമ്മിക്കുന്ന ടൗൺഷിപ്പിന് പുറത്ത് മാറിതാമസിക്കാൻ ആഗ്രഹിക്കുന്ന കുടുംബങ്ങൾക്ക് സർക്കാർ എത്ര രൂപ പ്രത്യേക സാമ്പത്തിക പാക്കേജ് ആയി പ്രഖ്യാപിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ ;

(സി) നിലവിലെ എസ്.ഡി.ആർ.എഫ് മാനദണ്ഡങ്ങളിലെ കർശന വ്യവസ്ഥകൾ മൂലം കേന്ദ്രത്തിൽ നിന്ന് കൂടുതൽ സഹായം ലഭിക്കാതിരുന്ന സാഹചര്യത്തിൽ നിയമപരമായ ഇടപെടലിലൂടെ ദുരന്തബാധിതർക്ക് അടിയന്തര സഹായം ലഭ്യമാക്കാൻ സർക്കാർ നടത്തിയ വിജയകരമായ ശ്രമങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ;

(ഡി) പദ്ധതി നടത്തിപ്പിലെ സുതാര്യതയും ഗുണമേൻമയും ഉറപ്പുവരുത്തുന്നതിനായി പ്രതിപക്ഷത്തെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് രൂപീകരിച്ച വിവിധ മേൽനോട്ട സമിതികളെക്കുറിച്ച് വിശദമാക്കാമോ?

**ഇ.എസ്.ഐ ആശുപത്രി നിർമ്മാണത്തിനായി ട്രാവൻകൂർ റയോൺസ് ഭൂമി കൈമാറ്റം**

1074 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ പരിധിയിൽ വരുന്ന ഏകദേശം എഴുപത്തയ്യായിരത്തോളം തൊഴിലാളികൾ അധിവസിക്കുന്ന പെരുമ്പാവൂരിൽ കിടത്തി ചികിത്സക്കായി ആശുപത്രി നിലവിലില്ല. അഞ്ചേക്കർ സ്ഥലം ലഭ്യമായാൽ ആശുപത്രി അനുവദിക്കാമെന്ന് ഇ.എസ്.ഐ കോർപ്പറേഷൻ അധികാരികൾ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള പെരുമ്പാവൂർ ട്രാവൻകൂർ റയോൺസിന്റെ അഞ്ച് ഏക്കർ സ്ഥലം ഇ.എസ്.ഐ ആശുപത്രി നിർമ്മിക്കുന്നതിന് വേണ്ടി വിട്ടു നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**അഴീക്കോട് മണ്ഡലത്തിൽ റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

1075 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ റവന്യൂ - വില്ലേജ് ഓഫീസുകൾ നവീകരിക്കുന്നതിനായുള്ള ശിപാർശ വകുപ്പ് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

**ലീഗൽ ഹയർഷിപ്പ് സർട്ടിഫിക്കറ്റിനായുള്ള അപേക്ഷകൾ**

1076 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ ഹയർഷിപ്പ് സർട്ടിഫിക്കറ്റിനായുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ടോയെന്നും പ്രസ്തുത

അപേക്ഷകൾ ശരാശരി എത്ര ദിവസങ്ങൾക്കകം തീർപ്പാക്കാൻ സാധിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം താലൂക്കിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ലഭിച്ച പ്രസ്തുത അപേക്ഷകളുടെ അപേക്ഷ തീയതിയും സർട്ടിഫിക്കറ്റുകൾ നൽകിയ തീയതിയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**<u>മഞ്ചേരി മണ്ഡലത്തിലെ റവന്യൂ ഓഫീസുകളുടെ വികസനവും സേവന മെച്ചപ്പെടുത്തലും</u>**

1077 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജക മണ്ഡലത്തിലെ റവന്യൂ ഭരണസംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ജനങ്ങൾക്ക് ഏകജാലക സംവിധാനത്തിലൂടെ സേവനങ്ങൾ ലഭ്യമാക്കുന്നതിനും നിലവിലുള്ള മിനി സിവിൽ സ്റ്റേഷന്റെ രണ്ടാം ഘട്ട വികസനവും പുതിയ റവന്യൂ കോംപ്ലക്സ് നിർമ്മാണവും പരിഗണിക്കുമോ;

(ബി) ഏറനാട് താലൂക്ക് ഓഫീസ് പരിധിയിലുള്ള വിവിധ വില്ലേജ് ഓഫീസുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അവയെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിനും നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ;

(സി) മഞ്ചേരി നിയോജകമണ്ഡലത്തിലെ റവന്യൂ ഓഫീസുകളിൽ നിലവിലുള്ള ജീവനക്കാരുടെ കുറവ് കാരണം പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാകുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ?

**<u>വില്ലേജ് ഓഫീസുകളുടെ നവീകരണം</u>**

1078 **ശ്രീ. വി. ടി. ബൽറാം**
**ശ്രീ. ടോണി ചമ്മണി**
**ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളുടെ നവീകരണത്തിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) കാലപ്പഴക്കം നിമിത്തം ജീർണ്ണിച്ച വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ പുനർ നിർമ്മിക്കാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ?

## സർക്കാർ ഭൂമി കയ്യേറ്റം തടയാൻ നടപടി

1079 **ശ്രീ. ആര്യാടൻ ഷൗക്കത്ത്**
**ശ്രീ. സുധീർഷാ പാലോട്**
**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഭൂമി കയ്യേറ്റം നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;എങ്കിൽ എത്ര ഏക്കർ ഭൂമി കയ്യേറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കയ്യേറ്റക്കാർ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി തിരികെ പിടിക്കുവാൻ ശക്തമായ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് സർക്കാർ ഭൂമി കയ്യേറ്റം തടയുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## മണിമല ആലപ്ര ഗ്രാമത്തിലെ പട്ടയ പ്രശ്നം

1080 **ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ മണിമല വില്ലേജിന്റെ പരിധിയിൽ പൊന്തൻപുഴ വനമേഖലയോട് ചേർന്ന് സ്ഥിതിചെയ്യുന്ന ആലപ്ര മേലേക്കവല ഭാഗത്തെ ആയിരത്തോളം കുടുംബങ്ങളെ ബാധിക്കുന്ന പട്ടയ പ്രശ്നം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി ഇതേ വരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇതേ പൊന്തൻപുഴ വനമേഖലയോട് ചേർന്ന് പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി താലൂക്കിന് കീഴിൽ വരുന്ന പ്രദേശങ്ങളിൽ പട്ടയ വിതരണം അന്തിമഘട്ടത്തിൽ എത്തിയിട്ടും കോട്ടയം ജില്ലയിൽ പ്രസ്തുത

വിഷയത്തിൽ പുരോഗതി കൈവരിക്കാത്തത് മൂലം ജനങ്ങൾ പ്രതിഷേധത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയത്തിലെ മെല്ലെപ്പോക്ക് ഒഴിവാക്കുന്നതിനായി റവന്യൂ, വനം വകുപ്പുകളെ ചേർത്ത് ഒരു സംയുക്ത പരിശോധന നടത്തി അടിയന്തരമായി പ്രശ്നം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**ചിറയിൻകീഴ് മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ നൽകിയ പട്ടയങ്ങൾ**

1081 **ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ എത്ര പട്ടയങ്ങൾ നൽകിയിട്ടുണ്ടെന്നും ഇനി എത്ര പട്ടയങ്ങൾ നൽകാനുണ്ടെന്നും പട്ടയം നൽകുന്നതിന് വേണ്ടി നാളിതുവരെ സ്വീകരിച്ച നടപടികളും വിശദമാക്കാമോ; പട്ടയത്തിനു വേണ്ടി അപേക്ഷ നൽകിയവരുടെ എണ്ണം, പേര്, വിലാസം എന്നിവ തരം തിരിച്ച് വിശദമാക്കാമോ ?

**വിചാരണ പൂർത്തിയാക്കിയ അപേക്ഷകളിൽ കൈവശക്കാരന് പട്ടയം**

1082 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ ലാന്റ് ട്രിബ്യൂണൽ ഓഫീസിന്റെ കീഴിൽ പട്ടയം അനുവദിക്കുന്നതിനായി ലഭിച്ചതിൽ തീർപ്പാക്കാൻ ബാക്കിയുള്ള അപേക്ഷകളുടെ എണ്ണം എത്രയാണ്; വിശദമാക്കാമോ;

(ബി) വിചാരണ പൂർത്തിയായ കേസുകളിൽ പട്ടയം വിതരണം ചെയ്യുന്നതിന് തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടോ; വിശദമാക്കാമോ;

(സി) വിചാരണ പൂർത്തിയാക്കിയ എത്ര കേസുകളിൽ ഇനിയും പട്ടയവിതരണം നടത്താനുണ്ടെന്നും അവ എത്ര ദിവസങ്ങൾക്കകം വിതരണം ചെയ്യാൻ സാധിക്കുമെന്നും വിശദമാക്കാമോ?

**കൊച്ചി നിയോജകമണ്ഡലത്തിലെ തീരദേശ - നഗര പട്ടയപ്രശ്നങ്ങൾ, വില്ലേജ് റെക്കോർഡുകളിലെ അപാകതകൾ, റവന്യൂ ടവർ എന്നിവ**

1083 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിലെ സാന്തോം നഗർ, ബീച്ച് റോഡ് മിനി നഗർ, രാമേശ്വരം നഗർ, പനയപ്പള്ളി നഗർ, ചക്കമാടം നഗർ, മുണ്ടംവേലി സൗദി സ്കൂൾ പരിസരം എന്നീ നഗര പ്രദേശങ്ങളിലും ചെല്ലാനം പഞ്ചായത്തിലെ കാട്ടിപ്പറമ്പ്, കണ്ണമാലി, കളത്തറ, ചെല്ലാനം, കണ്ടക്കടവ് എന്നീ തീരദേശ മേഖലകളിലും പതിറ്റാണ്ടുകളായി താമസിക്കുന്ന നൂറുകണക്കിന് കുടുംബങ്ങൾക്ക് ഇതുവരെയും ഭൂമിയുടെ നിയമപരമായ ഉടമസ്ഥാവകാശം തെളിയിക്കുന്ന പട്ടയം ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ തുരുത്തി നഗറിൽ കോർപ്പറേഷനും ജി.സി.ഡി.എ. (ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റി) -യും ഭവന പദ്ധതി പ്രകാരം വീടുകൾ നിർമ്മിച്ചുനൽകിയിട്ടും ജന്മിമാരിൽ നിന്നും ഏറ്റെടുത്ത ഭൂമിയുടെ വില്ലേജ് റെക്കോർഡുകൾ (ബേസിക് ടാക്സ് രജിസ്റ്റർ, തണ്ടപ്പേര്) മാറ്റാത്തതുമൂലവും ജില്ലാ കളക്ടർ മുഖേനയുള്ള നോട്ടിഫിക്കേഷൻ നടപടികൾ പൂർത്തിയാകാത്തതുമൂലവും ഇവിടത്തെ കുടുംബങ്ങൾക്ക് പട്ടയം നിഷേധിക്കപ്പെടുന്ന സാങ്കേതിക തടസ്സം അടിയന്തരമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) തുരുത്തി നഗറിലെ വില്ലേജ് റെക്കോർഡുകളിലെ അപാകതകൾ പരിഹരിക്കുന്നതിനും കൊച്ചി നിയോജകമണ്ഡലത്തിലെയും തീരദേശങ്ങളിലെയും കെട്ടിക്കിടക്കുന്ന മുഴുവൻ പട്ടയ അപേക്ഷകളും ശാശ്വതമായി തീർപ്പാക്കുന്നതിനുമായി ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസ്, കൊച്ചി താലൂക്ക് ഓഫീസ് എന്നിവയുടെ നേതൃത്വത്തിൽ ഒരു 'പ്രത്യേക പട്ടയ മേള' യുദ്ധകാലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുമോ;

(ഡി) വർഷങ്ങളുടെ പഴക്കമുള്ള ഹെറിറ്റേജ് പ്രദേശമായ ഫോർട്ട് കൊച്ചിയിലെ നിലവിലെ റവന്യൂ ഡിവിഷണൽ ഓഫീസും സമീപത്തെ പഴയ ജയിൽ കോമ്പൗണ്ടും ഏകോപിപ്പിച്ച് ഒരു 'ചരിത്ര പൈതൃക മ്യൂസിയം' ആയി മാറ്റുവാനും, നിലവിലെ റവന്യൂ ഓഫീസുകൾ കൂടുതൽ സൗകര്യപ്രദമായ മറ്റൊരു കേന്ദ്രത്തിലേക്ക് മാറ്റി കൊച്ചിയിലെ ജനങ്ങൾക്കായി എല്ലാ റവന്യൂ സേവനങ്ങളും ഒരൊറ്റ മേൽക്കൂരക്ക് കീഴിൽ ലഭ്യമാക്കുന്ന

രീതിയിൽ ഒരു ആധുനിക റവന്യൂ ടവർ നിർമ്മിക്കുവാനും അടിയന്തര നടപടി സ്വീകരിക്കുമോ?

## വനഭൂമി പട്ടയം

1084 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ വനഭൂമി പട്ടയം മാത്രം എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര വനഭൂമി പട്ടയം നൽകി എന്ന് വിശദമാക്കാമോ, താലൂക്ക് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(സി) നിലവിൽ എത്ര അപേക്ഷകളാണ് തീർപ്പാക്കാൻ ഉള്ളതെന്ന് വ്യക്തമാക്കാമോ?

## പട്ടയം അപേക്ഷകൾ

1085 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ അഞ്ചുചങ്ങല പ്രദേശത്തെ താമസക്കാർക്ക് പട്ടയം ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; ടി നടപടികൾ എന്നേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) അമ്പൂരി ഗ്രാമപഞ്ചായത്തിലെ വനമേഖലയിൽ 2006-ലെ വനാവകാശ നിയമപ്രകാരം കൈവശാവകാശരേഖ ലഭിച്ചവരുടെ ഭൂമി ഫോറസ്റ്റ് വില്ലേജിൽ നിന്നും മാറ്റി റവന്യൂ വില്ലേജ് ആക്കി നൽകുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത നടപടികൾ എന്നേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പെരുങ്കടവിള, കീഴാറൂർ വില്ലേജുകളിൽ 'രാജപാത' പുറമ്പോക്ക് പ്രദേശത്ത് താമസിക്കുന്നവരിൽ നിന്നും പട്ടയത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ; ഇതിൽ എത്രയെണ്ണത്തിൽ പരിശോധന പൂർത്തിയാക്കി അർഹരായവരെ കണ്ടെത്തിയിട്ടുണ്ട്; രാജപാത പുറമ്പോക്ക് ഭൂമിക്ക് പട്ടയം നൽകുന്നതിന് നിലനിൽക്കുന്ന സാങ്കേതിക തടസ്സങ്ങൾ എന്തൊക്കെയാണെന്നും അവ

പരിഹരിച്ച് പട്ടയ വിതരണം എന്നേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(ഡി) മണ്ഡലത്തിലെ അർഹരായ മുഴുവൻ പട്ടയ അപേക്ഷകർക്കും വേഗത്തിൽ പട്ടയം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാത്ത വിഷയം

1086 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ കിഴക്കഞ്ചേരി പഞ്ചായത്തിലെ മിച്ചഭൂമിയിൽ താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാത്ത വിഷയം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇവർക്ക് പട്ടയം അനുവദിക്കുന്നതിന് തടസ്സമായി നിൽക്കുന്ന വിഷയങ്ങൾ എന്തൊക്കെയാണെന്നുള്ള വിവരങ്ങൾ വ്യക്തമാക്കാമോ;

(സി) ആലത്തൂർ നിയോജകമണ്ഡലത്തിലെ മേലാർകോട്ട പഞ്ചായത്ത് പരിധിയിലെ ജനങ്ങൾക്ക് വകുപ്പിൽ നിന്നുള്ള സേവനങ്ങൾ ലഭിക്കുന്നതിന് നിലവിൽ ഒരു വില്ലേജ് ഓഫീസാണ് നിലവിലുള്ളത്. ജനസംഖ്യാനുപാതികമായി പരിഗണിക്കുമ്പോൾ ജനങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിക്കുവാൻ പ്രസ്തുത പ്രദേശത്തെ ഒരു വില്ലേജ് ഓഫീസ് കൊണ്ട് സാധ്യമാണോ എന്ന വിഷയം പഠന വിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രദേശത്തെ വില്ലേജ് ഓഫീസ് വിഭജിച്ചുകൊണ്ട് പുതിയ ഒരു വില്ലേജ് ഓഫീസ് കൂടി അനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

## പാലക്കാട് ജില്ലയിലെ പട്ടയ വിതരണം

1087 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചവർക്ക് കൃത്യമായി പട്ടയ വിതരണം നടത്തുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) പട്ടയത്തിന് അപേക്ഷിച്ച ഭൂമിക്ക് കേസുകൾ പോലുള്ള മറ്റ് പ്രശ്നങ്ങൾ ഒന്നും ഇല്ലെങ്കിൽ നിലവിൽ പട്ടയം അനുവദിക്കുന്നതിന് എത്ര സമയം

എട്ടുക്കും; വ്യക്തമാക്കാമോ;

(സി) പാലക്കാട് ജില്ലയിൽ കോങ്ങാട്-I വില്ലേജിൽ ഉള്ള ശ്രീ. ബാലകൃഷ്ണൻ മുതൽ പേർ എന്ന വിലാസത്തിൽ പട്ടയത്തിനായി അപേക്ഷിച്ച എസ്.എം. 145/23 എന്ന നമ്പരിൽ രജിസ്റ്റർ ചെയ്ത അപേക്ഷയിൽ പട്ടയം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് കക്ഷികൾക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ഇത്രയും കാലതാമസം വരുന്നു; വിശദവിവരങ്ങൾ വ്യക്തമാക്കാമോ?

## <u>കോതമംഗലം മണ്ഡലത്തിൽ പട്ടയം</u>

1088 **ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ പട്ടയം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പട്ടയം ലഭിക്കുന്നതിനായി സമർപ്പിക്കപ്പെട്ട അപേക്ഷകളിന്മേൽ നടപടികൾ പൂർത്തിയാക്കിയോ; വിശദമാക്കാമോ;

(സി) പട്ടയത്തിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## <u>വയനാട് ദുരന്തബാധിതർക്കുള്ള ഫണ്ട് വിനിയോഗം</u>

1089 **<u>ശ്രീ. എം. റഹ്മത്തുള്ള</u>**

**ശ്രീ. പി. കെ. നവാസ്**

**ശ്രീ. എം. എ. റസാഖ് മാസ്റ്റർ**

**ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ വയനാട് ദുരന്തബാധിതർക്കുള്ള ഫണ്ട് വകമാറ്റി ചെലവഴിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ആവശ്യങ്ങൾക്കാണ് ഇപ്രകാരം വകമാറ്റി ചെലവഴിച്ചത്; ഇങ്ങനെ വകമാറ്റി ചെലവഴിക്കാൻ നിർദ്ദേശം നൽകിയത് ആരാണ്;വ്യക്തമാക്കാമോ;

(സി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**ഡിജിറ്റൽ സർവ്വേ പൂർത്തിയായ വില്ലേജുകളിലെ ഭൂമി തരംമാറ്റ അപേക്ഷകൾ തീർപ്പാക്കൽ**

1090 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഏതെല്ലാം വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ പൂർത്തിയായിട്ടുണ്ടെന്നും ഏതെല്ലാം വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ ആരംഭിക്കുവാൻ ബാക്കിയുണ്ടെന്നും ആയത് എപ്പോൾ ആരംഭിക്കുവാൻ സാധിക്കുമെന്നും അറിയിക്കാമോ;

(ബി) ഡിജിറ്റൽ സർവ്വേ പൂർത്തിയായ വില്ലേജുകളിലെ ഭൂമി തരംമാറ്റത്തിന് നൽകിയ അപേക്ഷകൾ തീർപ്പാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഡിജിറ്റൽ സർവ്വേ പൂർത്തിയായ വില്ലേജുകളിലെ ഭൂമി തരംമാറ്റത്തിന് നൽകിയ അപേക്ഷകൾ തീർപ്പാക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട ജീവനക്കാർക്ക് എന്തെങ്കിലും നിർദേശങ്ങൾ നൽകിയിട്ടുണ്ടോ; ഈ കാര്യത്തിൽ വ്യക്തമായ മാർഗനിർദേശങ്ങൾ നൽകുമോ?

**ഭൂമി തരംമാറ്റം**

1091 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ കെട്ടിക്കിടക്കുന്നതുമൂലം ജനങ്ങൾ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ടി തരംമാറ്റം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പാലാ നിയോജകമണ്ഡലത്തിൽ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് തീർപ്പുകൽപ്പിക്കാത്ത ഫയലുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഡാറ്റ ബാങ്കിൽ ഉൾപ്പെട്ട ഭൂമി**

1092 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ന് ശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഡാറ്റ ബാങ്കിൽ ഉൾപ്പെട്ട ഭൂമി തരം മാറ്റുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്രയെണ്ണം തീർപ്പ് കൽപ്പിച്ചെന്നും പഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) ശേഷിക്കുന്ന അപേക്ഷകളുടെ നിലവിലെ സ്ഥിതി പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാൻ കാലതാമസം നേരിടുന്നുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

**ഭൂമി തരം മാറ്റൽ**

1093 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മണ്ഡലത്തിലെ പനമ്പള്ളി നഗർ, ഗിരി നഗർ, ജവഹർ നഗർ, തുടങ്ങിയ സ്ഥലങ്ങളിൽ നാൽപ്പത് വർഷം മുമ്പ് ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെൻറ് അതോറിറ്റി, ഹൗസിംഗ് ബോർഡ്, ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, എന്നീ സ്ഥാപനങ്ങൾ നിർമ്മിച്ച് നൽകിയ ലോ ഇൻകം ഗ്രൂപ്പ് , മിഡിൽ ഇൻകം ഗ്രൂപ്പ്, ഹൈ ഇൻകം ഗ്രൂപ്പ് വീടുകൾ സ്ഥിതി ചെയ്യുന്ന ഭൂമി റവന്യൂ രേഖകളിൽ നിലമായി രേഖപ്പെടുത്തിയത് മൂലം പ്രസ്തുത വീടുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിനോ ക്രയവിക്രയം നടത്തുന്നതിനോ സാധിക്കാത്തതിനാൽ പ്രസ്തുത പ്രദേശങ്ങളിലെ ഭൂമിയുടെ സർവേ നമ്പറുകൾ അടിസ്ഥാനമാക്കി ഈ ഭൂമിയെ പുരയിടമാക്കി മാറ്റുന്നതിന് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**കണ്ണൂർ വിമാനത്താവളത്തിലേക്കുള്ള നാലുവരിപ്പാത**

1094 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേക്കുള്ള നാലുവരിപ്പാത നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ

സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത നാലുവരിപ്പാതയുടെ നിർമ്മാണത്തിനും ഭൂമി ഏറ്റെടുക്കുന്നതിനും ആകെ പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്നും പ്രസ്തുത പ്രവൃത്തികൾക്ക് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) നാലുവരിപ്പാത യാഥാർത്ഥ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## പാലാ ബൈപാസ് റോഡ് സ്ഥലം ഏറ്റെടുക്കൽ

1095 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ ബൈപാസ് റോഡ്, ഏറ്റുമാനൂർ പൂഞ്ഞാർ ഹൈവേയുമായി ചേരുന്ന അരുണാപുരം ജംഗ്ഷനിൽ ശ്രീ.സാജൻ ഗീതാഞ്ജലി എന്നയാളുടെ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ടി റോഡ് നിർമ്മാണത്തിന് ആവശ്യമായ സ്ഥലം സമയബന്ധിതമായി ഏറ്റെടുത്ത് പാലാ ബൈപാസ് റോഡ് പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കുണ്ടേരിപ്പൊയിൽ കോട്ടയിൽ പാലത്തിന്റെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി

1096 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കണ്ണവം, ശിവപുരം വില്ലേജുകളിലായി നിർമ്മിക്കാൻ പോകുന്ന കുണ്ടേരിപ്പൊയിൽ കോട്ടയിൽ പാലത്തിന്റെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ; ഭൂമി ഏറ്റെടുക്കുന്നതിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

## അന്താരാഷ്ട്ര യോഗ റിസർച്ച് സെന്ററിന് വേണ്ടി ഭൂമി

1097 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ തില്ലങ്കേരി വില്ലേജിൽ സ്ഥാപിക്കുന്ന അന്താരാഷ്ട്ര യോഗ റിസർച്ച് സെന്ററിന് വേണ്ടി ഭൂമി ഏറ്റെടുക്കുന്ന

പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ഭൂഉടമകൾക്ക് നഷ്ടപരിഹാര തുക കൈമാറിയിട്ടുണ്ടോ?

**നെടുമങ്ങാട് മണ്ഡലത്തിലെ വികസന പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ**

1098 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലെവൽ ക്രോസ് ഇല്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ വെട്ടുറോഡ് റെയിൽവേ മേൽപാലം, കണിയാപുരം റെയിൽവേ മേൽപ്പാലം എന്നിവയുടെ ലാൻഡ് അക്വിസിഷൻ നടപടികളുമായി ബന്ധപ്പെട്ട് നാളിതുവരെ നടന്ന പ്രവർത്തനങ്ങളുടെ വിശദാംശം നൽകാമോ;

(ബി) കിഫ്ബി ധനസഹായത്തോടെ രണ്ട് റീച്ചുകളിലായി നിർമ്മാണം ആരംഭിക്കുന്ന നെടുമങ്ങാട്-അരുവിക്കര റോഡിന്റെ ലാന്റ് അക്വിസേഷൻ പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി വിശദീകരിക്കുമോ;

(സി) കിഫ്ബി ധനസഹായത്തോടെ നിർമ്മാണം തുടങ്ങിയ വഴയില-പഴകുറ്റി നാലുവരിപ്പാത വികസനത്തിന്റെ ഭാഗമായി നടന്നു വരുന്ന മൂന്നു റീച്ചുകളുടെയും ലാൻഡ് അക്വിസേഷൻ പ്രവൃത്തികളുടെ പുരോഗതി വിശദീകരിക്കുമോ; ലാന്റ് അക്വിസേഷൻ പൂർത്തിയായ റീച്ചുകളെ സംബന്ധിച്ച് വിശദാംശം നൽകാമോ;

(ഡി) മൂന്ന് റീച്ചുകളിലായി നിർമ്മാണം നടന്നുവരുന്ന പഴകുറ്റി -മംഗലപുരം റോഡിന്റെ ലാൻഡ് അക്വിസേഷൻ പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദീകരിക്കുമോ?

**മിച്ചൽ ജംഗ്ഷൻ നവീകരണം**

1099 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ മിച്ചൽ ജംഗ്ഷൻ നവീകരണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഭൂമി തരം മാറ്റൽ**

1100 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കാഞ്ഞങ്ങാട് ആർ.ഡി.ഒ പരിധിയിൽ ഭൂമി തരം മാറ്റാൻ ഫോം നമ്പർ 6-ൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്രയെണ്ണം തീർപ്പ് കൽപ്പിച്ചുവെന്നും വില്ലേജ് തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ശേഷിക്കുന്ന അപേക്ഷകളുടെ നിലവിലെ സ്ഥിതി വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ;

(സി) അപേക്ഷയിൽ തീർപ്പ് കൽപ്പിക്കാൻ കാലതാമസം നേരിടുന്നുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

<u>വസ്തു തരം മാറ്റുന്നതിനുള്ള അപേക്ഷകൾ</u>

1101 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ വസ്തു തരം മാറ്റുന്നതിന് എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ?

<u>മണത്തല വിശ്വനാഥ ക്ഷേത്രത്തിന് ഭൂമി പതിച്ച് നൽകുന്നത്</u>

1102 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണത്തല വിശ്വനാഥ ക്ഷേത്രത്തിന് ഭൂമി പതിച്ച് നൽകുന്നത് സംബന്ധിച്ച റവ-എൽ3/55/2025-റവ ഫയലിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയലിലെ ആവശ്യം പരിഗണിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>കാലവർഷക്കെടുതിയിൽ തകർന്ന തദ്ദേശ റോഡുകളുടെ പുനരുദ്ധാരണം</u>

1103 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാലവർഷക്കെടുതിയിൽ തകർന്ന തദ്ദേശ റോഡുകളുടെ പുനരുദ്ധാരണ

ഫണ്ടിൽ ഉൾപ്പെടുത്തിയ വർക്കുകളെ സംബന്ധിച്ച് വിശദീകരിക്കുമോ;

(ബി) ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(സി) നെടുമങ്ങാട് മണ്ഡലത്തിൽ ഭരണാനുമതി കാലയളവിനുള്ളിൽ ആരംഭിക്കാത്ത ഫ്ലഡ് വർക്കുകളെ സംബന്ധിച്ച് വിശദീകരിക്കാമോ; പ്രസ്തുത വർക്കുകൾ പുതുക്കി നൽകുന്ന വിഷയം പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കാമോ;

(ഡി) ജില്ലാ തലത്തിൽ ഫ്ലഡ് വർക്കുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന വിഷയം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

## <u>ഫറോക്ക് ചുങ്കം മിനി സിവിൽ സ്റ്റേഷൻ</u>

1104 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പ്രവർത്തനമാരംഭിച്ച ഫറോക്ക് ചുങ്കത്തെ മിനി സിവിൽ സ്റ്റേഷനിലേക്ക് ഏതൊക്കെ വകുപ്പ്/ഓഫീസുകളുടെ പ്രവർത്തനം മാറ്റുവാനാണ് തീരുമാനം എടുത്തിരുന്നത് എന്ന് അറിയിക്കാമോ;

(ബി) നിലവിൽ പ്രസ്തുത മിനി സിവിൽ സ്റ്റേഷനിൽ ഏതെല്ലാം ഓഫീസുകൾ പ്രവർത്തനമാരംഭിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) പ്രവർത്തനം മാറ്റാത്ത/ആരംഭിക്കാത്ത ഓഫീസുകൾ പ്രവർത്തനസജ്ജമാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) നിശ്ചയിച്ച എല്ലാ ഓഫീസുകളുടെയും പ്രവർത്തനം എന്ന് ആരംഭിക്കുവാനാകും എന്ന് വ്യക്തമാക്കാമോ?

## <u>പാലാ മിനി സിവിൽ സ്റ്റേഷൻ നിർമാണം</u>

1105 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മിനി സിവിൽ സ്റ്റേഷൻ നിർമാണം പൂർത്തീകരിച്ച് രണ്ട് വർഷത്തിലധികമായിട്ടും നിരവധി ഓഫീസുകൾക്ക്

പ്രവർത്തിക്കുന്നതിന് തുറന്നുകൊടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഓഫീസുകൾ പ്രവർത്തിക്കുന്നതിന് സിവിൽ സ്റ്റേഷൻ തുറന്നുകൊടുക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത മിനി സിവിൽ സ്റ്റേഷൻ നിലവിൽ തുറന്നു പ്രവർത്തിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**പാലാ ആർ.ഡി.ഒ.ഓഫീസ് കോംപ്ലക്സ് നിർമാണം**

1106 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ ആർ.ഡി.ഒ. ഓഫീസ് കോംപ്ലക്സ് നിർമാണ പ്രവർത്തനങ്ങൾ അനിശ്ചിതമായി നീണ്ടുപോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർമാണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഓഫീസ് കോംപ്ലക്സ് നിർമാണവുമായി ബന്ധപ്പെട്ട് നിലവിൽ തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**ചിറയിൻകീഴ് മണ്ഡലത്തിൽ സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

1107 **ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ എത്ര സ്മാർട്ട് വില്ലേജ് ഓഫീസുകളുണ്ട്; ഇനി എത്ര വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളായി മാറ്റുവാനുണ്ട്; വിശദമാക്കാമോ?

**കഴക്കൂട്ടം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം**

1108 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം മണ്ഡലത്തിലെ ജനങ്ങളുടെ സൗകര്യാർത്ഥം വിവിധ സർക്കാർ വകുപ്പുകളുടെ സേവനങ്ങൾ ഒരിടത്ത് ലഭ്യമാകുന്ന തരത്തിൽ കഴക്കൂട്ടത്ത് ഒരു മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ഭൂമിയുടെ ലഭ്യത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) കഴക്കൂട്ടത്ത് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതി വിശദമാക്കുമോ?

**തളിപ്പറമ്പ മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണം**

1109 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ മണ്ഡലത്തിലെ മാണിയൂർ വില്ലേജ് ഓഫീസിന് സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തി പണിയുന്ന ഓഫീസ് കെട്ടിടത്തിന്റെ പ്രവൃത്തി ഏത് ഘട്ടത്തിൽ എത്തി എന്നും എപ്പോൾ ഉദ്ഘാടനത്തിനായി തയ്യാറാകുമെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ എത്ര വില്ലേജ് ഓഫീസുകൾക്ക് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം പണിതിട്ടുണ്ടെന്ന് അവയുടെ പേര് സഹിതം അറിയിക്കാമോ; അവശേഷിക്കുന്ന വില്ലേജ് ഓഫീസുകൾ ഏതെന്നും അവയെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം പണിയാൻ തുക അനുവദിക്കുമോ എന്നും അറിയിക്കാമോ; വ്യക്തമാക്കുമോ?

**പുനലൂർ മണ്ഡലത്തിലെ റവന്യൂ ടവർ നിർമ്മാണം**

1110 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിലെ റവന്യൂ ടവർ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കുമോ?

**സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

1111 **ശ്രീ. വി. ജോയി**

**ശ്രീ. കെ. കെ. രാമചന്ദ്രൻ**

**ശ്രീ. പി. പി. സുമോദ്**

**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ നിന്നും വേഗത്തിലും സുതാര്യമായും സേവനങ്ങൾ ലഭ്യമാക്കുവാൻ മുൻ സർക്കാരിന്റെ കാലത്ത് വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി നവീകരിച്ച് ജനങ്ങൾക്കായി തുറന്നുനൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ കെട്ടിട നിർമ്മാണത്തിനായി കിഫ്ബി വഴിയും പ്ലാൻ ഫണ്ട് വഴിയും കഴിഞ്ഞ സർക്കാർ വകയിരുത്തിയ ഫണ്ടിന്റെ വിശദാംശങ്ങൾ വർഷം തിരിച്ച് വ്യക്തമാക്കാമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് റവന്യൂ വകുപ്പിൽ നടപ്പാക്കിയ ഇ - ഓഫീസ് സംവിധാനവും വില്ലേജ് ഓഫീസുകളുടെ ഡിജിറ്റലൈസേഷനും പൊതുജനങ്ങൾക്ക് വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിൽ ലഭ്യമാകുന്നതിന് എത്രമാത്രം സഹായകരമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ സർക്കാർ ഭരണാനുമതി നൽകി നിർമ്മാണം ആരംഭിച്ചതും നിലവിൽ വിവിധ ഘട്ടങ്ങളിൽ പൂർത്തിയാക്കാനുള്ളതുമായ സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ മണ്ഡലാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കുമോ?

## <u>വീരണകാവ് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം</u>

1112 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിലുൾപ്പെട്ട വീരണകാവ് വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഫീസ് കെട്ടിടം അടിയന്തരമായി നിർമ്മാണം പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് തുറന്ന് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>സ്മാർട്ട് വില്ലേജ് ഓഫീസുകൾ</u>

1113 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. രമേഷ് പിഷാരടി**
**ശ്രീ. സുമേഷ് അച്യുതൻ**
**ശ്രീ. രാജൻ. ജെ. പല്ലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്; ആകെ വില്ലേജ് ഓഫീസുകളിൽ എത്ര എണ്ണം ഇത്തരത്തിൽ സ്മാർട്ട് ആക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുമ്പോൾ എന്തൊക്കെ മാറ്റങ്ങളാണ് ഓഫീസിൽ വരുത്തുന്നത് എന്ന് വ്യക്തമാക്കാമോ; ഇങ്ങനെയുള്ള ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ എല്ലാം ഡിജിറ്റൽ ആക്കി മാറ്റിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇനിയും സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കാത്ത വില്ലേജ് ഓഫീസുകൾ കൂടി സ്മാർട്ട് ആക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>ചാത്തന്നൂർ കേന്ദ്രീകരിച്ച് പുതിയ താലൂക്ക് രൂപീകരണം</u>**

1114 **ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ താലൂക്ക് രൂപീകരണവുമായി ബന്ധപ്പെട്ട് പഠനമോ സർവ്വെയോ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് വകുപ്പ് ഏതെങ്കിലും പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) താലൂക്ക് രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പ്രകാരം പ്രസ്തുത പ്രദേശം അതിന് യോഗ്യമാണോയെന്ന് അറിയിക്കാമോ;

(ഡി) പുതിയ താലൂക്ക് രൂപീകരിച്ചാൽ അതിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന വില്ലേജുകളും തദ്ദേശ സ്ഥാപനങ്ങളും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) ചാത്തന്നൂർ താലൂക്ക് രൂപീകരണത്തിനായി സമയബന്ധിതമായി നടപടി സ്വീകരിക്കാൻ തയ്യാറാണോയെന്ന് വ്യക്തമാക്കാമോ?

**<u>മഞ്ചേശ്വരം താലൂക്കിലെ സർക്കാർ ഭൂമി</u>**

1115 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ സർക്കാർ ഓഫീസുകൾ സ്ഥാപിക്കുന്നതിനും മറ്റ് വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്നതുമായ സർക്കാർ ഭൂമിയുടെ വിശദാംശങ്ങൾ വില്ലേജ് തിരിച്ച്, സർവ്വേ നമ്പർ, വിസ്തീർണം എന്നിവ സഹിതം ലഭ്യമാക്കുമോ?

**<u>പാലാ റിവർവ്യൂ റോഡ് നിർമാണം</u>**

1116 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ റിവർവ്യൂ റോഡ് മെയിൻ റോഡുമായി ചേരുന്ന ആർ.വി. പാർക്കിനു സമീപം കോമളം ഹോട്ടൽ സ്ഥിതി ചെയ്യുന്ന ഏകദേശം 2 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡ് നിർമാണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ; നിജസ്ഥിതി വ്യക്തമാക്കാമോ?

## പെരുമ്പാവൂർ മണ്ഡലത്തിലെ റവന്യൂ സേവനങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച്

1117 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ രായമംഗലം വില്ലേജ് ഓഫീസിന്റെ പരിധിയിൽ 50,000-ത്തിലധികം ജനസംഖ്യയും വിപുലമായ ഭൗമപരിധിയും ഉള്ളതിനാൽ പൊതുജനങ്ങൾക്ക് റവന്യൂ സേവനങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്ന സാഹചര്യവും, രായമംഗലം വില്ലേജിനെ വിഭജിച്ച് കുറുപ്പംപടി വില്ലേജ് ഓഫീസ് രൂപീകരിക്കണമെന്ന ആവശ്യം കഴിഞ്ഞ പത്ത് വർഷമായി റവന്യൂ വകുപ്പിന്റെ പരിഗണനയിലുള്ള സാഹചര്യവും കണക്കിലെടുത്ത്, കുറുപ്പംപടി വില്ലേജ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) ഭൂമിയുടെ തരംമാറ്റവുമായി ബന്ധപ്പെട്ട് പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ ആയിരക്കണക്കിന് ഫയലുകൾ വർഷങ്ങളായി തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നതായും, ഇതിന് പ്രധാന കാരണം സർവേയർമാരുടെ പരിശോധനകൾ പൂർത്തീകരിക്കപ്പെടാത്തതാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കുന്നത്തുനാട് താലൂക്ക് ഓഫീസിൽ സർവേയർമാരുടെ ഗണ്യമായ കുറവുള്ള സാഹചര്യത്തിൽ, കൂടുതൽ സർവേയർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

1118 **ശ്രീ. സെബാസ്റ്റ്യൻ. എം. ജെ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കാലവർഷക്കെടുതികളെ നേരിടുന്നതിനായി റവന്യൂ വകുപ്പ്, ദുരന്തനിവാരണ വകുപ്പ് മറ്റ് ഇതര വകുപ്പുകളുമായി സംയുക്ത യോഗം ചേർന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഉരുൾപ്പൊട്ടൽ സാധ്യതയുള്ള മേഖലകളിൽ എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) തീക്കോയിൽ പുതിയ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**കഴക്കൂട്ടം താലൂക്ക് രൂപീകരണം**

1119 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടത്തെ വിവിധ പ്രദേശങ്ങളിലെ ജനങ്ങൾ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വിവിധ സേവനങ്ങൾക്കായി പല താലൂക്ക് ആസ്ഥാനങ്ങളിലും എത്തിച്ചേരേണ്ട ദുഷ്കരമായ സാഹചര്യം നിലനിൽക്കുന്നുണ്ട് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കഴക്കൂട്ടം കേന്ദ്രീകരിച്ച് പുതിയ താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**മാനന്തവാടി മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ**

1120 **ശ്രീമതി ഉഷ വിജയൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് മാനന്തവാടി മണ്ഡലത്തിൽ നടപ്പിലാക്കിയതും തുടരുന്നതുമായ വിവിധ പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, നിർവഹണ ഏജൻസി, പദ്ധതിയുടെ നിലവിലെ പുരോഗതി എന്നിവ സംബന്ധിച്ച വിവരം

ലഭ്യമാക്കുമോ?

**<u>സംസ്ഥാനത്തെ ഡിജിറ്റൽ സർവ്വേ നടപടികളുടെ പുരോഗതി</u>**

1121 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡിജിറ്റൽ സർവ്വേ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര വില്ലേജുകൾ ഡിജിറ്റൽ സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും എത്ര വില്ലേജുകളിൽ സർവ്വേ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നും അറിയിക്കാമോ;

(സി) പാലക്കാട് ജില്ലയിൽ ഡിജിറ്റൽ സർവ്വേ പൂർത്തീകരിച്ച വില്ലേജുകളും സർവ്വേ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന വില്ലേജുകളും ഏതൊക്കെയാണെന്ന് അറിയിക്കാമോ?

**<u>കുറ്റ്യാടി മണ്ഡലത്തിലെ ഡിജിറ്റൽ സർവ്വേ</u>**

1122 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ ഡിജിറ്റൽ സർവ്വേ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണുള്ളത്; വ്യക്തമാക്കുമോ;

(ബി) നിലവിൽ മണ്ഡലത്തിലെ എത്ര വില്ലേജുകളിൽ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്; വില്ലേജുകൾ തിരിച്ചുള്ള വിശദാംശം നൽകുമോ;

(സി) മണ്ഡലത്തിലെ ഡിജിറ്റൽ സർവ്വേ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>തൃശ്ശൂർ, തലപ്പിള്ളി താലൂക്കുകളിലെ ഡിജിറ്റൽ സർവേ</u>**

1123 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ, തലപ്പിള്ളി താലൂക്കുകളിലെ ഏതെല്ലാം വില്ലേജുകളിലാണ് ഡിജിറ്റൽ സർവ്വേ പുരോഗമിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വില്ലേജുകളിൽ ഓരോന്നിലും ഡിജിറ്റൽ സർവ്വേ എത്ര ശതമാനം പൂർത്തിയായെന്ന് പട്ടിക തിരിച്ച് വിവരം ലഭ്യമാക്കാമോ?

**പൊൻകുന്നത്ത് റീസർവ്വേ സൂപ്രണ്ട് ഓഫീസ് ആരംഭിക്കാൻ നടപടി**

1124 **ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ വൈക്കത്ത് നിലവിലുള്ള രണ്ട് റീസർവ്വേ സൂപ്രണ്ട് ഓഫീസുകളിൽ ഒരെണ്ണം കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ പൊൻകുന്നത്തേക്ക് മാറ്റുന്നത് സംബന്ധിച്ച പ്രൊപ്പോസലിന്റെ നിലവിലെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയം നിലവിൽ ഏത് ഓഫീസിന്റെ പരിഗണനയിലാണുള്ളത്; ഫയൽ നമ്പർ സഹിതമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഓഫീസിന്റെ പ്രവർത്തനത്തിനായി പൊൻകുന്നം സിവിൽ സ്റ്റേഷനിൽ മുറി അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ ഓഫീസ് അടിയന്തരമായി പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

**കുട്ടനാട് നിയോജകമണ്ഡലത്തിലെ ഭൂമി തരംമാറ്റ അപേക്ഷകളും റീസർവേ നടപടികളും**

1125 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജകമണ്ഡലത്തിലെ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് വിവിധ ഓഫീസുകളിലായി കെട്ടിക്കിടക്കുന്ന അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനും തരംമാറ്റവുമായി ബന്ധപ്പെട്ട് ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) കുട്ടനാട് നിയോജകമണ്ഡലത്തിലെ എടത്വ വില്ലേജിലെ റീസർവ്വേ നടപടികൾ ഏത് ഘട്ടത്തിലാണ്; റീസർവ്വേ പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**തളിപ്പറമ്പ താലൂക്കിൽ മിച്ച ഭൂമി വിതരണം**

1126 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ താലൂക്കിൽ അർഹരായവർക്ക് വിതരണം ചെയ്യുന്നതിനായി റവന്യൂ വകുപ്പിന്റെ അധീനതയിൽ മിച്ചഭൂമി നിലവിലുണ്ടോ; എങ്കിൽ എത്ര ഹെക്ടർ ഭൂമിയുണ്ടെന്ന് വെളിപ്പെടുത്താമോ; അർഹരായവർക്ക് മിച്ചഭൂമി വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**ഭൂനിയമങ്ങളിൽ സമഗ്രമായ പരിഷ്കരണത്തിന് നടപടി**

1127 **ശ്രീ. വി. പി. സജീന്ദ്രൻ**
**ശ്രീ. സേനാപതി വേണു**
**ശ്രീ. അബിൻ വർക്കി കോടിയാട്ട്**
**ശ്രീ. സി. വി. ശാന്തകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിവർത്തനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമം പരിഷ്കരിക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) ഭൂമി സംബന്ധമായി നിലവിലുള്ള നിയമങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് വേണ്ട പഠനങ്ങളും പരിശോധനകളും നടത്താൻ ഒരു കമ്മീഷൻ രൂപീകരിക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നല്കാമോ?

**ഉുവ്വൽ തീരം ടൂറിസം പദ്ധതി**

1128 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ ഉുവ്വൽ തീരം ടൂറിസം പദ്ധതി പ്രൊപ്പോസൽ സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ; അതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) താനൂർ ടൂറിസം പദ്ധതി വേഗത്തിലാക്കുന്നതിനും ഈ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം ഒരൊറ്റ കുടക്കീഴിൽ ഏകോപിപ്പിക്കുന്നതിനുമായി വർക്കല മാതൃകയിൽ ഒരു സ്പെഷ്യൽ

പർപ്പസ് വെഹിക്കിൾ(എസ് .പി.വി.) രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

**തീർത്ഥാടന-ടൂറിസം സർക്യൂട്ട് പദ്ധതി നിർവഹണം**

1129 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീർത്ഥാടന-ടൂറിസം സർക്യൂട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തൊട്ടാകെ എത്ര പദ്ധതികളാണ് നടപ്പിലാക്കുവാൻ അനുമതി നൽകിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരത്തെ ചെല്ലമംഗലം ദേവീക്ഷേത്രത്തിൽ അമിനിറ്റി സെന്റർ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിൽ എന്തൊക്കെ പ്രവൃത്തികൾ ഉൾപ്പെട്ടിരുന്നുവെന്നും എത്ര തുകയാണ് അനുവദിച്ചിരുന്നതെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; നിർമ്മാണപ്രക്രിയയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഡി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അവ പൂർത്തീകരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**ലോകനാർക്കാവ് ക്ഷേത്രം ടൂറിസം പദ്ധതി**

1130 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ ലോകനാർക്കാവ് ക്ഷേത്രവുമായി ബന്ധപ്പെട്ടുകിടക്കുന്ന ടൂറിസം പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) പദ്ധതിയുടെ എസ്റ്റിമേറ്റ് തുക, പദ്ധതി എന്നത്തേക്ക് പൂർത്തിയാകും എന്നിവ വ്യക്തമാക്കാമോ;

(സി) പദ്ധതി പ്രധാനമായും ലക്ഷ്യം വെക്കുന്നതും പദ്ധതി പൂർത്തിയാകുന്നതോടെ യാഥാർത്ഥ്യമാകുന്നതുമായ കാര്യങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ?

**വിനോദസഞ്ചാര കേന്ദ്രങ്ങളുടെ സുരക്ഷ**

1131 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ**

**ശ്രീമതി ഗീതാ ഗോപി**

**ശ്രീ. പി. പ്രസാദ്**

**ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര കേന്ദ്രങ്ങളിലുണ്ടാകുന്ന അപകടങ്ങളിൽപ്പെട്ടും മറ്റുവിധത്തിലും വിനോദസഞ്ചാരികൾ മരണപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) കടൽത്തീരങ്ങൾ, കായലോരങ്ങൾ, നദികൾ, തടാകങ്ങൾ മുതലായ ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേക പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം അവിടങ്ങളിൽ ഉറപ്പാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ടൂറിസം ഡെസ്റ്റിനേഷനുകളിൽ ക്രമാതീതമായി സന്ദർശക ബാഹുല്യം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഓരോ ടൂറിസം കേന്ദ്രങ്ങളുടേയും ക്യാരിയിംഗ് കപ്പാസിറ്റി സംബന്ധിച്ച് പഠനം നടത്തുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് അഡ്വഞ്ചർ ടൂറിസം മേഖലയിൽ സുരക്ഷാ മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത മേഖലയിൽ നിലവിൽ പ്രാബല്യത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ?

**വിനോദ സഞ്ചാര മേഖലയിലെ തൊഴിലവസരങ്ങൾ**

1132 **ശ്രീ. കെ. വി. സുമേഷ്**

**ശ്രീമതി ഒ. എസ്. അംബിക**

**ശ്രീ. കെ. കെ. രാമചന്ദ്രൻ**

**ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര മേഖലയിൽ തൊഴിൽസാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് എന്തെല്ലാം പുതിയ പഠന-പരിശീലന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയത്; ഈ കാലയളവിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (എസ്.ഐ.എച്ച്.എം.) പോലുള്ള സ്ഥാപനങ്ങളുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ടൂറിസം മേഖലയിൽ സ്ത്രീശാക്തീകരണം ലക്ഷ്യമാക്കി മുൻ സർക്കാരിന്റെ കാലയളവിൽ ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂഷനുകൾ വഴിയും മറ്റും നടപ്പിലാക്കിയ പ്രത്യേക സൗജന്യ തൊഴിൽ പരിശീലന പരിപാടികൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ;

(സി) ടൂറിസം വ്യവസായത്തിന് ആവശ്യമായ മാനവ വിഭവശേഷി ഒരുക്കുന്നതിനായി, മുൻ സർക്കാരിന്റെ കാലത്ത് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) മുഖേന എന്തെല്ലാം പുതിയ ബിരുദ ബിരുദാനന്തര, ഡിപ്ലോമ കോഴ്സുകളും ഹ്രസ്വകാല നൈപുണ്യ വികസന പരിപാടികളുമാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) വിനോദ സഞ്ചാര മേഖലയിലെ സ്ഥാപനങ്ങൾ, ടൂറിസം സഹകരണ സംഘങ്ങൾ മുതലായവയുടെ സഹകരണത്തോടെ ടൂറിസം മേഖലയിലെ തൊഴിൽ-സംരംഭക സാധ്യതകൾ വർദ്ധിപ്പിക്കാൻ മുൻ സർക്കാർ നടപ്പാക്കിയ പ്രധാന പദ്ധതികൾ എന്തെല്ലാമായിരുന്നെന്ന് വ്യക്തമാക്കാമോ?

## വടക്കാഞ്ചേരി ശിവരാമ പാർക്ക് നവീകരണം;

1133 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി ശിവരാമ പാർക്ക് നവീകരണം പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## വർക്കലയിലെ വിനോദ സഞ്ചാര വകുപ്പ് പ്രവൃത്തികൾ

1134 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ വിനോദ സഞ്ചാര വകുപ്പ് നിർവ്വഹിച്ചു വരുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടേയും നിർമ്മാണ പുരോഗതി വിശദമാക്കാമോ?

**പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ ടൂറിസം വകുപ്പ് പദ്ധതികൾ**

1135 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ നെയ്യാർ ഡാം ടൂറിസം ഡെവലപ്മെന്റ് പ്രോജക്ട്, നവകേരള സദസ്സിന്റെ ഭാഗമായി അനുമതി ലഭ്യമായ അമ്പൂരി ടൂറിസം ഡെവലപ്മെന്റ് പ്രോജക്ട്, ബ്രിഡ്ജ് ടൂറിസം പദ്ധതിയുടെ ഭാഗമായി അനുമതി ലഭിച്ച കുമ്പിച്ചൽക്കടവ് പാലം വി-പാർക്ക് എന്നിവയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) മേല്പറഞ്ഞ ഓരോ പ്രവൃത്തിയുടേയും നിലവിലെ ഭൗതിക,സാമ്പത്തിക പുരോഗതി എത്രയെന്ന് വ്യക്തമാക്കാമോ; ഈ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള സമയപരിധി എന്നാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ചിട്ടും ഇതുവരെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാത്തവയോ അല്ലെങ്കിൽ അനുമതിയ്ക്ക് ശേഷം പ്രവൃത്തികൾ തടസ്സപ്പെട്ടു കിടക്കുന്നവയോ ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഉണ്ടെങ്കിൽ ഓരോ പ്രവൃത്തിയും കാലതാമസം നേരിടുന്നതിന്റെ / തടസ്സപ്പെട്ടതിന്റെ കൃത്യമായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; പ്രസ്തുത സാങ്കേതിക/വകുപ്പുതല തടസ്സങ്ങൾ പരിഹരിച്ച് നിർമ്മാണം വേഗത്തിൽ പൂർത്തിയാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നും വ്യക്തമാക്കുമോ?

**വിനോദസഞ്ചാര മേഖലയുടെ സുസ്ഥിര വികസനം**

1136 **ശ്രീ. അപു ജോൺ ജോസഫ്**

**ശ്രീ. ഷിബു തെക്കുംപുറം**

**ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയിൽ സുസ്ഥിരമായ അടിസ്ഥാന സൗകര്യ വികസനവും ഉത്തരവാദിത്തമുള്ള സ്വകാര്യ പങ്കാളിത്തവും ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കാമോ;

(ബി) രാജ്യത്തെ ഏറ്റവും ആകർഷകമായ വിനോദസഞ്ചാര ലക്ഷ്യസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിനായി പദ്ധതികൾ ആലോചനയിലുണ്ടോ; വിശദമാക്കാമോ;

(സി) മെഡിക്കൽ, വെൽനസ്, പരിസ്ഥിതി, ഡെസ്റ്റിനേഷൻ വിനോദസഞ്ചാര രീതികളുടെ പ്രോത്സാഹനം ലക്ഷ്യമിട്ട് ഒരു നിക്ഷേപ സൗഹൃദനയം രൂപീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) ഗോത്രവർഗ വിഭാഗങ്ങളുടെ സമ്പന്നമായ സാംസ്കാരിക പൈതൃകം ആഭ്യന്തര-വിദേശ വിനോദസഞ്ചാരികൾക്ക് പരിചയപ്പെടുത്താനുതകുംവിധം ട്രൈബൽ കൾച്ചറൽ സെന്ററുകളെ പരിവർത്തനം ചെയ്യാൻ പദ്ധതികളുണ്ടോ;വ്യക്തമാക്കാമോ;

(ഇ) ഹോംസ്റ്റേകൾക്ക് വിനോദസഞ്ചാര ഭൂപടത്തിൽ വർധിച്ചുവരുന്ന പ്രാധാന്യം കണക്കിലെടുത്ത് അവയെ പ്രോത്സാഹിപ്പിക്കുന്നതിനും ശാക്തീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; ഹോംസ്റ്റേകൾ സുരക്ഷിതവും സഞ്ചാരി സൗഹൃദവുമാണെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ;

(എഫ്) വിനോദ സഞ്ചാര സമ്പദ് വ്യവസ്ഥയുടെ ഗുണഫലങ്ങൾ കലാകാരന്മാർക്കും സാംസ്കാരിക പ്രവർത്തകർക്കും നേരിട്ട് ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താൻ ഏതൊക്കെ നടപടികൾ സ്വീകരിക്കും; വിശദീകരിക്കുമോ?

## <u>ശിവാ പാർക്ക് -അരുവിക്കര</u>

1137 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര ഡാമിനോടനുബന്ധിച്ച് സ്ഥിതി ചെയ്യുന്ന ശിവാ പാർക്കിന്റെ നിലവിലെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരവധി വിനോദസഞ്ചാരികൾ ദിനംപ്രതി എത്തിച്ചേരുന്ന ഈ പാർക്കിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട ഫയലിന്റെ നിലവിലെ

സ്ഥിതി പരിശോധിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**വിനോദസഞ്ചാരമേഖലയുടെ സമഗ്ര വളർച്ചയ്ക്ക് നടപടികൾ**

1138 **ശ്രീ. വി. പി. സജീന്ദ്രൻ**
**ശ്രീ. സേനാപതി വേണു**
**ശ്രീ. അബിൻ വർക്കി കോടിയാട്ട്**
**ശ്രീ. സി. വി. ശാന്തകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ ടൂറിസം, വെൽനെസ്സ് ടൂറിസം, ഡസ്റ്റിനേഷൻ ടൂറിസം, അഡ്വഞ്ചർ ടൂറിസം തുടങ്ങിയ ടൂറിസത്തിന്റെ വിവിധ മേഖലകളെ ഏകോപിപ്പിച്ച് ഏകീകൃത ടൂറിസം സർക്യൂട്ടുകൾ രൂപീകരിക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കുമോ; ടൂറിസം മേഖലയുടെ സമഗ്ര വികസനത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദമാക്കാമോ ;

(ബി) ഗ്രാമീണ ടൂറിസം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; തദ്ദേശവാസികൾക്ക് ഹോംസ്റ്റേ സംരംഭത്തിന് കുറഞ്ഞ പലിശയിൽ വായ്പകൾ ലഭ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ;വ്യക്തമാക്കാമോ ;

(സി) സിനിമാവ്യവസായത്തിനും ടൂറിസം മേഖലയ്ക്കും പരസ്പരം സഹായകമാകുന്ന വിധത്തിലുള്ള പദ്ധതികളുടെ സാധ്യത പരിശോധിക്കുമോ; ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ചുകൊണ്ട് ഡിജിറ്റൽ മാർക്കറ്റിംഗും വകുപ്പിന്റെ പ്രവർത്തനങ്ങളുടെ ഏകോപനവും ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;വിശദമാക്കാമോ ?

**സാംസ്കാരിക ടൂറിസം വികസിപ്പിക്കാൻ നടപടികൾ**

1139 **ശ്രീ. ആര്യാടൻ ഷൗക്കത്ത്**
**ശ്രീ. സുധീർഷാ പാലോട്**
**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷണം, ഉത്സവങ്ങൾ, പരമ്പരാഗത കൃഷിരീതികൾ, പരമ്പരാഗത വാസസ്ഥലങ്ങൾ, കലകൾ, തദ്ദേശീയ സംസ്കൃതികൾ തുടങ്ങിയവയെ ബന്ധിപ്പിച്ചുകൊണ്ട് സാംസ്കാരിക ടൂറിസത്തിന്റെ വിപുലമായ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) ഉത്സവാഘോഷങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളുടെയും ഒരു സാംസ്കാരിക കലണ്ടർ തയ്യാറാക്കി ജിയോ-കൾച്ചറൽ മാപ്പിങ്ങിലൂടെ സാംസ്കാരിക ടൂറിസം ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ;വ്യക്തമാക്കാമോ ;

(സി) അക്ഷര-സാഹിത്യോത്സവങ്ങളെയും പ്രാദേശിക ടൂറിസം സാധ്യതകളെയും കോർത്തിണക്കി സാംസ്കാരിക ടൂറിസത്തിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ;വിശദമാക്കുമോ?

## <u>തലശ്ശേരി നിയോജകമണ്ഡലത്തിലെ ടൂറിസം മേഖലയുടെ പുരോഗതി</u>

1140 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ ഇതുവരെയും പൂർത്തീകരിക്കാനായിട്ടില്ലാത്ത ടൂറിസം പ്രവൃത്തികൾ ഏതൊക്കെയാണെന്നുള്ള വിശദവിവരം അനുവദിച്ച തുകയടക്കം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി ഇനി എന്തൊക്കെ നടപടികളാണുള്ളതെന്നും വ്യക്തമാക്കാമോ?

## <u>ടൂറിസം രംഗത്തെ അനന്ത സാധ്യതകൾ</u>

1141 **ശ്രീ. ഉല്ലാസ് കോവൂർ**

**ശ്രീ. വിഷ്ണു മോഹൻ**

**ശ്രീ. വി. കുഞ്ഞികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം രംഗത്തെ അനന്ത സാധ്യതകൾ പരിഗണിച്ച് സംസ്ഥാനത്തെ ഒരു ടൂറിസം ഹബ്ബ് ആക്കി മാറ്റുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ;

(ബി) കായൽ ടൂറിസം ഉൾപ്പടെയുള്ള ടൂറിസം മേഖലകളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പാക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>സംസ്ഥാനത്ത് വിവിധ പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾക്ക് അനുവദിച്ച തുക</u>**

1142 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2026 വരെ സംസ്ഥാനത്ത് വിവിധ പദ്ധതികളിലായി ഓരോ വർഷവും ആകെ എത്ര തുക നിർമ്മാണ പ്രവൃത്തികൾക്കായി വിനോദസഞ്ചാര വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് പട്ടിക തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

**<u>വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സുരക്ഷ</u>**

1143 **ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. റോയി. കെ. പൗലോസ്**
**ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചില വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികൾക്കുനേരെ പ്രദേശവാസികളും ഡ്രൈവർമാരും ചേർന്ന് ആക്രമണങ്ങൾ നടത്തുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും അവർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും 24 മണിക്കൂറും പോലീസിന്റെ സാന്നിധ്യമുള്ള എയ്ഡ് പോസ്റ്റുകളും സി.സി.ടി.വി. ക്യാമറകളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>പട്ടാമ്പി ടൂറിസം സർക്യൂട്ട് പദ്ധതി</u>**

1144 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ ഏറെ സാധ്യതകളുള്ള രാമഗിരിക്കോട്ട -സെൻട്രൽ ഓർച്ചാഡ് -നിളാനദി -രായിരനെല്ലൂർ മല -പട്ടാമ്പി ടൂറിസം സർക്യൂട്ട്, കുലുക്കല്ലൂർ -ആനക്കല്ല് ടൂറിസം പ്രൊജക്ട് എന്നിവ നടപ്പാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, എങ്കിൽ ഇതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

**അഴീക്കോട് മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

1145 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ നടന്നുവരുന്ന ടൂറിസം പദ്ധതി പ്രവൃത്തികളുടെ വിശദമായ വിവരം നൽകാമോ;

(ബി) ടൂറിസം വകുപ്പിന്റെ പൂർത്തിയാകാത്തതോ പുരോഗമിക്കുന്നതോ ആരംഭിക്കുന്നതോ ആയ പ്രവൃത്തികളുടെ പൂർണമായ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പയ്യാമ്പലം ബീച്ച് വാക്ക് വേ- രണ്ടാം ഘട്ടത്തിന്റെ പ്രവൃത്തി പുരോഗതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി ആരംഭിക്കാത്തതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ അവ വ്യക്തമാക്കാമോ ?

**പാലങ്ങൾ കേന്ദ്രീകരിച്ച് വിനോദസഞ്ചാര വകുപ്പ് നടപ്പാക്കിയ ടൂറിസം പദ്ധതികൾ.**

1146 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനപ്പെട്ട പാലങ്ങൾ കേന്ദ്രീകരിച്ച് വിനോദ സഞ്ചാര വകുപ്പ് നടപ്പാക്കിയ ടൂറിസം പദ്ധതികൾ എത്രത്തോളം വിജയകരമായിരുന്നെന്ന് വിലയിരുത്തിയിട്ടുണ്ടോ;എങ്കിൽ വിശദമാക്കാമോ?

**ആനത്താഴ്ചിറ നൈറ്റ് ലൈഫ് ടൂറിസം**

1147 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിലെ ആനത്താഴ്ചിറ, നൈറ്റ് ലൈഫ് ടൂറിസം ഹബ്ബാക്കി വികസിപ്പിക്കുന്നതിന് ഉടമസ്ഥാവകാശം മാത്ര വകുപ്പിൽ നിലനിർത്തി 4

ഏക്കർ പുറമ്പോക്ക് ഭൂമിയും 12.76 ഏക്കർ ജലസംഭരണിയും ഉൾപ്പെടെ 16.76 ഏക്കർ ഭൂമി റവന്യൂ വകുപ്പ് ടൂറിസം വകുപ്പിന് കൈമാറിയിരുന്നു. സാമ്പത്തിക ഭാരം കുറയ്ക്കുന്നതിനായി പി.പി.പി - ഡി.ബി.എഫ്.ഒ.റ്റി. (പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് - ഡിസൈൻ - ബിൽഡ് - ഫിനാൻസ് - ഓപ്പറേറ്റ് - ട്രാൻസ്ഫർ) മോഡലിൽ നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തിട്ടുള്ള പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ റിക്വസ്റ്റ് ഫോർ ടെണ്ടർ (ആർ.എഫ്.റ്റി.) ക്ഷണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ ക്ഷണിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികളെ കുറിച്ച് വിശദമാക്കുമോ?

## തീർത്ഥാടന -സാംസ്കാരിക കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള വിനോദസഞ്ചാര പദ്ധതികൾ

1148 **ശ്രീ. സി. കെ. കാസിം**

**ശ്രീ. ഫൈസൽ ബാബു**

**ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീർത്ഥാടന കേന്ദ്രങ്ങളെയും സാംസ്കാരിക കേന്ദ്രങ്ങളെയും ബന്ധിപ്പിച്ച് പുതിയ വിനോദ സഞ്ചാര പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾക്ക് കേന്ദ്രസർക്കാർ സഹായം ലഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ;

(സി) കേന്ദ്ര സഹായത്തോടെ കൂടുതൽ തീർത്ഥാടന -സാംസ്കാരിക കേന്ദ്രങ്ങളെ ഉൾപ്പെടുത്തി വിനോദസഞ്ചാര പദ്ധതികൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ആലത്തൂർ നിയോജക മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

1149 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചു വർഷകാലയളവിനുള്ളിൽ ആലത്തൂർ നിയോജക മണ്ഡലത്തിൽ ടൂറിസം വകുപ്പുമായും ഡി.റ്റി.പി.സി. മുഖേനയും നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) മംഗലം ഡാം ടൂറിസം പദ്ധതി മുഖേന നിലവിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ;

(സി) നിലവിൽ മണ്ഡലത്തിലെ ഏതെങ്കിലും ടൂറിസം പദ്ധതികളുമായി ബന്ധപ്പെട്ട് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ സർക്കാരിന്റേയോ വകുപ്പിന്റേയോ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

## വെള്ളാണിക്കൽ ഹിൽടോപ്പ് ടൂറിസം

1150 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ പോത്തൻകോട്, മാണിക്കൽ പഞ്ചായത്തുകളിലായി വ്യാപിച്ച് കിടക്കുന്ന വെള്ളാണിക്കൽ ഹിൽ ടോപ്പിൽ നൂതന ടൂറിസം പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് 9.3 ഏക്കർ സർക്കാർ ഭൂമി റവന്യൂ വകുപ്പ് ടൂറിസം വകുപ്പിന് കൈമാറിയിരുന്നു. സാമ്പത്തികഭാരം കുറയ്ക്കുന്നതിനായി പി.പി.പി.-ഡി.ബി.എഫ്.ഒ.ടി. മോഡലിൽ നടപ്പിലാക്കുന്നതിനായി തീരുമാനമെടുത്ത പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതി ടെൻഡർ ചെയ്യുന്നതിനായി നാളിതുവരെ വകുപ്പ് സ്വീകരിച്ച തുടർനടപടികൾ വിശദീകരിക്കുമോ?

## തലശ്ശേരി ഹെറിറ്റേജ് ടൂറിസം പദ്ധതി

1151 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ഹെറിറ്റേജ് ടൂറിസം പദ്ധതിയുടെ ഭാഗമായി തലശ്ശേരി നിയോജകമണ്ഡലത്തിൽ ഇതുവരെയും പൂർത്തീകരിക്കാത്ത പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണത്തിന് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും; ആയതിനായി ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ?

**<u>നെന്മാറ-പോത്തുണ്ടി ടൂറിസം</u>**

1152 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ പോത്തുണ്ടി പ്രദേശത്തെ ടൂറിസം വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പോത്തുണ്ടി പ്രദേശത്തെ ടൂറിസം വികസന പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

**<u>വിനോദസഞ്ചാര വികസനം</u>**

1153 **ശ്രീ. അൻവർ സാദത്ത്**

**ശ്രീ. നീലകണ്ഠൻ**

**ശ്രീ. സന്ദീപ് വാര്യർ**

**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര വികസനത്തിനായി ഏതൊക്കെ നൂതന പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തേക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുവാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ വരുമാനവും തൊഴിലവസരങ്ങളും വർധിപ്പിക്കുന്നതിനായി വിനോദസഞ്ചാര മേഖലയെ പ്രയോജനപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കാമോ?

**<u>കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ബഡ്ജറ്റിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ പട്ടിക ;</u>**

1154 **ശ്രീ. വി. പി. സജീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ 2016-26 വരെ ടൂറിസം വകുപ്പിന്റെ പദ്ധതികളിൽ ഭരണാനുമതി ലഭിച്ച പദ്ധതികൾ, ഇവയുടെ നിലവിലെ സ്ഥിതി, പദ്ധതിയുടെ പേര്, അനുവദിച്ച തുക, ഉത്തരവുകളുടെ നമ്പർ, തീയതി എന്നിവ പട്ടിക തിരിച്ച് വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിലെ 2016-17 മുതൽ 2026-27 സാമ്പത്തിക വർഷം വരെ ഓരോ ബജറ്റുകളിലും 20% തുക വകയിരുത്തി ബഡ്ജറ്റിൽ ഉൾപ്പെട്ട പ്രവ്യത്തികളിൽ ഭരണാനുമതി ലഭിച്ച ഉത്തരവുകളുടെ നമ്പറും തീയതിയും തുകയും നിലവിൽ ഭരണാനുമതി നൽകാത്ത പ്രവ്യത്തികളുടെ പേരും തുകയും വ്യക്തമാക്കാമോ ?

## പുനലൂർ മണ്ഡലത്തിലെ തെന്മല ഇക്കോ ടൂറിസം പദ്ധതി

1155 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആദ്യത്തെ ഇക്കോ ടൂറിസം പ്രോജക്റ്റായ പുനലൂർ മണ്ഡലത്തിലെ തെന്മല ഇക്കോ ടൂറിസം പദ്ധതിയുടെ വികസനത്തിന് ടൂറിസം വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും; നിലവിൽ പ്രസ്തുത ഇക്കോ ടൂറിസം പദ്ധതിയുടെ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും അറിയിക്കാമോ;

(ബി) മലയോര മേഖലയായ പുനലൂർ മണ്ഡലത്തിലെ വിവിധങ്ങളായ വലിയ വിനോദ സഞ്ചാര വികസന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി ഇക്കോ ടൂറിസം പദ്ധതി, ജൈവ വൈവിധ്യ സർക്യൂട്ട്, ഹെറിറ്റേജ് ടൂറിസം എന്നീ വിവിധ പദ്ധതികൾ ഏകോപിപ്പിച്ച് ഡി.പി.ആർ.തയ്യാറാക്കി അംഗീകാരം നേടി നടപ്പിലാക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ ടൂറിസം വകുപ്പ് സ്വീകരിച്ചിട്ടുണ്ടോയെന്നും; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

## കണ്ണമ്പ്ര വാവുമല ഇക്കോ ടൂറിസം പദ്ധതി

1156 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണമ്പ്ര വാവുമല ഇക്കോ ടൂറിസം പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

**പഴശ്ശി-പടിയൂർ ഇക്കോ ടൂറിസം പദ്ധതി;**

1157 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള പഴശ്ശി ഡാമും പരിസരവുമായി ബന്ധിപ്പിച്ച് നടപ്പിലാക്കി വരുന്ന പഴശ്ശി-പടിയൂർ ഇക്കോ ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ട പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

**കുന്നംകുളം മണ്ഡലത്തിലെ കലശമല ഇക്കോട്ടൂറിസം പദ്ധതി**

1158 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ കലശമല ഇക്കോട്ടൂറിസം പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികളെല്ലാം പൂർത്തീകരിച്ച് ടൂറിസം ഡെസ്റ്റിനേഷൻ ആരംഭിക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികളാണ് നാളിതുവരെ കൈകൊണ്ടിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ഈ പദ്ധതി ആരംഭിക്കുന്നതിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിച്ച് ജനങ്ങൾക്ക് ടൂറിസം പാർക്ക് തുറന്ന് നൽകാൻ നടപടി സ്വീകരിക്കുമോ?

**ആറന്മുളയിലെ ടൂറിസം വികസനത്തിനായി സർക്കാർ സ്വീകരിച്ച നടപടികൾ**

1159 **ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിരിന്റെ കാലത്ത് പൈതൃകഗ്രാമമായ ആറന്മുളയിലെ ടൂറിസം വികസനത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ആറന്മുളയിലെ ടൂറിസം വികസനത്തിനായി വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ?

**ചിമ്മിനി ഡാം മേഖലയിൽ ഇക്കോട്ടൂറിസം ഫണ്ട് അനുവദിക്കുന്നതിന്;**

1160 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട പ്രശസ്തമായ ചിമ്മിനി ഡാം മേഖലയിൽ ഇക്കോടൂറിസം ഫണ്ട് അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ;

(ബി) മറ്റത്തൂർ പഞ്ചായത്തിലെ കുഞ്ഞാലപ്പാറ, പരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ മുനിയാട്ടുകുന്ന് എന്നിവിടങ്ങളിൽ വിനോദസഞ്ചാരികൾക്കായി കൂടുതൽ സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനും , ടൂറിസം പദ്ധതി നടപ്പാക്കുന്നതിനുമായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതികൾക്കായി അനുമതിയും,ഫണ്ടും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>കൊരട്ടി പിൽഗ്രിം അമിനിറ്റീസ് സെന്റർ നവീകരണ പ്രവൃത്തി</u>

1161 **ശ്രീ. സെബാസ്റ്റ്യൻ. എം. ജെ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ കൊരട്ടി പിൽഗ്രിം അമിനിറ്റീസ് സെന്റർ നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കാനാവുമെന്ന് വിശദമാക്കാമോ?

## <u>മലപ്പുറം ഡി.ടി.പി.സി. കോൺഫറൻസ് ഹാൾ ബുക്കിംഗ് ഫീസിലെ ഇളവ്</u>

1162 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറത്തെ കോട്ടക്കുന്നിൽ സ്ഥിതി ചെയ്യുന്ന ഡി.ടി.പി.സി. കോൺഫറൻസ് ഹാൾ ഏത് വർഷത്തിലാണ് നിർമ്മിച്ചതെന്നും ഉദ്ഘാടനം ചെയ്തതെന്നും അറിയിക്കുമോ; പ്രസ്തുത ഹാളിന്റെ നിർമ്മാണത്തിനായി മൊത്തം ചെലവായത് എത്ര തുകയാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഹാൾ നിർമ്മാണത്തിനായി ടൂറിസം ഇതര വകുപ്പുകളിൽ നിന്നോ അർദ്ധസർക്കാർ/സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഔദ്യോഗിക വാർഷിക സംഗമങ്ങൾ, പരിശീലന പരിപാടികൾ, അവലോകന യോഗങ്ങൾ തുടങ്ങിയ ഔദ്യോഗിക ആവശ്യങ്ങൾക്കായി ഡി.ടി.പി.സി. കോൺഫറൻസ് ഹാൾ ഉപയോഗിക്കുന്ന സർക്കാർ വകുപ്പുകൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും ഹാൾ ബുക്കിംഗ് ഫീസ് ഇളവ്/സൗജന്യ നിരക്കിൽ മുൻപ് അനുവദിച്ചിട്ടുണ്ടോ; നിലവിൽ അനുവദിക്കുന്നുണ്ടോ; അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

**<u>അഴീക്കോട് മുനക്കൽ ബീച്ചിന്റെ സമഗ്ര വിനോദസഞ്ചാര വികസന പദ്ധതി</u>**

1163 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജക മണ്ഡലത്തിലെ അഴീക്കോട് മുനക്കൽ ബീച്ചും അതിനോട് ചേർന്നുള്ള അറുപത് ഏക്കറോളം വരുന്ന കാറ്റാടി മരങ്ങൾ നിറഞ്ഞ വിശാലമായ തീരപ്രദേശവും ഒരു പ്രധാന അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുന്നതിനുള്ള എന്തെങ്കിലും സമഗ്ര മാസ്റ്റർ പ്ലാൻ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) മുനക്കൽ ബീച്ചിൽ നിലവിൽ നടത്തിവരുന്ന ബീച്ച് ഫെസ്റ്റിവലുകൾ, സാംസ്കാരിക മേളകൾ എന്നിവയ്ക്ക് കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുമായി ടൂറിസം വകുപ്പിന്റെ ഔദ്യോഗിക കലണ്ടറിൽ ഉൾപ്പെടുത്തിക്കൊണ്ട് വാർഷിക 'മെഗാ ബീച്ച് ഫെസ്റ്റിവൽ' ആയി ഇതിനെ പ്രഖ്യാപിക്കാൻ തയ്യാറാകുമോ;

(സി) ഈ വിസ്തൃതമായ തീരപ്രദേശത്ത് വിശാലമായ കുട്ടികളുടെ പാർക്ക്, വിവിധ കളികൾക്കാവശ്യമായ ആധുനിക ഗ്രൗണ്ടുകൾ, സീ-ഫുഡ് കോർട്ട്, വാട്ടർ സ്പോർട്സ്/അഡ്വഞ്ചർ ടൂറിസം സൗകര്യങ്ങൾ, വാക്ക് വേ എന്നിവ പുതുക്കി നിർമ്മിക്കുന്നതിനും വിനോദസഞ്ചാരികൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ( ലൈറ്റിംഗ്, വാഷ്റൂം, സുരക്ഷിതമായ പാർക്കിംഗ്) അന്താരാഷ്ട്ര നിലവാരത്തിൽ ഒരുക്കുന്നതിനും പ്രത്യേക ഫണ്ട് അനുവദിക്കാമോ;

(ഡി) ഈ വലിയ ടൂറിസം പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ പ്രാദേശികമായി ഉണ്ടാകുന്ന തൊഴിലവസരങ്ങളിൽ തീരദേശത്തെ യുവാക്കൾക്കും മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകൾക്കും മുൻഗണന

നൽകുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ (റെസ്പോൺസിബിൽ ടൂറിസം മിഷൻ)വഴി പ്രത്യേക പരിശീലന പരിപാടികൾ ആവിഷ്കരിക്കുമോ?

**<u>തോട്ടപ്പള്ളി വിനോദസഞ്ചാര കേന്ദ്രമാക്കുന്നത്</u>**

1164 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായലും കടലും സമ്മേളിക്കുന്നതും പുതിയ ദേശീയപാത കടന്നുപോകുന്നതുമായ തോട്ടപ്പള്ളി സ്പിൽവേ ഭാഗം ഒരു രാജ്യാന്തര വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റാൻ നടപടികൾ ആരംഭിക്കുമോ; വ്യക്തമാക്കാമോ?

**<u>ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ</u>**

1165 **ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പിന് കീഴിൽ കഴിഞ്ഞ അഞ്ചുവർഷത്തിനകത്ത് ഭരണാനുമതി, സാങ്കേതിക അനുമതി ലഭിച്ച വിവിധ പദ്ധതികളിൽ പ്രവൃത്തി പൂരോഗമിച്ചു കൊണ്ടിരിക്കുന്നവ, ആരംഭിക്കാത്തവ എന്നിങ്ങനെ വിവിധ ടൂറിസം പദ്ധതികൾ തരം തിരിച്ച് വിശദമാക്കാമോ;

(ബി) ഇനിയും സാങ്കേതിക അനുമതി ലഭിക്കാത്തതിനാൽ പ്രവൃത്തി ആരംഭിക്കാത്ത ടൂറിസം പദ്ധതികൾ ഉണ്ടെങ്കിൽ വിശദമാക്കാമോ?

**<u>ഗേറ്റ്‌വേ നിലമ്പൂർ - ടൂറിസം പദ്ധതി പുനരാരംഭിക്കുന്നത്</u>**

1166 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 കാലയളവിൽ നിലമ്പൂർ നിയോജക മണ്ഡലത്തിന്റെ പ്രവേശന ഭാഗത്തായി ഗേറ്റ്‌വേ നിലമ്പൂർ എന്ന പേരിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം (കെസ്നിക് ) മൂന്നര കോടി രൂപ ചെലവഴിച്ച് തുടക്കമിട്ട ടൂറിസം പദ്ധതി പകുതി വഴിയിൽ അവസാനിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രകൃതിമനോഹാരിത, പൈതൃകം, ജൈവവൈവിധ്യം എന്നിവയാൽ സമ്പുഷ്ടമായ നിലമ്പൂരിന്റെ വിനോദസഞ്ചാര സാധ്യതകൾ കണക്കിലെടുത്ത് പ്രസ്തുത പദ്ധതി പുനരാരംഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**ഫോർട്ട് കൊച്ചിയിലെ മാലിന്യപ്രശ്നവും അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മയും സമഗ്ര വികസന പദ്ധതികളും**

1167 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകപ്രശസ്ത പൈതൃക ടൂറിസം കേന്ദ്രമായ ഫോർട്ട് കൊച്ചിയുടെ വിവിധ ഭാഗങ്ങളിൽ മാലിന്യക്കൂമ്പാരങ്ങൾ രൂപപ്പെടുന്നതും കടൽത്തീരങ്ങൾ ശുചിത്വരഹിതമായ അവസ്ഥയിലാണെന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) ഫോർട്ട് കൊച്ചി ബീച്ചിലും പരിസരങ്ങളിലും എത്തുന്ന ആഭ്യന്തര-വിദേശ സഞ്ചാരികൾക്കായി ആധുനിക ശൗചാലയങ്ങൾ, വിശ്രമകേന്ദ്രങ്ങൾ, കുടിവെള്ള വിതരണം ഉൾപ്പെടെയുള്ള അത്യാവശ്യ അടിസ്ഥാന സൗകര്യങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) അന്താരാഷ്ട്ര പൈതൃക വിനോദസഞ്ചാര കേന്ദ്രമായ ഫോർട്ട് കൊച്ചിയിലെ ചരിത്രസ്മാരകങ്ങൾ, പൈതൃക കെട്ടിടങ്ങൾ, നടപ്പാതകൾ, പൊതുസ്ഥലങ്ങൾ എന്നിവയുടെ സംരക്ഷണത്തിനും നവീകരണത്തിനുമായി നിലവിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; ഇതിനായി കഴിഞ്ഞ മൂന്ന് വർഷത്തിനിടെ ചെലവഴിച്ച തുകയും വിശദമാക്കാമോ;

(ഡി) ഫോർട്ട് കൊച്ചി–മട്ടാഞ്ചേരി മേഖലയുടെ സമഗ്ര വികസനത്തിനായി പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കാനും അന്താരാഷ്ട്ര നിലവാരത്തിലുള്ള പൈതൃക ടൂറിസം നഗരമായി വികസിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**കുമ്പളങ്ങി മാതൃകാ വിനോദസഞ്ചാര ഗ്രാമത്തിന്റെ പുനരുജ്ജീവനവും വികസനവും**

1168 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ ആദ്യ മാതൃകാ ടൂറിസം ഗ്രാമമായ കുമ്പളങ്ങിയിലെ വികസന പ്രവർത്തനങ്ങൾ പത്ത് വർഷത്തിലേറെയായി കാര്യമായ പുരോഗതിയില്ലാതെ സ്തംഭനാവസ്ഥയിലാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ പത്ത് വർഷത്തിനിടെ ഈ പദ്ധതിക്കായി പുതിയ വികസന പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുമായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും നിലവിൽ പൂർത്തിയാകാതെ കിടക്കുന്ന പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) ദീർഘകാലമായി ഫണ്ട് ലഭ്യമാകാത്തതുമൂലം കുമ്പളങ്ങിയിലെ ഗ്രാമീണ വിനോദസഞ്ചാര മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) കുമ്പളങ്ങിയിലെ പ്രധാന പ്രകൃതിദത്ത വിസ്മയമായ 'കവര് ' കാണാൻ എത്തുന്ന സഞ്ചാരികൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനും ഇതിനെ ആഗോളതലത്തിൽ ബ്രാൻഡ് ചെയ്യാനും പ്രത്യേക പാക്കേജ് അനുവദിക്കുമോ; വിശദമാക്കാമോ?

**<u>പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ വിനോദസഞ്ചാര വികസനം</u>**

1169 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ പാണിയേലി പോര്, കോടനാട് അഭയാരണ്യം, കല്ലിൽ ഗുഹാക്ഷേത്രം, ഇരിങ്ങോൾ കാവ് തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി ടൂറിസം സർക്യൂട്ട് ആരംഭിച്ചാൽ ആയിരക്കണക്കിന് വിനോദസഞ്ചാരികൾ നിത്യേന എത്തുന്ന ഇടമായി ഈ പ്രദേശങ്ങൾ മാറുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം ടൂറിസം വികസനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ വകുപ്പ് കൈക്കൊള്ളുമോ; വ്യക്തമാക്കാമോ;

(ബി) വിനോദസഞ്ചാരത്തിന്റെ ഭാഗമായി പെരിയാറിലൂടെ ബോട്ട് സർവീസ് ഏർപ്പെടുത്തിയാൽ വിനോദസഞ്ചാരികൾക്ക് ഏറെ നയന മനോഹരവും

കാഴ്ചയ്ക്ക് ആസ്വാദ്യകരവുമായ യാത്ര സാധ്യമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായി വകുപ്പിന്റെ നേതൃത്വത്തിൽ പെരിയാറിലൂടെ ബോട്ട് സർവീസ് ആരംഭിക്കുമോ; വ്യക്തമാക്കാമോ?

**വള്ളികുന്നം ചിറ ടൂറിസം പദ്ധതി**

1170 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വള്ളികുന്നം ചിറ ടൂറിസം പദ്ധതി നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

**കടലുകാണി ടൂറിസം വികസന പദ്ധതി**

1171 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ കടലുകാണി ടൂറിസം വികസന പദ്ധതിയുടെ രണ്ടാം ഘട്ടത്തിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**ഡെസ്റ്റിനേഷൻ ചലഞ്ച്**

1172 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിയ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി എത്ര സ്ഥലങ്ങളിൽ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര സ്ഥലങ്ങളിൽ പദ്ധതിപ്രവർത്തനം നടന്നുവരുന്നുണ്ടെന്ന് വിശദമാക്കാമോ;

(സി) ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി കൂടുതൽ പ്രദേശങ്ങളിൽ ഉൾപ്പെടുത്തുന്നതിനായി നടപടി സ്വീകരിക്കുമോ?

**കല്ല്യാശ്ശേരി മണ്ഡലത്തിലെ സാഹസിക പാർക്ക്**

1173 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ ചൂട്ടാട് ബീച്ചിലെ സാഹസിക പാർക്കിന്റെ പ്രവർത്തി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ടൂറിസം പ്രവൃത്തികൾ</u>**

1174 **ശ്രീ. സെബാസ്റ്റ്യൻ. എം. ജെ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന് കീഴിൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ വിശദമാക്കാമോ;

(ബി) എരുമേലി കൊരട്ടി പിൽഗ്രിം അമിനിറ്റി നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**<u>കോതമംഗലം നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ</u>**

1175 **ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനിടെ കോതമംഗലം നിയോജകമണ്ഡലത്തിലെ വിനോദസഞ്ചാരമേഖലയുടെ വികസനത്തിനായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**<u>അമ്യൂസ്മെന്റ് പാർക്കുകളിലെ സുരക്ഷാ ക്രമീകരണം</u>**

1176 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് അമ്യൂസ്മെന്റ് പാർക്കിൽ റൈഡ് പൊട്ടി വീണ് അപകടം ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പാർക്കുകളിൽ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) അമ്യൂസ്മെന്റ് പാർക്കുകളിൽ പാലിക്കേണ്ട സുരക്ഷ ക്രമീകരണങ്ങൾക്കായി പ്രത്യേക നിയമം കൊണ്ടുവരുമോ എന്ന് വ്യക്തമാക്കാമോ?

**വർക്കല മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ**

1177 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരുകളുടെ (2016-21, 2021-26) കാലയളവിൽ വർക്കല മണ്ഡലത്തിൽ വിനോദ സഞ്ചാര വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ;

(ബി) നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാം; അനുവദിച്ച ഫണ്ട് എത്രയെന്ന് വിശദമാക്കാമോ?

**ഒല്ലൂർ നിയോജകമണ്ഡലത്തിലെ ടൂറിസം പ്രവൃത്തികൾ**

1178 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പിന് കീഴിൽ ഒല്ലൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന വിവിധ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

**സാംസ്കാരിക പ്രവർത്തകർക്ക് പെൻഷനും ഇൻഷ്വറൻസും**

1179 **ശ്രീ. പാറക്കൽ അബ്ദുല്ല**
**ശ്രീമതി ഫാത്തിമ തഹിലിയ**
**ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അറുപത് വയസ്സിന് മുകളിലുള്ള സാംസ്കാരിക പ്രവർത്തകരെ സഹായിക്കുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ആലോചനയിലുണ്ടോ; വിശദമാക്കാമോ;

(ബി) ഇവർക്കായി പെൻഷൻ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) സാംസ്കാരിക പ്രവർത്തകർക്ക് ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്താൻ കഴിയുമോയെന്നത് പരിശോധിക്കുമോ?

**സമം പദ്ധതി**

1180 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലിംഗപദവി സമത്വം ലക്ഷ്യമാക്കി മുൻ സർക്കാർ ആവിഷ്കരിച്ച 'സമം' പദ്ധതി ഏതെല്ലാം സാംസ്കാരിക സ്ഥാപനങ്ങൾ മുഖേനയാണ് നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ മൂന്ന് വർഷത്തിനിടെ നടപ്പാക്കിയ പ്രധാന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സ്ത്രീശാക്തീകരണത്തിനായി നടപ്പിലാക്കിയ ബോധവൽക്കരണ പരിപാടികൾ വിശദമാക്കാമോ?

**'നാട്ടരങ്ങ് ' പദ്ധതി**

1181 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പ് നടപ്പാക്കി വരുന്ന 'നാട്ടരങ്ങ് ' പദ്ധതിയുടെ പ്രധാന ലക്ഷ്യം എന്താണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് നാട്ടരങ്ങുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ വകയിരുത്തിയ ബജറ്റ് തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**തനത് കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിന് സ്ഥിരം വേദി**

1182 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ. കെ. ജയന്ത്**
**ശ്രീ. വി. എസ്. ജോയി**
**ശ്രീ. കെ. പി. നൗഷാദ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തനത് കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിന് വേദികൾ ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അറിയിക്കാമോ;

(ബി) പ്രധാനപ്പെട്ട വിനോദസഞ്ചാര മേഖലകളിൽ ഇത്തരം കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിന് സ്ഥിരം വേദികൾ സജ്ജീകരിക്കുമോ; വിശദാംശം നൽകുമോ;

(സി) സീസണുകൾ അല്ലാത്ത സമയത്ത് ഇത്തരം കലാകാരൻമാർ നേരിടുന്ന സാമ്പത്തിക പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി</u>

1183 **ശ്രീ. എൻ. ശക്തൻ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ പരമ്പരാഗത കലാരൂപങ്ങളായ കഥകളി, കൂടിയാട്ടം, തെയ്യം, മോഹിനിയാട്ടം തുടങ്ങിയവ യുവതലമുറയിലേക്ക് എത്തിക്കാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കലാകാരന്മാർക്കും എഴുത്തുകാർക്കും ലഭിക്കുന്ന ക്ഷേമ പദ്ധതികളും പെൻഷൻ ആനുകൂല്യങ്ങളും കൂടുതൽ ഫലപ്രദമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്തെ സാംസ്കാരിക പൈതൃക കേന്ദ്രങ്ങളും ചരിത്ര സ്മാരകങ്ങളും സംരക്ഷിക്കുന്നതിനായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

## <u>കണ്ണപുരം കലാഗ്രാമം പദ്ധതി</u>

1184 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി നിയോജക മണ്ഡലത്തിലെ കണ്ണപുരം കലാഗ്രാമം പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങളിലുണ്ടായ പുരോഗതി വ്യക്തമാക്കാമോ; പദ്ധതിക്കായി ഫണ്ട് അനുവദിക്കാനുള്ള നടപടികൾ ഏത് വരെയായി; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ പദ്ധതികൾ**

1185 **ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് മുഖേന നടപ്പിലാക്കുന്നതും ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച പദ്ധതികളിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നതും നാളിതുവരെ ആരംഭിക്കാത്തവയും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സാങ്കേതിക അനുമതി ലഭിക്കാത്തതിനാൽ മുടങ്ങി കിടക്കുന്ന പദ്ധതികൾ ഉണ്ടെങ്കിൽ ആയവ വിശദമാക്കാമോ?

**പുലയനാർ കോട്ടയിൽ ചരിത്ര സ്മാരക സ്ഥാപനം**

1186 **ശ്രീ. വി. മുരളീധരൻ**
**ശ്രീ. രാജീവ് ചന്ദ്രശേഖർ**
**ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കടകംപള്ളി, ചെറുവക്കൽ വില്ലേജുകളിൽ ഉൾപ്പെടുന്ന പുലയനാർ കോട്ട പ്രദേശത്ത് നൂറ്റാണ്ടുകൾക്ക് മുമ്പ് പുലയ രാജവംശം നിലനിന്നിരുന്നോ; വിശദീകരിക്കാമോ;

(ബി) ഈ പ്രദേശത്ത് പുലയ രാജവംശവുമായി ബന്ധപ്പെട്ട ചരിത്ര സ്മാരകം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പൈതൃക സംരക്ഷണം ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പ്രദേശത്ത് പുലയ രാജവംശ ചരിത്ര സ്മാരകം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് 2023-ൽ പുലയനാർക്കോട്ട സംരക്ഷണ സമിതി സമർപ്പിച്ച നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) വിവിധ കാലഘട്ടങ്ങളിൽ വിവിധ സർക്കാർ സ്ഥാപനങ്ങൾക്ക് പുലയനാർ കോട്ടയിൽ ഭൂമി അനുവദിക്കുകയും സ്വകാര്യ ട്രസ്റ്റുകളും സ്ഥാപനങ്ങളും ഭൂമി കൈവശം വച്ചിരിക്കുകയും ചെയ്യുമ്പോഴും സ്മാരക നിർമ്മാണത്തിനായി സ്ഥലം വിട്ടു നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

**രാമു കാര്യാട്ട് സ്മാരക സിനിമ തിയേറ്റർ**

1187 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-2023 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ അനുവദിച്ച രാമു കാര്യാട്ട് സ്മാരക സിനിമ തിയേറ്റർ സ്ഥാപിക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും സാംസ്കാരിക വകുപ്പിന് ഭൂമി കൈമാറുന്നതിന്റെ നടപടികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ജൂൺ 21, ഞായർ

**ഷാജി സി ബേബി**
സെക്രട്ടറി ഇൻചാർജ്

---

പ്രത്യേക ശ്രദ്ധയ്ക്ക്:

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].